Reg. No. M. 2298

ഒറ്റപ്രതി 2ണ

# സത്യദീപം

"ഞാൻ ലോകത്തിൻെറ ദീപമാകുന്നു; എന്നെ അനുഗമിക്കുന്നവൻ അന്ധകാരത്തിൽ നടക്കുന്നില്ല."

പുസ്തകം 27 | 1129 ധനു 22—ബുധനാഴ്ചതോറും പ്രസിദ്ധപ്പെടുത്തുന്നതു്—എറണാകുളം 1954 ജനവരി 6 | ലക്കം 19

## ആധുനിക രക്തസാക്ഷികൾ

(റവ. ഫാദർ ജേക്കബ് കല്ലറയ്ക്കൽ)

പോളണ്ടിലെ കത്തോലിക്കാ സഭ കമ്മ്യൂണിസ്റ്റുകാരിൽനിന്ന് അനുഭവിക്കുന്ന പീഡനങ്ങളിലും വാർസോയിലെ കർദ്ദിനാൾ സ്റ്റീഫൻ വിഷിൻസ്കി തിരുമേനിയെ സ്ഥാനഭ്രഷ്ടനാക്കിയതിലും മാർപ്പാപ്പാതിരുമനസ്സിലേക്കുള്ള ദുഃഖത്തിൽ തങ്ങളുടെ ഗവർമ്മെൻറുകളും ഭാഗഭാക്കുകളാകുന്നുവെന്ന് വത്തിക്കാനിലുള്ള മുപ്പത്തിരണ്ടു രാജ്യങ്ങളുടെ പ്രതിനിധികൾ നവംബർ 19-ാം തീയതി മാർപ്പാപ്പാ തിരുമേനിയെ സന്ദർശിച്ച് തിരുമനസ്സുണർത്തിക്കുകയുണ്ടായി. കർദ്ദിനാൾ വിഷിൻസ്കിയെ കമ്മ്യൂണിസ്റ്റുകാർ അറസ്റ്റു ചെയ്തതിനെ ശക്തിയായി പ്രതിഷേധിച്ചുകൊണ്ട് 8 കോമൺസ് സഭാംഗങ്ങൾ ബ്രിട്ടീഷ് പാർലമെൻറിൽ ഒരു പ്രമേയം അവതരിപ്പിച്ചു. കർദ്ദിനാളിൻെറ അറസ്റ്റിനെ അമേരിക്കൻ പ്രസിഡൻറ് ഐസനോവർ അതിശക്തിയായി പ്രതിഷേധിച്ചിരിക്കുന്നു. "ചിന്താസ്വാതന്ത്ര്യവും അന്തഃകരണസ്വാതന്ത്ര്യവും സംബന്ധിച്ച മനുഷ്യാവകാശങ്ങളെ കമ്മ്യൂണിസ്റ്റുകാർ ബഹുമാനിക്കുമെന്നതിനു വല്ല സൂചനകളും പ്രതീക്ഷിച്ചിരുന്നവർക്ക് അത്യന്തം നിരാശാജനകമായ ഒന്നാണ് കർദ്ദിനാൾ തിരുമനസ്സിലെ അറസ്റ്റ്" എന്നാണ് പ്രസിഡൻറിൻെറ കത്തിൽ പറഞ്ഞിരിക്കുന്നത്. ചില്ലിയുടെ പ്രതിനിധി പോളണ്ടിലെ മതമർദ്ദനകാര്യം ഐക്യരാഷ്ട്രസമിതിയുടെ മുമ്പാകെ ഉന്നയിക്കാൻ പോകുന്നതായും റിപ്പോർട്ടുണ്ട്.

കർദ്ദിനാൾ വിഷിൻസ്കിയുടെ അറസ്റ്റും സ്ഥാനഭ്രംശവും ഇരുമ്പുമറയ്ക്കുള്ളിൽ നടമാടുന്ന മതമർദ്ദനത്തിൻെറ ഒരുദാഹരണം മാത്രമാണ്. യൂഗോസ്ലാവിയായിലെ കർദ്ദിനാൾ സ്റ്റെപ്പിനാക്ക് ദീർഘമായ കാരാഗൃഹവാസത്തിനുശേഷം ഔദ്യോഗികജോലികൾ നിർവ്വഹിക്കാൻ കഴിയാതെ ഇന്നും ഏകാന്തവാസമനുഭവിക്കുന്നു! ഹങ്കറിയിലെ കർദ്ദിനാൾ മിൻസെന്റി കൽത്തുറുങ്കിനുള്ളിൽ കിടന്നു ഇഞ്ചിഞ്ചായി മരിച്ചുകൊണ്ടിരിക്കുന്നു! ചൈനയിലെ കർദ്ദിനാൾ തിയെൻ ഇന്നും രാജ്യഭ്രഷ്ടനായി കഴിയുകയാണ്! പൂർവ്വയൂറോപ്പിലെ പതിനൊന്നു രാജ്യങ്ങളിലും ചൈനയിലും ശതക്കണക്കിനു മെത്രാന്മാരും സഹസ്രക്കണക്കിനു വൈദികരും, ലക്ഷക്കണക്കിനു വിശ്വാസികളും വധിക്കപ്പെടുകയോ, തടങ്കലിലാക്കപ്പെടുകയോ, നാടുകടത്തപ്പെടുകയോ ചെയ്തിട്ടുണ്ട്. ഇരുമ്പുമറയ്ക്കുള്ളിൽനിന്നു അപൂർണ്ണമായിട്ടുള്ള കണക്കുകളേ കിട്ടുന്നുള്ളു എന്നു വരികിലും അവ സംഭ്രമജനകമായ വസ്തുതകളാണ് വെളിവാക്കുന്നത്. കമ്മ്യൂണിസ്റ്റുകാർ ഭരണം ഏറ്റെടുത്തപ്പോൾ ചൈനയിൽ 5400 വിദേശമിഷനറിമാർ ഉണ്ടായിരുന്നതിൽ ഇപ്പോൾ 871 പേർ മാത്രമേ ശേഷിച്ചിട്ടുള്ളു. ബാക്കിയുള്ളവർ വധിക്കപ്പെടുകയോ നാടുകടത്തപ്പെടുകയോ ആണുണ്ടായത്. ഈ ഒരു വർഷത്തിനിടയ്ക്ക് കമ്മ്യൂണിസ്റ്റുകാർ മൂന്നു കത്തോലിക്കാ സർവ്വകലാശാലകളും 189 ഹൈസ്കൂളുകളും 2811 എലിമെൻററി സ്കൂളുകളും 2243 വേദപാഠശാലകളും പിടിച്ചടക്കിയിട്ടുണ്ട്.

യൂഗോസ്ലാവിയായിൽ നടക്കുന്ന ക്രൂരമർദ്ദനങ്ങളുടെ മാറ്റൊലി ഈയിടെ അവിടെനിന്നു ചോർന്നുപോന്ന ഒരു റിപ്പോർട്ടിലുണ്ട്. ഗവർമ്മെൻറിൻെറ നിയന്ത്രണത്തിലുള്ള വൈദികസംഘത്തിൽ ചേരാൻ വിസമ്മതിച്ച ബിഷപ്പ് ഫ്രാനിക്ക്, ബിഷപ്പ് ബുഡനോവിക്ക്, ബിഷപ്പ് പവ്ലിസിക്ക്, ബിഷപ്പ് സെലിക്ക് എന്നീ മെത്രാന്മാർ ക്രൂരമായ ആക്രമണങ്ങൾക്കും മർദ്ദനങ്ങൾക്കും വിധേയരായി. അവരിൽ ഇടവകസന്ദർശനത്തിനു പുറപ്പെട്ട 80 വയസ്സുള്ള ഒരു മെത്രാൻ യാത്രയിൽ മൂന്നുപ്രാവശ്യം കമ്മ്യൂണിസ്റ്റു ഗുണ്ടാകളുടെ ആക്രമണത്തിനു വിധേയനാകുകയും രക്തത്തിൽ കുളിച്ച് ഒരുതരത്തിൽ സാഗ്രെബിൽ ചെന്നെത്തുകയും ചെയ്തു. ചുരുക്കിപ്പറഞ്ഞാൽ ഏതാണ്ട് 1500 വർഷങ്ങൾക്കിപ്പുറം ഇത്ര കിരാതമായ മതമർദ്ദനം ഭൂമുഖത്തു നടമാടിയിട്ടില്ല. ആദിമശതകങ്ങളിൽ റോമാചക്രവർത്തിമാർ നടത്തിയ കുപ്രസിദ്ധമായ മതപീഡനങ്ങൾപോലും ഇന്നത്തേതിനോടു കിടപിടിക്കുമോ എന്നു സംശയമാണ്.

സഭയ്ക്കെതിരായി അഴിച്ചുവിടപ്പെട്ടിരിക്കുന്ന ഈ സമരത്തിൻെറ രൂക്ഷത മനസ്സിലാക്കിക്കൊണ്ടാണ് നമ്മുടെ പൊതുപിതാവായ മാർപ്പാപ്പാതിരുമേനി പീഡിതരായ സഹോദരന്മാർക്കുവേണ്ടി പ്രാർത്ഥിക്കണമെന്ന് കത്തോലിക്കരേവരേയും ഈയിടെ ഉദ്ബോധിപ്പിച്ചത്. തിരുസ്സഭ ക്രിസ്തുവിൻെറ മൗതികശരീരമാണ്. സഭയുടെ ഏതെങ്കിലും അവയവം പീഡ സഹിക്കുമ്പോൾ സഭ മുഴുവനും പീഡ സഹിക്കുകയാണു ചെയ്യുന്നത്. സഭാതലവനായ മാർപ്പാപ്പായ്ക്ക് തൻെറ ആത്മസന്താനങ്ങൾ രക്തം ചിന്തുകയും പീഡ സഹിക്കുകയും ചെയ്യുന്നതുകണ്ട് അടങ്ങിയിരിപ്പാൻ നിർവ്വാഹമില്ലല്ലോ. മാർപ്പാപ്പായുടെ ഈ ഉദ്ബോധനം ലോകമെങ്ങുമുള്ള കത്തോലിക്കരുടെ കാതുകളിൽ എത്തിച്ച് അവരെ ഒരു പ്രാർത്ഥനാസമരത്തിനു സന്നദ്ധരാക്കുന്നതിനത്രേ മെത്രാന്മാർ ഈ വിഷയത്തെസംബന്ധിച്ച് ഇടയലേഖനങ്ങൾ പുറപ്പെടുവിച്ചിരിക്കുന്നത്. എങ്കിലും കാര്യത്തിൻെറ ഗൗരവം മനസ്സിലാക്കാത്തതുപോലെ ഒരുതരം നിർവ്വികാരതയിലാണ് നാം ഇനിയും കഴിച്ചുകൂട്ടുന്നത്. പത്രപംക്തികളിൽ ഇത്തരം വരു



അറക്കുളം സെൻറ് തോമസ് പള്ളിയുടെ പുതുതായി പണിതീർത്തിരിക്കുന്ന മുഖവാരം

കൾ അനുദിനം നാം വായിക്കുന്നുണ്ട്. പക്ഷെ അവ വേണ്ടിടത്തോളം വികാരോജ്ജ്വലമായ രീതിയിൽ പ്രസിദ്ധീകരിക്കപ്പെടാത്തതുകൊണ്ടോ നമ്മുടെ ഹൃദയശൂന്യതകൊണ്ടോ അവയൊന്നും നമ്മെ അവഗാഢമായി സ്പർശിക്കുന്നില്ല എന്നു പറയേണ്ടിയിരിക്കുന്നു. നമ്മുടെ രക്തത്തിന്റെ രക്തവും അസ്ഥിയുടെ അസ്ഥിയുമായ സഹോദരർ രക്താ ചിന്തുമ്പോൾ, സഭയെ നാമാവശേഷമാക്കുവാൻ ശത്രുക്കൾ കിണഞ്ഞു പരിശ്രമിക്കുമ്പോൾ, തൽപരിഹാരാർത്ഥം നമുക്കൊന്നും ചെയ്യാനില്ലെന്നാണ് ഭാവം. പുരാതനറോമയിൽ നീറോയുടെ കിരാതഭരണകാലത്ത് അന്നത്തെ ഒരു പത്രത്തിൽ സെൻറ് ആഗ്നസിന്റെയോ, സെൻറ് സെബാസ്റ്റ്യന്റെയോ, സെൻറ് ലോറൻസിന്റെയോ രക്തസാക്ഷിത്വത്തെപ്പററിയുള്ള വാർത്ത കൊട്ടത്തിരുന്നുവെന്നുവിചാരിക്കുക. ആദിമക്രിസ്ത്യാനികൾ അലസരായി, വികാരശൂന്യരായി, സഹതാപരഹിതരായി കഴിഞ്ഞുകൂടുമായിരുന്നുവോ?

പക്ഷെ എങ്ങനെയാണ് നമ്മിൽ പലരും ചെയ്യുന്നത്? നീറോയുടെ ലോകത്തിലും നീറോയുടെ കാലത്തിലുമാണ് നാം ജീവിക്കുന്നത്. ആപത്തുകളുടെ മദ്ധ്യേയാണ് നാം ചരിക്കുന്നത്. മതവും സഭാധികാരികളും അവഹേളിക്കപ്പെടുകയും പുറംതള്ളപ്പെടുകയും ചെയ്യുന്നു. അഭിനവ വേദസാക്ഷികൾ ദൈനംദിനം രക്തം ചിന്തി മരിക്കുന്നു. മാർപ്പാപ്പായും സഭയും മാനവവംശത്തിന്റെ എല്ലാ ആദ്ധ്യാത്മികമൂല്യങ്ങൾക്കും എതിരായി വ്യാജപ്രചരണങ്ങളും ആഭാസപ്രസിദ്ധീകരണങ്ങളും വിപുലമായതോതിൽ നടന്നുകൊണ്ടിരിക്കുന്നു. മൃഗീയവികാരങ്ങളെ ഉത്തേജിപ്പിക്കുന്ന പത്രമാസികകളും സിനിമാകളുമേ എവിടെയും കാണാനുള്ളൂ. കർദ്ദിനാളന്മാർ അറസ്റ്റു ചെയ്യപ്പെട്ടുവെന്നോ മെത്രാന്മാർ തടങ്കലിൽ കിടന്നു മരിച്ചുവെന്നോ വൈദികരും വിശ്വാസികളും വധിക്കപ്പെട്ടുവെന്നോ കേട്ടാൽ നമ്മുടെ ധമനികളിലെ രക്തത്തിന്റെ ചൂട് ഒരു ഡിഗ്രിപോലും കൂടുന്നില്ല! പ്രതിഷേധസൂചകമായി ഒരു ചെറുവിരൽപോലും അനക്കാൻ നാം തയ്യാറാകുന്നില്ല! അതു മാത്രമോ? കള്ളപ്രസ്ഥാനക്കാരുടെ കല്ലുവച്ച നുണകൾ അപ്പടി വിഴുങ്ങാനും അശ്ലീലമായ വാരികകൾ വാങ്ങി വായിക്കാനും അക്രമവും വിപ്ലവവും പരത്തുന്ന പത്രങ്ങൾക്കു വരിക്കാരാകാനും ജഡികവികാരങ്ങളെ ഉത്തേജിപ്പിക്കുകയും സ്നേഹാഭാസങ്ങൾക്കു ചെണ്ടകൊട്ടിക്കുകയും ചെയ്യുന്ന സിനിമാകൾ മതിവരുവോളം കണ്ട് കൃതകൃത്യതയടയാനുമാണ് ഭാവമത്രെ! നന്മ ആക്രമിക്കപ്പെടുകയും തിന്മ കൊട്ടിഘോഷിക്കപ്പെടുകയും ചെയ്യുമ്പോൾ ഏതാണ്ടൊരു നിഷ്പക്ഷതാഭാവത്തിൽ പുഞ്ചിരിതൂകുകയോ, അഥവാ "ഞാനേതു മറിഞ്ഞില്ലേ" എന്നമട്ടിൽ മുഖം തിരിച്ചുകളയുകയോ ചെയ്യുന്നതു സാഹസമല്ലേ? ഈ വൈദികനേയോ ആ കന്യാസ്ത്രീയേയോ വധിക്കാനിടയായതു പള്ളിക്കും തൽസ്ഥാപനങ്ങൾക്കും ധാരാളം വസ്തുവകകൾ ഉണ്ടായിട്ടാണ്, അല്ലെങ്കിൽ സഭ ദേശീയവിരുദ്ധമായ കരിങ്കാലിപ്രവർത്തനങ്ങളിൽ ഏർപ്പെട്ടിട്ടാണ് എന്നും മററും പത്രങ്ങളിൽ തട്ടിമൂളിക്കുന്നത് എത്രപേരാണ് കണ്ണുംപൂട്ടിയങ്ങു വിശ്വസിക്കുന്നത്! വസ്തുവകകൾ എന്നു പറയുന്നത് അവർ നടത്തിയിരുന്ന ആശുപത്രികളും അനാഥശാലകളുമാണ്...

# പുസ്തകാഭിപ്രായം

## ഗുരുഗീത

(ഗ്രന്ഥകർത്താ: സാഹിത്യതിലകൻ ഫാദർ സി. കെ. മററം, കെ. എച്ച്. എസ്, കുറവിലങ്ങാട്. ഒന്നാംഭാഗം. പക്ഷം 151. വില 1ക. 8ണ. കാത്തലിക്ക് മിഷൻപ്രസ്സ്, കോട്ടയം.)

തികഞ്ഞ സാഹിത്യഗുണമുള്ള ഇരുപത്തൊന്നു മലയാളഗ്രന്ഥങ്ങളുടെ പ്രണേതാവാണ് പ്രസിദ്ധ തൂലികാകാരനായ സാഹിത്യതിലകൻ ഫാദർ സി. കെ. മററം. വിശുദ്ധ ശ്ലൈഹീകസിംഹാസനത്തിന്റെ മാടമ്പിസ്ഥാനം തിരുസഭയിൽനിന്നും, സാഹിത്യതിലകമകുടം കൊച്ചിമഹാരാജാവിൽനിന്നും കൈവരിച്ച ഈ അനുഗൃഹീതഗ്രന്ഥകാരനെ മലയാളികൾക്കു പരിചയപ്പെടുത്തേണ്ട ആവശ്യംതന്നെയില്ല.

പുതിയ നിയമത്തിൽനിന്ന് ഓരോ ഭാഗങ്ങളെടുത്ത് അനുദിനവായനയ്ക്കായി ക്രമപ്പെടുത്തി സ്വന്തമായി പരിഭാഷയുമുണ്ടാക്കി പ്രസാധനം ചെയ്തിട്ടുള്ളതാണ് ഗുരുഗീത. ഒന്നാംഭാഗത്തിൽ ഡിസമ്പർ, ജാനുവരി, ഫെബ്രുവരി എന്ന മാസങ്ങളിലേക്കുള്ള വായനകളാണ് ചേർത്തിട്ടുള്ളത്. അതേ വായനകൾതന്നെ ജൂൺ, ജൂലായി, ആഗസ്റ്റ് എന്നീ മാസങ്ങളിലും ഉപയോഗിക്കണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. ഓരോ ദിവസത്തേക്കുമുള്ള ഭാഗം രണ്ടു പക്ഷത്തിൽ കവിഞ്ഞിട്ടില്ല.

ഈ പുസ്തകത്തിന്റെ പരിഭാഷയ്ക്കു ഗ്രന്ഥകർത്താവിന്റെ ഇതരകൃതികൾക്കു ലഭിച്ചിട്ടുള്ളതിനെക്കാൾ കൂടുതൽപ്രശംസ യോഗ്യരായ പലരിൽനിന്നും ലഭിച്ചിട്ടുണ്ട്. ഫാദർ മററത്തിന്റെ ശൈലിക്കുള്ള സരളതയായിരി

കളോ കുഷ്ഠരോഗാസ്പത്രികളോ ആണെന്ന് ആരറിയുന്നു? അവിടെ പാവങ്ങളുടെയും രോഗികളുടെയും സേവനത്തിനായി ജീവിതമുഴിഞ്ഞുവച്ച വൈദികരെയും സഹോദരികളെയുമാണ് ക്രൂരമായി വധിച്ചതെന്നുള്ള യാഥാർത്ഥ്യം ആരു മനസ്സിലാക്കാനാണ്?

അങ്ങനെ നാം ജീവിക്കുന്ന കാലത്തിന്റെ ഭീകരത മനസ്സിലാക്കാതെ, വികാരരഹിതരായി നാം മുമ്പോട്ടുപോകുന്നു. അധർമ്മത്തോട് ന്യായമായുണ്ടാകേണ്ട അമർഷം നമ്മിൽ ഇല്ലാതായിരിക്കുന്നു. ഇങ്ങനെ എത്ര നാളത്തേക്ക്? പീഡസഹിക്കുന്ന ആധുനികവേദസാക്ഷികളായ നമ്മുടെ സഹോദരർക്ക് അവരർഹിക്കുന്ന ബഹുമാനവും സഹതാപവും പ്രാർത്ഥനയും നാം നൽകുകതന്നെ വേണം. മതത്തോടും സന്മാർഗ്ഗത്തോടും മനുഷ്യത്വത്തോടുമുള്ള ഈ വെല്ലുവിളി സ്വീകരിക്കുവാൻ നാം തയ്യാറാകണം. ഈശ്വരനും മതത്തിനും മനുഷ്യസ്വാതന്ത്ര്യത്തിനുമെതിരായി അഴിച്ചുവിടപ്പെട്ടിരിക്കുന്ന ഈ മർദ്ദനത്തെ വ്യവസ്ഥാപിതമാർഗ്ഗങ്ങളിൽക്കൂടി നാം പ്രതിഷേധിക്കുകതന്നെ വേണം. നാം പ്രവേശിച്ചിരിക്കുന്ന ഈ മരിയവത്സരത്തിലേക്കു മാർപ്പാപ്പാ നിർദ്ദേശിച്ചുതന്നിരിക്കുന്ന പ്രാർത്ഥനാനിയോഗങ്ങളിലൊന്ന് പീഡസഹിക്കുന്ന സഹോദരർക്കുവേണ്ടി പ്രാർത്ഥിക്കുക എന്നുള്ളതാണ്. ഇതിനായി ഓരോ കത്തോലിക്കനും ഇപ്പോൾത്തന്നെ അണിനിരക്കട്ടെ. വീരന്മാരായ ആധുനികവേദസാക്ഷികളോട് തോളോടുതോൾ ചേർന്നു... നമുക്കു സമരംചെയ്യാം.


# "കാളൻ'സ് ബുള്ളററിൻ"

പഞ്ചഭൂതങ്ങൾ, ത്രിദോഷങ്ങൾ (വാതം, പിത്തം, കഫം), ഉഷ്ണശീതഗുണങ്ങൾ ഷഡ്രസങ്ങൾ(മധുരം,പുളി, ഉപ്പ്, കയ്പ്, എരിവ്, ചവർപ്പ് തുടങ്ങിയവകളേയും, നീർവീഴ്ച, ചുമ,പനി, ക്ഷയം, അർശസ്സ്, പ്രമേഹം, ശ്വാസംമ്പിൾ, വയറുവേദന അസ്ഥിസ്രാവം തുടങ്ങിയ രോഗങ്ങളുടെ ഉത്ഭവകാരണങ്ങളേയും, ഇത്തരം രോഗങ്ങൾമൂലം നിരാശപ്പെട്ടുകഴിയുന്നവരുടെ അനുഭവങ്ങളേയും, രോഗങ്ങളുടെ പ്രതിവിധികളേയും, നിംബാസവം, ദ്രാക്ഷാഘൃതം, ശാരിബാദിതൈലം എന്നീ ഔഷധങ്ങളുടെ ഗുണങ്ങളേയും ഉപയോഗക്രമങ്ങളേയും, പച്ചവെള്ളം, പാൽ, മോര്, മത്സ്യം, മാംസം, ചുക്ക്, ജീരകം മുതലായ ദ്രവ്യങ്ങളുടെ ഗുണങ്ങളേയും മററും പററിയുള്ള വിവരണങ്ങൾ കാളൻ'സ് ബുള്ളററിനിൽ ഉണ്ടായിരിക്കുന്നതാണ്.

1954 ജനുവരിമാസംമുതൽ ഒന്നാം തിയതിയും പതിനഞ്ചാം തിയതിയുമാണ് ബുള്ളററിൻ പ്രസിദ്ധീകരിക്കുകയെന്നും, ആറുമാസത്തേക്കുള്ള വരിസംഖ്യ 1ക. മണിയോർഡറായോ സ്റ്റാമ്പായോ അയക്കുന്നവർക്ക് ബുള്ളററിൻ തപാൽമാർഗ്ഗം അയച്ചുകൊണ്ടിരിക്കുന്നതാണെന്നും വിലാസം അയച്ചുതരുന്ന വായനശാലകൾക്ക് 'സൗജന്യമായി' അയക്കുന്നതാണെന്നും അറിയിച്ചുകൊള്ളുന്നു.

N. B. അനുകരണങ്ങളെ സൂക്ഷിക്കണം. താഴെ കാണുന്ന രണ്ടു വാക്കു മാത്രമേ വിലാസം എഴുതേണ്ടതുള്ളൂ.

കാളൻ, നെല്ലായി


ക്കണം ഈ പ്രശംസകളുടെയെല്ലാം അധിഷ്ഠാനം. സുറിയാനിപ്രേമത്തിൽനിന്നും ലത്തീൻ തൽഭവരൂപങ്ങളിൽ നിന്നുമുള്ള മോചനവും ഹൈന്ദവഗ്രന്ഥകാരന്മാർ പ്രയോഗിക്കുന്ന ശൈലിയുടെ ഉചിതമായ പ്രയോഗവുമാണ് അഭിപ്രായങ്ങൾ എഴുതിയിട്ടുള്ള വൈദികമേലദ്ധ്യക്ഷന്മാരെ ആകർഷിച്ചിട്ടുള്ളതെന്നു തോന്നുന്നു.

ഫാദർ മററത്തിന്റെ ശൈലിയിലുള്ള നൂതനത്വത്തിനു രണ്ടു ഉദാഹരണം ഉദ്ധരിക്കാം. കർത്താവു തന്റെ ദാസിയുടെ എളിമയെ തൃക്കൺപാർത്തു എന്നുള്ള സുപരിചിതവാക്യം ഗുരുഗീതയിൽ ഇപ്രകാരമാണ് പ്രത്യക്ഷപ്പെടുന്നത്: "എന്തെന്നാൽ തന്തിരുവടി സ്വദാസിയുടെ ഹീനതയെ തൃക്കൺപാർത്തു." പുരോഹിതനായ സക്കറിയാസ് തന്റെ പുത്രൻ യോഹന്നാനെപ്പററി പറഞ്ഞ വാക്കുകൾ ഇപ്ര



ഉദ്ദിഷ്ടകാര്യം സാധിച്ചതിനു കൃതജ്ഞത.

വക്കി ജേക്കബ് നെടുങ്കല്ലേൽ, പൈങ്ങോട്ടൂർ

കാരമാണ് പരിഭാഷപ്പെടുത്തിയിരിക്കുന്നത്: "അഹോ, അർഭകാ, നീ അത്യുന്നതന്റെ പ്രവാചകനെന്നു പ്രകീർത്തിക്കപ്പെടും. സമാധാനത്തിന്റെ പാതകളിലൂടെ ജനപദത്തെ നടത്തുവാനും അന്ധകാരത്തിലും മൃത്യുവിന്റെ ഛായയിലും സ്ഥിതിചെയ്യുന്നവരെ പ്രകാശിപ്പിക്കുവാനും ഉന്നതങ്ങളിൽനിന്നുള്ള പ്രാചി നമ്മെ സന്ദർശിക്കുവാൻ ഹേതുവാക്കിയ ദൈവത്തിന്റെ സ്നേഹനിഷ്യന്ദിയായ പ്രസാദം സ്വജനതയുടെ പാപമോചനത്തിനായി രക്ഷാമാർഗ്ഗത്തിന്റെ പ്രബോധനം നൽകുവാനും ഭഗവാന്റെ പദ്ധതികളെ സജ്ജമാക്കുവാനും അദ്ദേഹത്തിന്റെ മുമ്പിൽ നീ ഗമിക്കും." ഈദൃശവാക്യങ്ങളിലെ പദപ്രയോഗങ്ങൾ എല്ലാവർക്കും രുചികരമായിരിക്കുമെന്നു തോന്നുന്നില്ല; എന്നാൽ ഒന്നു സമ്മതിക്കണം; നവ്യമായ ഒരു ശയ്യാഗുണം ഗുരുഗീതയിലെ വേദപുസ്തക സാഹിത്യത്തിനുണ്ട്. ഈദൃശമായ ഒരു ഗ്രന്ഥം പ്രസാധനം ചെയ്ത മാടമ്പി സാഹിത്യതിലകൻ റവ. ഫാദർ മററത്തിനു കൂപ്പുകൈ. T. M.

## തിരുസന്നിധിയിൽ

അഥവാ

## തിരുമണിക്കൂർ

(ഒരു ആരാധനപ്പുസ്തകം. സമ്പാദകൻ: റവ. ഫാ. മാത്യു നടയ്ക്കൽ, പുത്തനങ്ങാടിപ്പള്ളി, ആലപ്പുഴ. പക്ഷം 169. വില 6ണ. സെൻറ് ജോസഫ്സ് പ്രസ്സ്, മാന്നാനം.)

മൂന്നുപ്രാവശ്യം തിരുമണിക്കൂർ ആരാധന നടത്തുന്നതിനു ആവശ്യമായ പ്രാർത്ഥനകളും വായനകളും ചേർത്ത് നിരുത്തിനിരുത്തി ചൊല്ലുന്നതിനു വേണ്ട അടയാളങ്ങളോടുകൂടി ഫാദർ മാത്യു നടയ്ക്കൽ രചിച്ചിട്ടുള്ള ഒരു ചെറിയ പ്രാർത്ഥനാഗ്രന്ഥമാണ് തിരുസന്നിധിയിൽ. ഇതിനകം തിരുമണിക്കൂറിനു ആവശ്യമായ പല പുസ്തകങ്ങളും പ്രസിദ്ധീകൃതമായിട്ടുണ്ട്. എന്നുവരുകിലും പതിവായി തിരുമണിക്കൂർ നടത്തുന്നവർക്കു മാറി മാറി ഉപയോഗിക്കുവാൻ പുതിയ പുതിയ പുസ്തകങ്ങൾ അനുഭവസിദ്ധമായ പരിചയത്തോടെ ആരാധകർക്കു നൽകുന്നതു സമുചിതമാണ്. തിരുമണിക്കൂറിൽ ഉൾക്കൊള്ളേണ്ട ആരാധന, കൃതജ്ഞത, പരിഹാരം, അപേക്ഷ എന്നീ നാലു വശങ്ങളും സമരേഖിച്ചു ധ്യാനത്തിനു അനുയോജ്യമായ സുവിശേഷവായനകളും ചേർത്തു രചിച്ചിട്ടുള്ള ഈ ആരാധനപ്പുസ്തകത്തിനു ഈദൃശഗ്രന്ഥങ്ങളുടെ ഇടയിൽ നല്ല ഒരു സ്ഥാനത്തിനു അവകാശമുണ്ട്. "എന്റെ മിത്രവും" "സുവിശേഷസമാഹാരവും" രചിച്ച ഗ്രന്ഥകാരനു ഇതു ഒരു ഭാരമായിട്ടില്ല. ഭക്തസമ്പ്രദായങ്ങൾ പ്രോത്സാഹിപ്പിക്കുവാൻ ഫാദർ നടയ്ക്കൽ ചെയ്യുന്ന പരിശ്രമങ്ങൾ വിജയപ്രദങ്ങളാകട്ടെ. T. M.

## ആരാധനാ ഗീതങ്ങൾ

(പ്രസാധകൻ: റവ. ഫാദർ മാത്യു നടയ്ക്കൽ. പക്ഷം 40. വില 3ണ ആലപ്പുഴ P. O. സെൻറ് ജോസഫ് സ് പ്രസ്സ്, മാന്നാനം.)

ആരാധനാസമയത്തു കൂട്ടമായി പാടുവാൻ ഉപയോഗിക്കാവുന്ന അമ്പതു ഗാനങ്ങളാണ് ഈ ചെറുഗ്രന്ഥത്തിൽനിന്നു നമുക്കു ലഭിക്കുന്നത്. ഫാദർ മാത്യു ചേന്നാട്ട്, ജേക്കബ് കല്ലറയ്ക്കൽ തുടങ്ങിയ ഗാനകൃത്തുക്കളുടെ ഭക്തിരസനിമ്ന്നമായ പഴയ ഗാനങ്ങളാണ് ഇതിൽ ചേർത്തിട്ടുള്ളത്. ഇംഗ്ലീഷുരാഗങ്ങളും, ഈശോയേ അങ്ങേ ആരാധിക്കുന്നേൻ, ഓ ഈശോ ത്രാണകനേ, വാ വാ ഈശോ, തുടങ്ങിയ എളുപ്പമുള്ള എന്നാൽ മധുരമായ രീതികളും ഇതിൽ ധാരാളമായി ചേർത്തിട്ടുണ്ട്. സിനിമാശാലയുടെ ഓർമ്മ ജനിപ്പിക്കുന്ന ഹിന്ദിരാഗങ്ങളൊന്നും ഇതിൽ സ്വീകരിച്ചിട്ടില്ല. ഭക്തിരസസംദായകമായ ഗാനങ്ങളാണ് ഫാദർ നടയ്ക്കൽ ഈ ചെറുഗ്രന്ഥത്തിൽ ചേർത്തിട്ടുള്ളത്. അദ്ദേഹത്തിന്റെ ആരാധനപ്പുസ്തകത്തിനു യോജിച്ച ഒരു ഗാനാവലിതന്നെ ആരാധനാഗീതങ്ങൾ. പ്രസാധകനു ഹാർദ്ദമായ അനുമോദനം. T. M.


## പ്രതിമാസഗ്രന്ഥക്ലബ്ബ്

അത്യുന്നത കർദ്ദിനാൾ തിരുമനസ്സുകൊണ്ടു ഉൽഘാടനം ചെയ്ത വിലകുറഞ്ഞ പതിപ്പ്

'ഏഴകളുടെ തോഴർ'

പുറം 190—വില 8 ണ. മാത്രം.

ഡിസംബർമാസത്തെ പുസ്തകം

## ബാലനഗരം

ലഘുലേഖ

തൊഴിലാളിനേതാക്കന്മാരും തൊഴിലാളിസംഘടനകളും


## ജനനനിരോധനം

(അസ്സീസി പ്രസിദ്ധീകരണങ്ങൾ M. No: 1. പക്ഷം 60 വില 4ണ. അസ്സീസിപ്രസ്സ്, കൊല്ലം.

"കൃത്രിമമാർഗ്ഗങ്ങളിലൂടെയുള്ള ജനനനിയന്ത്രണത്തിന്റെ ദൂഷ്യവശങ്ങളെ സമ്യക്കായി വിവരിക്കുന്ന ഒരു ചെറുപുസ്തകമാണ് എന്റെ മുമ്പിലിരിക്കുന്ന "ജനനനിരോധനം" എന്നത്രേ ഈ ലഘുലേഖയുടെ അവതാരികയിൽ ഡോക്ടർ മിസിസ്സ് കമലരാമയ്യർ അഭിപ്രായപ്പെട്ടിരിക്കുന്നത്. ഓരോ കുടുംബത്തിലും ഇതിന്റെ ഒരു പ്രതി സ്ഥലംപിടിക്കണമെന്നാണ് അവരുടെ അഭിപ്രായം.

ജനനനിയന്ത്രണം എന്തുകൊണ്ടു തെററാണെന്നും അതുവഴിവരുന്ന കുഴപ്പങ്ങൾ ഏവയാണെന്നും മഹാത്മജി, ആരോഗ്യവകുപ്പുമന്ത്രിണി മുതലായവർ എന്തു പറയുന്നുവെന്നും, നിഷ്ഫലകാലങ്ങളുടെ സ്വഭാവം എന്താണെന്നും ആത്മനിയന്ത്രണം പ്രാപിക്കേണ്ടതിന്റെ ആവശ്യകത എത്രമാത്രമെന്നും സംക്ഷേപമായി എന്നാൽ സരസമായിത്തന്നെ ഈ ഗ്രന്ഥത്തിൽ പ്രതിപാദിച്ചിട്ടുണ്ട്. അസ്സീസിപ്രസിദ്ധീകരണങ്ങൾ നന്നാകാതിരിക്കുക പ്രയാസമാണ്. ഈ ലഘുലേഖയ്ക്കു പ്രചുരപ്രചാരം ആശംസിക്കുന്നു.

T. M.

ചെറുകഥ

# പുഴക്കുത്തേററ പൂമൊട്ട്

(ചാരുമ്മൂട്)

"പഞ്ചാരയുമ്മ, തേനുമ്മ, ചക്കരയുമ്മ, മുട്ടായിയുമ്മ...നൂറുമ്മ." എൻെറ ഇളയ മകൻ സ്റ്റീഫൻ എന്നെ കെട്ടിപ്പിടിച്ചുകൊണ്ട് ഉമ്മ നൽകുകയാണ്. സ്റ്റീഫൻ!—ഞങ്ങൾ അവനെ കുഞ്ഞുമോൻ എന്നാണ് വിളിക്കുക. അവനിപ്പോൾ നാലുവയസ്സു പ്രായമുണ്ട്. അഞ്ചാമത്തെ വയസ്സിൽ എഴുത്തിനിരുത്തണമെന്നാണ് ഞങ്ങൾ കരുതിയിരുന്നത്. എന്നാൽ ഇന്നവൻ ഒന്നാംപാഠം



മുഴുവൻ പഠിച്ചുകഴിഞ്ഞു. സ്കൂളിൽ അയച്ചിട്ടല്ല. വീട്ടിൽ പ്രത്യേകം ട്യൂഷൻ കൊടുത്തിട്ടുമല്ല. മൂത്ത കുട്ടികൾ എഴുതുകയും വായിക്കുകയും ചെയ്യുമ്പോൾ അവനും എഴുതണം. വായിക്കണം. കടലാസും പുസ്തകവും പെൻസിലുമൊക്കെ അവനും വേണം. അവൻെറ ആഗ്രഹങ്ങൾ സാധിച്ചുകൊടുത്തുകൊണ്ടിരുന്നു. കടലാസിൽ അവൻ കുറേ വരകൾ വരയ്ക്കും. അവൻെറ മൂത്ത പെൺകുട്ടി ഒന്നാംപാഠം പഠിക്കുന്നു. ഒന്നാംപാഠത്തിലെ ചിത്രങ്ങൾ കണ്ടും അവയുടെ ശബ്ദങ്ങൾ കേട്ടും എന്താണ്ടൊക്കെ അവനും ഗ്രഹിച്ചു. അവൻ വരയ്ക്കുന്ന 'ഹണാക്ഷര'ങ്ങളെ, "അമ്മ", "അണ്ണ", എന്നിങ്ങനെ അവൻ വ്യവഹരിച്ചു. രണ്ടുനിറം ഉള്ള ഒരു ചായപ്പെൻസിൽ അവൻ കരസ്ഥമാക്കി. കുറേ കടലാസും. അവൻെറ ആഹ്ലാദം! അവൻ ആ നിറഭംഗിയുള്ള ചായം കടലാസിലേക്കു പകന്നു.

ഒരു കടലാസിൽ ഒരു വാക്കു ഞാൻ എഴുതിക്കൊടുത്തു. അതിൻെറ ശബ്ദം പറഞ്ഞുകൊടുത്തു അവനെക്കൊണ്ടു പറയിച്ചു. ആ വാക്കിൻെറ ശബ്ദം ശരിയായി അവനിലൂറച്ചു. ഞാൻ ആ കൈ പിടിച്ചൊന്നെഴുതിച്ചു. അതുപോലെ എഴുതണം. ആ വരകൾക്കു മാത്രമേ ആ ശബ്ദം ഉച്ചരിക്കാവൂ! അർത്ഥമുള്ള ഒരു ശബ്ദം. ആ ശബ്ദത്തിനു് ഒരു ചിത്രം. അതവൻ ഗ്രഹിച്ചു. അവൻ സ്വയം എഴുതി. ഓരോ ദിവസവും ഓരോ വാക്ക്. ഒന്നും രണ്ടും വാക്കുകൾ. ഒരു ഷീററു കടലാസിൽ. നല്ല വലിപ്പത്തിൽ. അങ്ങനെ ഏതാനും മാസങ്ങൾ. ഒന്നാംപാഠം മുഴുവൻ അവൻ പഠിച്ചു. ഇനി രണ്ടാംപാഠമാണ് പഠിക്കേണ്ടതെന്നവനറിയാം. അവനൊരു രണ്ടാംപാഠം വേണം. അവൻെറ ആ ആവശ്യം—ആഗ്രഹം—സാധിച്ചുകൊണ്ടാണിന്നു ഞാൻ വന്നിരിക്കുന്നത്. രാത്രി മണി എട്ടുകഴിഞ്ഞു. ഞാൻ അവനു രണ്ടാംപാഠം സമ്മാനിച്ചു. അതിനു പ്രതിഫലമാണ്, "പഞ്ചാരയുമ്മ, തേനുമ്മ...നൂറുമ്മ."

അവൻ ഒരു ഡോക്ടറാകും പോലും! ആകുമായിരിക്കാം! അവനു് ആ അഭിലാഷമുണ്ടാവാൻ ഒരു കാരണമുണ്ടായി. ഞങ്ങൾ സിനിമ കാണാൻ പോയി. ആ സിനിമയിൽ ഒരു വണ്ടിക്കാരൻെറ മകൻ വക്കീലായി. ആ മാതാപിതാക്കൾ പറഞ്ഞു "വണ്ടിക്കാരൻെറ മകൻ വക്കീലാകു"മെന്നു്. അവൻ വക്കീലായി പിന്നെന്തുകൊണ്ടു് ഒരു വാദ്ധ്യാരുടെ മകനു് ഡോക്ടറായിക്കൂടാ! അവൻ പറയും "സാറിൻെറ മകൻ ഡാക്ടറാകും! കുഞ്ഞുമോൻ—ഡാക്ടർ! സ്റ്റീഫൻ ഡാക്ടർ!" ഞാൻ രോമാഞ്ചമണിയുകയാണ്! എൻെറ ഹൃദയകുഡ്മളം സർവ്വേശ്വരസന്നിധിയിലർപ്പിക്കയാണ്! ആരറിഞ്ഞു, ആരൊക്കെ എങ്ങനെയൊക്കെയാകുമെന്നു്! എൻെറ കുഞ്ഞുങ്ങളെക്കുറിച്ച് എനിക്കെന്തൊക്കെ പ്രതീക്ഷകളാണുള്ളത്! അതൊക്കെ വെളിക്കു പറയുകയോ! അങ്ങനെ ഓരോ കുഞ്ഞുങ്ങളെപ്പററിയും അവരുടെ മാതാപിതാക്കൾക്ക് എന്തെല്ലാം പ്രതീക്ഷകൾ മൊട്ടിട്ടുയരുന്നുണ്ടാവും!


കഷ്ടപ്പെടുന്ന കുഞ്ഞുങ്ങളെ കാണുമ്പോൾ എനിക്ക് അകം തപിക്കയാണ്. ആ കാഴ്ച എനിക്കു സഹ്യമല്ല. അതു് അവരോടുള്ള കരുണകൊണ്ടാണോ? അല്ല. എൻെറ കുഞ്ഞുങ്ങളുടെ ഭാവിയെപ്പററിയുള്ള ചിന്ത. പിച്ചയ്ക്കു കൈനീട്ടുന്ന കുഞ്ഞുങ്ങൾ—വിശന്നു പൊരിയുന്ന ആ ഓമനകൾ!—നഗ്നതമറയ്ക്കാത്ത ആ മാലാഖകൾ—അവരുടെ ദയനീയാവസ്ഥ എന്നെ വേദിപ്പിക്കുകയാണ്. കഴിവനുസരിച്ച് അവർക്കെന്തെങ്കിലും ചെയ്യാതെ എങ്ങനെ കടന്നുപോകും? അതു് ജീവകാരുണ്യപരമായ ഒരു പരോപകാരപ്രകടനമാണോ? അല്ല. ആ കാഴ്ച ഞാനെൻെറ കുഞ്ഞുങ്ങളിൽക്കൂടി ദർശിക്കുമ്പോൾ—എൻെറ കുഞ്ഞുങ്ങളുടെ ഭാവിനന്മയ്ക്കുവേണ്ടിയുള്ള എൻെറ വെറും സ്വാർത്ഥമാത്രപ്രസക്തമായ ഒരു കരുതൽ.

ഞാൻ കുഞ്ഞുങ്ങളുമൊത്തു് ഉല്ലസിച്ചിരിക്കയായിരുന്നു. അത്താഴം കാലമാകുന്നു. കുഞ്ഞുങ്ങളുടെ തള്ള ആ മധുരസമ്മേളനത്തിനു വട്ടം കൂട്ടുകയാണ്. പടിക്കൽ ആരോ തുടരെത്തുടരെ ചുമയ്ക്കുന്നു. എൻെറ പട്ടി കുരയ്ക്കുന്നു. ഞാനിറങ്ങിച്ചെന്നു. ഒരു മനുഷ്യൻ. ആളിനെ വ്യക്തമായി കണ്ടുകൂടാ. ചുമയ്ക്കുന്നതിനിടയ്ക്ക് അയാൾ എന്തൊക്കെയോ പറയുന്നു. ഞാനയാളെ കൂട്ടിക്കൊണ്ടു വന്നു. എൻെറ കുട്ടികൾ അയാളെ സൂക്ഷിച്ചുനോക്കി. അയാൾക്കു സംസാരിക്കാൻ വയ്യ. ചുമതന്നെ ചുമ. വരണ്ടചുമ. ചൂടുള്ള ജീരകവെള്ളം അയാൾക്കു കുടിക്കാൻ കൊടുത്തു. ക്ഷീണം അയാളെ നല്ലവണ്ണം ബാധിച്ചിരുന്നു. വെള്ളം കുടിച്ചുകഴിഞ്ഞു അയാൾ അല്പം സ്വസ്ഥനായി. അത്താഴത്തിൽ അയാൾ പങ്കുകൊണ്ടു. അയാൾ പറഞ്ഞു "രണ്ടുമൂന്നു ദിവസമായി ഭക്ഷണം കഴിച്ചിട്ടെന്നു്". അയാളുടെ കഥയറിയാൻ എൻെറ കുട്ടികൾ ജിജ്ഞാസ പ്രകടിപ്പിച്ചു ഒരു കുട്ടി എന്നോട് ചേർന്നുനിന്നു, 'ഇയാളെന്താപ്പച്ചാ!" എന്നു ചോദ്യമായി. മറെറാരാൾക്ക് ഇയാൾ ഇത്രയേറെ ചുമയ്ക്കുന്നതെന്താണെന്നറിയണം. ഇനിയൊരാൾ "ഇയാൾക്കു വീടില്യോപ്പച്ചാ!" എന്നായി. "ഇങ്ങേർക്കപ്പച്ചനില്യോ!" "വൈദ്യൻെറടുക്കേന്നു മരുന്നു വാങ്ങിച്ചുകുടിച്ചാ ദീനമങ്ങു ഭേദമാകത്തില്യോപ്പച്ചാ!" എന്നിങ്ങനെ കുഞ്ഞുങ്ങളുടെ ചോദ്യവർഷം.

ഞാൻ പറഞ്ഞു: "നിങ്ങൾക്കറിയാനുള്ളതൊക്കെ അയാളെക്കൊണ്ടുതന്നെ പറയിക്കാം, അടങ്ങിയിരിക്കിൻ! കുട്ടികൾ ശാന്തരായി. ചുക്കും കുരുമുളകും ജീരകവും ചേർത്തു തിളപ്പിച്ചു കരുപ്പെട്ടിക്കഷായം അപ്പോഴേക്കും ഭാര്യ കൊണ്ടുവന്നു ഞങ്ങളെല്ലാവരേയും സല്ക്കരിച്ചു. അതിഥിക്കു പ്രിയംകരമായി.

കുഞ്ഞുങ്ങളുടെ ജിജ്ഞാസയും, എൻെറ പ്രസ്താവനയും ഗ്രഹിച്ച വിരുന്നുകാരൻ അല്പനേരത്തെ മൗനത്തിനുശേഷം പറഞ്ഞു: "വർത്തമാനം പറയാൻ തുടങ്ങിയാൽ, ഇപ്പോഴല്പം ശമിച്ചിരിക്കുന്ന ചുമ കൂടുതലാകുമായിരിക്കാം. എങ്കിലും എൻെറ കഥ ഞാൻ പറയാം. അതു കേട്ടാലും ചില ഗുണങ്ങളുണ്ടാകാതിരിക്കയില്ല. മാത്രമല്ല, ഇപ്പോഴെനിക്കല്പം സുഖം തോന്നുന്നുമുണ്ട്. എൻെറ ഹൃദയത്തിൻെറ അസഹനീയമായ ഭാരം തെല്ലു കുറയുന്നതിനു് ഈ കഥപറച്ചിൽ ഉപകരിച്ചെങ്കിലോ!"

അയാൾ കഥ പറയാൻ തുടങ്ങി:—"അപ്പനും അമ്മയും ജ്യേഷ്ഠനും എനിക്കിളയ രണ്ടു പെൺകുട്ടികളുമുൾപ്പെടെ ഞങ്ങൾ ആറുപേരായിരുന്നു. ജ്യേഷ്ഠൻ ഒരു ശുദ്ധ പാവവും അപ്പനെ കണ്ണടച്ചനുസരിക്കുന്ന പ്രകൃതക്കാരനുമായിരുന്നു. നാലഞ്ചുക്ലാസ്സ് പഠിച്ചിട്ട ജ്യേഷ്ഠൻ പഠിത്തമങ്ങു നിർത്തി. കൃഷികാര്യങ്ങളിൽ അപ്പനെ സഹായിക്കാൻ തുടങ്ങി. ജ്യേഷ്ഠൻ പഠിത്തം നിറുത്താൻ രണ്ടു കാരണമുണ്ടായി. ഒന്നു്, പഠിക്കുന്നതിനെക്കാളും കൃഷികാര്യങ്ങളിലായിരുന്നു ജ്യേഷ്ഠനു താല്പര്യം. മറെറാന്നു്, എന്നെ പഠിപ്പിക്കണമെന്നു് അപ്പനും അതനുസരിച്ചു് ജ്യേഷ്ഠനും ഉണ്ടായിരുന്ന താല്പര്യം.




Pray excuse delay.

By a firm believer
Kalady

ഞങ്ങൾ രണ്ടുപേരും സ്കൂളിൽ പോകാൻ തുടങ്ങിയാൽ അപ്പൻ കൂടുതൽ ക്ലേശിക്കേണ്ടിവരുമല്ലോ എന്നു ജ്യേഷ്ഠൻ വിചാരിച്ചു. ഓരോ ക്ലാസിലും തോല്ക്കാതെയുള്ള എൻെറ പഠനം കുടുംബാംഗങ്ങൾക്കെല്ലാം ഉന്മേഷദായകവുമായിരുന്നു. താമസിക്കുന്ന ഭൂമിയും വളരെ കുറച്ചു നിലവും മാത്രമായിരുന്നു ഞങ്ങളുടെ സ്വത്തു്. പഠിത്തത്തിലുള്ള എൻെറ സാമർത്ഥ്യവും കഴിവും അസാമാന്യമാണെന്നു വീട്ടുകാർ ധരിച്ചു അതത്ര ശരിയായിരുന്നില്ല. എന്നാലും തോല്ക്കാതെ ജയിക്കാൻ കഴിഞ്ഞു എന്നുള്ളതു ശരിയുമാണ്. സ്കൂൾഫൈനൽക്ലാസിൽ ആദ്യംകൊല്ലംതന്നെ ജയിച്ചപ്പോൾ ഉപരിപഠനത്തിനു് എന്നെ അയക്കാൻ അപ്പനും ജ്യേഷ്ഠനും ആഗ്രഹിച്ചു. എന്നാൽ അതിനുതക്ക സൗകര്യം ഞങ്ങൾക്കുണ്ടായിരുന്നില്ല. ജ്യേഷ്ഠൻെറയും അപ്പൻെറയും കഷ്ടപ്പാടുകൊണ്ടു കുടുംബം ഒരുവിധം പുലന്നുപോവുകയും, എൻെറ ഹൈസ്കൂൾ വിദ്യാഭ്യാസം വല്ലവിധവും പൂർത്തിയാക്കുകയും ചെയ്യാൻ കഴിഞ്ഞു. എൻെറ ഇളയ പെൺകുട്ടികളും ഹൈസ്കൂൾ ക്ലാസുകളിലേക്കു പ്രവേശിച്ചിരുന്നു. അങ്ങനെ ഞങ്ങളുടെ വിദ്യാഭ്യാസത്തിൻെറ ഭാരം ജ്യേഷ്ഠനും അപ്പനും ദുർവഹമായിരുന്നു. എന്നിട്ടും എന്നെ കോളെജിൽ അയക്കാൻ അപ്പനും ജ്യേഷ്ഠനും അതീവം അഭിലഷിച്ചു. അതു ഞങ്ങളുടെ കഴിവിൽ വളരെ കവിഞ്ഞ ഒരത്യാഗ്രഹമായിരുന്നു. എങ്കിലും അപ്പനും ജ്യേഷ്ഠനും അങ്ങനെ നിശ്ചയിച്ചു. കോളെജ് പ്രവേശനത്തിൻെറ പ്രാരംഭച്ചെലവുകൾക്കു നീക്കിയിരിപ്പുപണം ഇല്ലാതിരുന്നതുകൊണ്ട്, ഞങ്ങൾക്കാകമാനം ഉണ്ടായിരുന്ന അല്പം നിലം നാലു വർഷത്തേക്ക് ഒററികൊടുക്കുകയാണുണ്ടായതു്. കോളെജിൽ പ്രവേശിച്ചു പ്രതിമാസം ഓരോ തുക ഉണ്ടാകേണ്ടിയിരുന്നു. പണമില്ല. പ്രതിമാസവരവുകളൊന്നും ഞങ്ങൾക്കില്ല. വളരെ അധികം ബുദ്ധിമുട്ടിയാൽ കഷ്ടിച്ചു് ആറുമാസം കഞ്ഞിവെള്ളം കുടിക്കാൻ നെല്ലു കിട്ടിയിരുന്ന നിലം അന്യാധീനപ്പെട്ടു. പിന്നെ കൃഷിക്ക് എല്ലാവിധത്തിലും ഉപകരിച്ചിരുന്ന രണ്ടു കാളകളാണുണ്ടായിരുന്നതു്. അതിനെ വിററു. ആ പണവും തീർന്നു. ഒരാണ്ടു തികഞ്ഞില്ല. ഒരു കറവപ്പശു ഉണ്ടായിരുന്നതിനെക്കൂടെ കൊടുത്തപ്പോൾ ഒരാണ്ടു വല്ലവിധവും കഴിച്ചുകൂട്ടി. അപ്പോഴേക്കും വെറും ഗ്രാമീണനായിരുന്ന ഞാൻ അങ്ങനെയല്ലാതായിത്തീർന്നു എന്നുകൂടി പറഞ്ഞുകൊള്ളട്ടെ. ഞാൻ പുകച്ചിരുന്ന സിഗരററ് എൻെറ കുടുംബാംഗങ്ങളുടെ ജീവനെ അല്പാല്പമായി എരിക്കുകയായിരുന്നുവെന്നുള്ളതു മനസ്സിലാക്കാൻ അന്നെനിക്കു കഴിഞ്ഞില്ല. ജ്യേഷ്ഠനും അപ്പനും എന്നെ കാണുമ്പോഴെക്കും അഭിമാനവിജൃംഭിതരാകുമായിരുന്നു. സാധുക്കൾ! അവരെന്തറിഞ്ഞു! അവരുടെ മനോരാജ്യത്തിൽ എന്തൊക്കെയോ ആശാസൗധങ്ങളുയർന്നുകൊണ്ടിരുന്നു. അതുകൊണ്ടു വീട്ടിലെ പ്രയാസങ്ങൾ വകവയ്ക്കാതെ എന്നെ ലക്ഷ്യമാക്കി അവർ രാപകൽ അത്യദ്ധ്വാനംചെയ്തു. കുറേ നേരത്തെ ചുമയ്ക്കുശേഷം വീണ്ടും അയാൾ കഥ തുടങ്ങി:

"കോളെജിലെ രണ്ടാമത്തെ കൊല്ലം. എനിക്കിളയ പെൺകുട്ടികളുടെ പഠിത്തം നിറുത്തേണ്ടിവന്നു. അവർക്കുവേണ്ടി ചെലവിട്ട പണംകൂടി എനിക്കുപയോഗിക്കാമെന്നു കരുതി. പക്ഷേ വീട്ടിലെ സ്ഥിതിഗതികൾ ദിവസത്തിനു ദിവസം മോശപ്പെട്ടുവരികയായിരുന്നു. നിലം കൈയിൽനിന്നുപോയി. പൂട്ടുകാളയില്ല. കറവപ്പശു പോയി. കഷ്ടിച്ചൊരേക്കറോളം ഭൂമിയുള്ളതിൽ അദ്ധ്വാനിച്ചാൽ എന്തെല്ലാം സാധിക്കാനാണ്? പരമ്പരാഗതമായിത്തന്നെ കൂലിവേലയ്ക്കുപോയിട്ടില്ലാത്ത ഞങ്ങളുടെ കുടുംബത്തിൽനിന്നും ജ്യേഷ്ഠൻ ക്രമേണ ഓരോരുത്തർക്കൊ ഓരോരോ വേലയ്ക്കു പോയിത്തുടങ്ങി. ആ കൂലി വാങ്ങിച്ചു സമ്പാദിച്ചുവച്ചിരുന്നു തുകകളാക്കി എന്നെ ഏല്പിച്ചു. ജ്യേഷ്ഠൻെറ ഈ കൂലിവേലക്കാരൻെറ വേഷവും വെറും ഗ്രാമ്യഭാവങ്ങളും എനിക്കു വെറുപ്പുണ്ടാക്കുന്ന വയായിരുന്നെങ്കിലും എനിക്കു പണം ലഭിക്കുന്നതിനു മററു മാർഗ്ഗം ഇല്ലാതിരുന്നതുകൊണ്ടു് ഞാനടങ്ങി. ഒരു കോളെജ് വിദ്യാർത്ഥിയെന്ന നിലയിൽ എനിക്കാവശ്യങ്ങൾ വർദ്ധിച്ചുമിരുന്നു. എങ്ങനെയും രണ്ടാംകൊല്ലം അങ്ങനെയങ്ങു കഴിഞ്ഞു. പരീക്ഷ, പാർട്ടെല്ലാം കിട്ടിയില്ല. എന്തുചെയ്യാം! എന്നാലും എനിക്കായിരുന്നു ഭൂരിപക്ഷം. ക്ലാസ്സു കിട്ടിയവരും മുഴുവൻ പാസായവരും വിരലിലെണ്ണാൻ മാത്രം. പാർട്ടുകിട്ടാനുള്ള ഞങ്ങൾ ഭൂരിപക്ഷം! നിശ്ശേഷം തോററവരും." അയാൾ വീണ്ടും കുറേനേരം ചുമച്ചു. കുടിവെള്ളം കുറച്ചുകൂടി കുടിച്ച് കഥ തുടന്നു.

"ട്യൂട്ടോറിയൽ കോളെജിൽ ചേർന്നു പഠിക്കുന്നതിനു്, ഒററികൊടുത്തിരുന്ന നിലം തീറുകൊടുക്കേണ്ടിവന്നു. പാർട്ട് മുഴുവൻ അങ്ങനെ കിട്ടി. ഇൻറർമീഡിയേററു പാസായി. സീനിയർ ക്ലാസ്സിൽ ചേരണ്ടേ? വീട്ടിലെ സ്ഥിതി ഇനി ഇതിൽപ്പരം കഷ്ടതയിലാവാനില്ല. ജ്യേഷ്ഠൻവേലയെടുത്തും, ശരിയായി ഭക്ഷണമില്ലാതെയും അകാലവാർദ്ധക്യം പ്രാപിച്ചു. വേലചെയ്‌വാൻ ശക്തിയില്ലാതായി. ആർക്കും വേലയ്ക്കു ജ്യേഷ്ഠനെ വേണ്ടാ. അപ്പനോ വൃദ്ധൻ. പോരെങ്കിൽ ഭക്ഷണക്കുറവുകൊണ്ടു് അപ്പൻ നന്നേ അവശനായിരുന്നു. പെൺകുട്ടികൾ രണ്ടും കല്യാണപ്രായം കവിഞ്ഞിരുന്നു. പാവപ്പെട്ട അമ്മ. വീട്ടുമിക്കവാറും പട്ടിണി. എങ്കിലും, എങ്ങനെയും എൻെറ കോളെജ് വിദ്യാഭ്യാസം പൂർത്തിയാക്കാൻ അവരേവരും ഒരുപോലെ ആഗ്രഹിക്കുന്നു. സംഭവിച്ച സാമ്പത്തികനഷ്ടങ്ങളെല്ലാം പരിഹരിച്ച് പതിന്മടങ്ങ് അഭിവൃദ്ധിപ്പെടാനുള്ള മാർഗ്ഗമാണതെന്നു് അവർ വിചാരിച്ചു. എന്തെല്ലാം മോഹനപ്രതീക്ഷകളാണവരിൽ കുടികൊണ്ടിരുന്നതെന്നാക്കറിയാം. അവർ വിചാരിച്ചിരിക്കും, ഞാനൊരു ബി. എ. ക്കാരനാകും ഒരു വലിയ ഉദ്യോഗസ്ഥനാകും. ധാരാളം ശമ്പളംകിട്ടും. കടങ്ങളെല്ലാം തീരും. നഷ്ടപ്പെട്ട വസ്തുവകകൾക്കുപകരം പതിന്മടങ്ങുണ്ടാകും. അപ്പനും അമ്മയ്ക്കും ജ്യേഷ്ഠനും പിന്നെ സുഖം. ഒരു ഗ്രാഡ്വേററിൻെറസഹോദരികൾക്കു യോഗ്യന്മാരായ ഭത്താക്കന്മാരുണ്ടാകും. എല്ലാം സുഖസൗകര്യങ്ങൾ! അങ്ങനെ എന്തെല്ലാം മധുരപ്രതീക്ഷകളായിരിക്കും ആ ഹൃദയപുഷ്പവനങ്ങളിൽ മൊട്ടിട്ടുനിന്നിരുന്നതു്! സരസ്സിൽ കൂമ്പിയുയരുന്ന താമരപോലെ." കുറേ ചുമച്ചതിനുശേഷം അയാൾ കഥ വീണ്ടും തുടന്നു.

"പക്ഷേ സീനിയർ ക്ലാസ്സിൽ ഹാജരാകാൻ കുറേ പണംവേണ്ടേ—! അതിനുള്ള മാർഗ്ഗം! മററുമാർഗ്ഗങ്ങളില്ലാഞ്ഞതിനാൽ താമസിച്ചിരുന്ന വീടും പറമ്പും പണയമെഴുതി. അങ്ങനെ ക്ലാസ്സിൽ ചേർന്നു. നാലഞ്ചുമാസം! വിദ്യാർത്ഥികളുടെ അവശതകളും ആവശ്യങ്ങളും പ്രമാണിച്ചു പല നിവേദനങ്ങളും ഉയരുകയായി. ചില കാര്യങ്ങളിൽ കോളെജധികാരികൾ ഞങ്ങൾക്കു വഴങ്ങുന്ന ലക്ഷണം കണ്ടില്ല. ഞങ്ങൾ—വിദ്യാർത്ഥികൾക്കു വാശിമുഴുത്തു. ഞങ്ങളുടെ ആവശ്യങ്ങൾ സാധിച്ചുകിട്ടേണ്ടതാണ്. ഞങ്ങളുടെ അവശതകൾ പരിഹരിക്കേണ്ടതാണ്. വെളിയിൽനിന്നും ഞങ്ങൾക്കു പ്രോത്സാഹനം ലഭിച്ചു. കോളെജധികാരികളെ കൊമ്പുകുത്തിക്കാൻ നല്ല അവസരം!—ഞങ്ങൾ വ്യാമോഹിച്ചു. ഒരു സ്ട്രൈക്കിനു വേണ്ട അവസരം സൃഷ്ടമായി. പഠിക്കുന്നതിനും പരീക്ഷപാസാകുന്നതിനും വേണ്ട സൗകര്യങ്ങൾ കോളെജധികൃതർ നൽകിക്കൊണ്ടു ഗുണദോഷിച്ചു. ഞങ്ങൾ വകവയ്ക്കാൻപോയില്ല. ഞങ്ങളുടെ അഭിപ്രായങ്ങൾ വില

# അരനേര ഭക്ഷ്യപ്രസ്ഥാനം

(തോമസ് സെബാസ്ത്യൻ ബി. എ., എൽ. ററി.)

...നീണ്ട തലക്കെട്ട് എനിക്കിഷ്ടമല്ല. പക്ഷേ പ്രസ്ഥാനം വളരെ നല്ലതാണു്. അതുകൊണ്ടു് അതേപ്പററി എഴുതാമെന്നുവച്ചു. എൻെറ വികാരി അവർകളുടെ പ്രിയംകരമായ ഒരു പ്രസ്ഥാനമാണിതു്. കാര്യം ഏതാണ്ടിപ്രകാരമാണു്. വെള്ളിയാഴ്ചതോറും ഇടവകയിലെ ജനങ്ങൾ അത്താഴം മററു ദിവസങ്ങളിലേതിൽ പകുതിയാക്കണം. പകുതി അരിവച്ചു് കഞ്ഞിയായി അത്താഴം കഴിക്കുക. ബാക്കി പകുതിയുള്ള അരി ഒരു ഭംഗിയുള്ള പാസ്സറു് ആക്കി ശനിയാഴ്ച പള്ളിയിൽ



കൊണ്ടുവന്നുവയ്ക്കുക. അതു് മൊത്തം ശേഖരിച്ചു്, വിഷമിക്കുന്നവരുടെ ഇടയിൽ വിതരണം നടത്തുക. ഇതാണു പ്രസ്ഥാനത്തിൻെറ ചുരുക്കം.

ഒരു അഭ്യർത്ഥനാരൂപത്തിൽ ഈ കാര്യം അച്ചടിച്ച ഓരോ പ്രതി എല്ലാ വീടുകളിലും വിതരണംചെയ്തു. പാവം, ഞാൻ ആകപ്പാടെ വിഷമിച്ചു. 12 വർഷമായി എല്ലാദിവസവും അരനേരഭക്ഷ്യപ്രസ്ഥാനം നടപ്പാക്കിയിട്ടു്. 1941 ലേതിൽ 9ാംതൽ ദുഃഖവും കൂടുതൽകിട്ടി. ഇനി എന്താണു് വിദ്യ? കുടുംബയോഗംകൂടി. എടയുപക്ഷമില്ലാത്തതുകൊണ്ടു് 100 ശതമാനം വോട്ടും മുഴുനേരഭക്ഷ്യപ്രസ്ഥാനത്തിനു് അനുകൂലമായി—എന്നുപറഞ്ഞാൽ അത്താഴത്തിനു് നെല്ലരിവേണ്ടായെന്നു്—ഒരു വെള്ളിക്കൊലു് കുറുമ്പല്ലും ഉരിപ്പാലും—ഞങ്ങൾ മൂന്നുപേക്കത്താഴമായി—മൂന്നാഴ്ചകഴിഞ്ഞു — ദുഃഖത്തിൽ അല്പംകൂടി മിനുസംകാണുന്നു.

ഇതിനിടയ്ക്കു് ഒരു രഹസ്യാന്വേഷണവും നടത്തി. മററുള്ളവരുടെ അനുഭവംകൂടി അറിയാൻ. രസകരമായ പല വിവരങ്ങളും കിട്ടി—ചിലർ ഈ പ്രസ്ഥാനം അറിഞ്ഞഭാവമേ നടിക്കുന്നില്ല—ചിലർ വെള്ളിയാഴ്ചയും പതിവുപോലെ കാരോദരന്മാരായി ഏമ്പക്കംവിടുന്നുണ്ടെങ്കിലും ഒരു അരിപ്പാസ്സറു് പള്ളിയിൽ കൊടുക്കുന്നുണ്ടു്—ചിലർ അരനേരഭക്ഷണവുമായി കിടന്നിട്ടു് കിടക്കപ്പായു് തിന്നുതീർത്തുകളയുമോ എന്നൊരു ശങ്ക—ചിലർ പ്രസ്ഥാനത്തിലെ തത്വമനുസരിച്ചുതന്നെ ചെയ്തിട്ടു് മിച്ചം കിട്ടുന്ന അരിയിൽ ഒരു ഭാഗം പള്ളിയിലേക്കും മറേറഭാഗം അരിപ്പെട്ടിയിലേക്കും അയക്കുന്നു. ചിലർ അരിപ്പാസ്സറുകൾ വേലക്കാർവശം പള്ളിയിൽ കൊടുത്തയക്കുന്നു. മററും മററും മററും.

ഇതെല്ലാം ഉദ്ദേശിക്കുന്ന ഫലം കിട്ടാത്ത രീതികളാണു്. സാമ്പത്തികമായ ഒരു ത്യാഗം. ശാരീരികമായ ഒരു ത്യാഗം. മനുഷ്യസ്നേഹത്തെപ്രതിയുള്ള ഒരു ത്യാഗം. ദീനാനുകമ്പയാൽ പ്രചോദിതമായ ഒരു ത്യാഗം. ഇതാണു പ്രസ്ഥാനത്തിൻെറ അടിയിൽ കിടക്കുന്ന പുണ്യം. ആ പുണ്യം ലഭിക്കുന്നതിനു് മേല്പറഞ്ഞ രീതികൾ പര്യാപ്തമല്ല. വെള്ളിയാഴ്ചത്തെ ഭക്ഷണം പകുതിയാക്കുമ്പോൾ ശാരീരികമായ ഒരു ത്യാഗം ആകും. അതു് മററുള്ളവർക്കായി വീട്ടുകൊടുക്കുമ്പോൾ സാമ്പത്തികമായ ഒരു ത്യാഗം ആകും. സാധുക്കൾക്കായി കൊടുക്കുമ്പോൾ ദീനാനുകമ്പയാകും. മനുഷ്യസ്നേഹത്തെപ്രതിയുള്ള ത്യാഗമാകും. കുടുംബാംഗങ്ങൾതന്നെ പള്ളിയിൽ കൊണ്ടുപോയി കൊടുക്കുമ്പോൾ വിനയം, മനുഷ്യരാശിയോടുള്ള സമഭാവന എന്നി പുണ്യങ്ങളുമായി.

ഭക്ഷ്യപ്രശ്നം എപ്പോഴും രൂക്ഷമായിത്തന്നെ ഇരിക്കുന്ന തിരു-കൊച്ചിയിൽ ഈ പ്രസ്ഥാനം ഒന്നു പരീക്ഷിക്കപ്പെടേണ്ടതുതന്നെയാണു്. ക്രിസ്ത്യാനികൾ ഇതു പ്രായോഗികമാക്കി, ഇതരമതസ്ഥർകൂടി അനുകരിച്ചാൽ—നമ്മുടെ രാജ്യത്തെ ഭക്ഷണക്ഷാമത്തിൽനിന്നും പട്ടിണിയിൽനിന്നും രക്ഷിക്കാം. നമ്മുടെ സംസ്ഥാനത്തെ പകുതിയാളുകൾ അരനേരഭക്ഷ്യപ്രസ്ഥാനം സ്വീകരിച്ചാൽ ദിവസം പതിനായിരം ചാക്കരി സാധുക്കളുടെ ഇടയിൽ വിതരണത്തിനു് ശേഖരിക്കാൻ കഴിയും.

പിച്ചക്കാരൻപോലും പിച്ചകൊടുക്കണമെന്നാണെൻെറ അഭിപ്രായം. പകലന്തിയോളം തെണ്ടിനടന്നാൽ 10 അണ കിട്ടുമെങ്കിൽ അതിൽ ഒരണ പിച്ചകൊടുക്കണം. ആ സ്ഥിതിക്കു് ഈ പ്രസ്ഥാനത്തിൽനിന്നു് ഒഴിവാകുവാൻ ആരുമുണ്ടെന്നു് തോന്നുന്നില്ല. നമുക്കൊന്നു പരീക്ഷിക്കാം.

---

മതിക്കപ്പെടണം. വിദ്യാർത്ഥികൾ വിചാരിച്ചാൽ എന്താണു സാധിക്കാത്തതു്! ഞങ്ങൾക്കല്ലേ സംഘബലം! ഞങ്ങൾ പഠിക്കുന്നില്ലെങ്കിൽ ഇവർ ആരെ പഠിപ്പിക്കും? കോളെജധികൃതർ ഞങ്ങൾക്കു കീഴടങ്ങണമെന്നു ഞങ്ങൾ ശഠിച്ചു. ഒടുവിൽ വിപ്ലവം രൂപമെടുത്തു. സ്ട്രൈക്കായി. പഠിപ്പുമുടക്കും പിക്കററിംഗും! ഞങ്ങൾ ചിലർ—ഞാനുൾപ്പെടെ—വിപ്ലവത്തിനു നേതൃത്വംനൽകി. വിദ്യാലയാന്തരീക്ഷവും പരിസരങ്ങളും സമാധാനരഹിതമായ ഒരവസ്ഥയിലേക്കധഃപ്പതിച്ചു. സമാധാന സംരക്ഷണത്തിനു് വിദ്യാലയാധികൃതർ പോലീസിൻെറ സഹായം അർത്ഥിച്ചു. എന്തിനു്! ലഘുവായ ഒരു ലാത്തിപ്രയോഗം നടന്നു. എനിക്കും അടികിട്ടി. മുൻപന്തിയിലുണ്ടായിരുന്ന ഞാൻമുതൽപേരെ അറസ്റ്റുചെയ്തു. കേസ്സു് ചാർജ്ജുചെയ്തു ക്ഷമാപണം ചെയ്യാഞ്ഞ ഞങ്ങളിൽ ചിലരെ ശിക്ഷിച്ചു. രണ്ടും മൂന്നും മാസം തടവു്. സ്കൂളിൽനിന്നും ഡിസ്മിസ്." കുറേനേരം ചുമച്ചശേഷം അയാൾ തുടർന്നു:

"മൂന്നുമാസത്തെ ജയിൽവാസത്തിനുശേഷം ഞാൻ പുറത്തുവന്നു. കഷ്ടം! എന്തുപറയട്ടെ! എൻെറ അച്ഛനും അമ്മയും! സ്കൂളിലെ ലാത്തിച്ചാർജ്ജും എൻെറ അറസ്റ്റും!—ആ വാർത്ത ഗ്രഹിച്ചമാത്രയിൽ വാത്സല്യനിധിയായ എൻെറ അച്ഛൻ! ഓമനമകൻെറ ഭാസുരഭാവിക്കുവേണ്ടി ഉണ്ണാതെ, ഉറങ്ങാതെ രാപകലദ്ധ്വാനംചെയ്ത ആ ത്യാഗമൂർത്തി! ഹാ! (അയാൾ വിമ്മിവിമ്മിക്കരഞ്ഞു. ചുമച്ചു.) രണ്ടുമൂന്നു ദിവസങ്ങൾക്കുശേഷം അമ്മയും! പ്രിയപ്പെട്ട ജ്യേഷ്ഠനും അവരെ പിന്തുടർന്നു. അവർക്കൊരു പളുങ്കുപാത്രമുണ്ടായിരുന്നു. അതു പൊട്ടിപ്പോയി. അവരുടെ മാനസസരസ്സിൽ ഒരു പൊൻതാമരമൊട്ടു് ഉയർന്നുവന്നു. പക്ഷേ പൂക്കുന്നതോറ അതു വിരിയാതെ കൊഴിഞ്ഞുപോയി. അവരുടെ ആശാസൗധം തകർന്നു തരിപ്പണമായി. ആ ഭീമമായ വീഴ്ച മൂന്നു ജീവൻ അപഹരിച്ചു. എനിക്കു് ഇളയ പെൺകുട്ടികൾ!... അവരെപ്പററി ആർക്കും ഒന്നും അറിഞ്ഞുകൂടാ! കല്യാണപ്രായമായ പെൺകുട്ടികൾ! വീടും വസ്തുവും പണയാധാരക്കാരൻ കൈവശപ്പെടുത്തി." അയാൾ വീണ്ടുംവീണ്ടും ചുമച്ചു. അയാളുടെ നയനങ്ങളിൽനിന്നും കണ്ണുനീർ ധാരധാരയായി ഒഴുകുന്നുണ്ടായിരുന്നു.

കഥകേട്ടു് സ്തബ്ധരായിരുന്ന എൻെറ കുട്ടികൾ നെടുവീർപ്പിട്ടുകൊണ്ടു ഉറങ്ങാൻപോയി. അന്നു് അയാൾ അവിടെകഴിഞ്ഞു. സൂര്യനുദിച്ചപ്പോൾ ആ പാവം ചുമച്ചുചുമച്ചു് കണ്ണുനീരോടുകൂടി എന്നോടു യാത്രപറഞ്ഞു. വിശാലമായ പെരുവഴിയിലൂടെ മുന്നോട്ടു്. പാവം! ഇനി എന്തു ഗതി? ക്ഷയരോഗി!

—ഠ—

CHAKOLAS
Silk House
ERNAKULAM
OUR NEW TELEPHONE NUMBER
333

ആദ്ധ്യാത്മികവീഥി

# മറുപടിക്കത്തു് (5)

ദൈവത്തിൻെറ വത്സലമക്കളേ,

ഇത്തവണത്തെ മറുപടിക്കത്തു് നന്മനസ്സുള്ള പല യുവാക്കന്മാർക്കും ഉപകാരപ്രദമായിരിക്കുമെന്നു കരുതുന്നു. "Prevention is better than cure"—രോഗം വരാതെ തടയുന്നതാണു് വന്നതിനുശേഷം സുഖപ്പെടുത്തുന്നതിനെക്കാൾ നല്ലതെന്നുള്ള തത്വമനുസരിച്ചു് പ്രവർത്തിക്കുന്നതിനു കുട്ടികളെ പ്രേരിപ്പിക്കുന്നതിനു് ഈ എഴുത്തു സഹായിച്ചിരുന്നെങ്കിൽ!

"ഞാൻ ദുർഭഗനായ ഒരു ഹൈസ്കൂൾ വിദ്യാർത്ഥിയാണു്. അശുദ്ധതയുടെ കുണ്ടിൽക്കിടന്നു ഞാൻ ഉഴലുന്നു. പ്രതിദിനം പല പ്രാവശ്യം ഭയങ്കരപാപങ്ങളിൽ വീഴുന്നതിനിടയാകുന്നുണ്ടു്. എത്ര ശ്രമിച്ചിട്ടും ആ കുഴിയിൽനിന്നും കയറിപ്പോകുവാൻ സാധിക്കുന്നില്ല. ഞാൻതന്നെ വരുത്തിക്കൂട്ടിയ വിപത്താണിതെന്നു് എനിക്കറിയാം. മിഡിൽസ്കൂളിൽ പഠിക്കുമ്പോൾ ഞാൻ നല്ല ഒരു കുട്ടിയായിരുന്നു. എന്നാൽ ഹൈസ്കൂളിൽ കയറിയശേഷം ഞാനൊരു ദുർഭഗനായിത്തീർന്നു. അശുദ്ധതയ്ക്കു് ഇന്നു ഞാൻ ഒരടിമയാണു്. മറെറാരു കാര്യത്തെക്കുറിച്ചും ചിന്തിക്കാൻ എനിക്കു് സാധിക്കുന്നില്ല. വായിക്കാനായി പുസ്തകം തുറന്നു മുൻപിൽ വച്ചിരുന്നാലും വായന മുൻപോട്ടു ഗതിയില്ല. പ്രത്യേക ജോലിയൊന്നുമില്ലാതെ തനിയെ ഇരിക്കുമ്പോൾ എന്നെ അലട്ടിക്കൊണ്ടിരിക്കുന്ന വിചാരപരമ്പരകളെപ്പററി ഞാൻ ലജ്ജിക്കുന്നു. അവയുടെ താളത്തിനൊപ്പിച്ചു തുള്ളിയാണു് അനവധി ദുഷ്ചെയ്തികൾ ഞാൻ പ്രവർത്തിച്ചുപോകുന്നതു്. ഈ രീതിയിൽ തുടങ്ങിയിട്ടു് മൂന്നാലുകൊല്ലമായി. ഇപ്പോഴും എൻെറ ആത്മാവു് ചാവുദോഷത്തിലാണു്. അതിൽനിന്നു മാറാൻ ഞാൻ വളരെ ആഗ്രഹിക്കുന്നു. പക്ഷേ സാധിക്കുന്നില്ല. ഞാനിപ്പോൾ നിരാശയിൽ കഴിയുകയാണു്. എന്നെ രക്ഷിക്കാൻ വല്ല മാർഗ്ഗവുമുണ്ടെങ്കിൽ അച്ചൻ ദയവായി അതു പത്രത്തിലിട്ടാൽ മതി. എൻെറ ഊരും പേരും അറിയിക്കാൻ ഞാൻ ലജ്ജിക്കുന്നു."

ഉത്തരം: ഒന്നാമതുതന്നെ കുഞ്ഞു നിരാശപ്പെടരുതു്. എങ്ങനെയെങ്കിലും ഈ വിഷമസന്ധിയിൽനിന്നു രക്ഷപെടണമെന്നു ആത്മാർത്ഥമായി ആഗ്രഹിക്കുന്നുണ്ടല്ലോ. അതുതന്നെ ഒരു വലിയ ദൈവാനുഗ്രഹമാണു്. ആ ആഗ്രഹംതന്ന ദൈവംതന്നെ ബാക്കിയും ചെയ്തുകൊള്ളും. കുഞ്ഞു സഹകരിച്ചാൽ മാത്രംമതി. മൂന്നാലുകൊല്ലമേ ആയുള്ളല്ലോ ഈ അബദ്ധത്തിൽ ചാടിയിട്ടു്. മുപ്പതിൽപ്പരം കൊല്ലം ഇതിനെക്കാൾ വളരെ കഷ്ടമായി ജീവിച്ചിരുന്ന ഒരു മനുഷ്യൻ അതിൽനിന്നു പരിപൂർണ്ണമായി രക്ഷപ്രാപിച്ചെന്നു മാത്രമല്ല പുണ്യവാനായ ഒരു വൈദികൻപോലും ആയ വൃത്താന്തം ഫാദർ മത്തേയോ ക്രൗലിയിൽനിന്നു ഞാൻതന്നെ കേട്ടിട്ടുണ്ടു്. ആഗസ്തീനോസു് പുണ്യവാൻെറ കാര്യമല്ല, താൻതന്നെ മനസ്സുതിരിച്ച ഒരു പാപിയുടെ കാര്യമാണു് അദ്ദേഹം പറഞ്ഞതു. അതുകൊണ്ടു് കുഞ്ഞു ധൈര്യമായിരിക്കുക. അത്ര കുഴഞ്ഞ കേസൊന്നുമല്ലല്ലോ നിൻേറതു്.

എങ്കിലും മൂന്നുനാലു കൊല്ലത്തെ പഴക്കമുള്ള സ്വഭാവക്കേടായതുകൊണ്ടു് കുറെ ദീർഘമായി ചികിത്സിക്കേണ്ടിവരും. ഒന്നോ രണ്ടോ ആഴ്ചകൊണ്ടോ മാസംകൊണ്ടുതന്നെയോ പൂർണ്ണസുഖം പ്രാപിച്ചില്ലെന്നുവരാം. ഫാദർ ക്രൗലി പറഞ്ഞ മനുഷ്യനെ ഒരു മാസം മുഴുവൻ പ്രതിദിനം കുമ്പസാരിപ്പിച്ചതിനുശേഷം മാത്രമേ വി. കുർബാന കൊടുക്കാൻ അദ്ദേഹം ധൈര്യപ്പെട്ടുള്ളു. കുഞ്ഞിനെ സംബന്ധിച്ചു് അതു വേണ്ടിവരുമെന്നല്ല ഞാൻ പറഞ്ഞതു്. കുമ്പസാരിച്ചതിനുശേഷവും വീഴാൻ ഇടവന്നാൽ പരിഭ്രമിക്കയോ നിരാശപ്പെടുകയോ ചെയ്യാതെ ക്ഷമിച്ചും സഹിച്ചും നല്ല ശരണത്തോടെ മുൻപോട്ടുപോകണമെന്നു മാത്രമേ എനിക്കു വിവക്ഷയുള്ളു.

ഈ രോഗത്തിനു വിശുദ്ധ കൂദാശകളുടെ അടുക്കലടുക്കലുള്ള സ്വീകരണത്തെക്കാൾ വിശേഷമായ മരുന്നൊന്നുമില്ല. അവയുടെ ഫലം കുറഞ്ഞുപോകാതിരിക്കാൻ കുറെ പത്ഥ്യങ്ങൾ ആചരിക്കാനുണ്ടു്. അവ എന്തൊക്കെയാണെന്നു് അടുത്ത എഴുത്തിൽ പറയാം. തല്ക്കാലം കുഞ്ഞിനിഷ്ടമുള്ള ഏതെങ്കിലും ഒരു വൈദികനെ സമീപിച്ചു് എന്നെ അറിയിച്ചിട്ടുള്ള വിവരങ്ങൾ അദ്ദേഹത്തെ ധരിപ്പിച്ചു് അദ്ദേഹത്തിൻെറ നിർദ്ദേശാനുസരണം വേണ്ടതു ചെയ്യണം. എത്ര വീഴ്ചവന്നാലും വീണ്ടും അദ്ദേഹത്തിൻെറ പക്കൽത്തന്നെ ചെല്ലാൻ മടിക്കരുതു്. എപ്പോഴും കുമ്പസാരക്കാരെ മാറിക്കൊണ്ടിരുന്നാൽ ഉദ്ദേശിക്കുന്ന ഫലം കിട്ടുകയില്ല. കുഞ്ഞിനു പരിചയമുള്ള അച്ചനാണു് എന്നു കരുതി സംഗതി തുറന്നുപറയാൻ സംശയിക്കേണ്ടാ. മനുഷ്യരുടെ ബലഹീനത ധാരാളം മനസ്സിലാക്കിയിട്ടുള്ളവരാണു് വൈദികരെന്നു ഓർമ്മിക്കുക.

കുമ്പസാരത്തിനു്, ചെയ്തുപോയ പാപങ്ങൾക്കു് മോചനം നൽകുന്നതിനു പുറമെ, മേലിൽ പാപം ചെയ്യാതിരിക്കാനുള്ള ശക്തിയും നൽകുന്നതിനു പ്രാപ്തിയുണ്ടു്. അതു നല്ലവണ്ണം മനസ്സിലാക്കിക്കൊണ്ടു് ആവശ്യമെങ്കിൽ ആഴ്ചയിൽ പലപ്രാവശ്യം കുമ്പസാരിക്കുന്നതിനു മടിക്കരുതു്.

ശേഷം അടുത്തതിൽ. ദൈവം കുഞ്ഞിനെ അനുഗ്രഹിക്കട്ടെ.

എന്നു്

സ്വന്തം ആത്മപിതാവു്

## അടുത്തയാഴ്ചയിൽ

ജനവരി

10 ഞാ: ദെനഹാ 1-ാം ഞായർ. തിരുക്കുടുംബം
11 തി: ദെനഹാ എട്ടാമിടം
12 ചൊ: അർക്കാദിയൂസ്
13 ബു: വെറോനിക്ക
14 വ്യാ: ഹിലാരിയോസ്
15 വെ: വനവാസി പൗലോസ്
16 ശ: മർസെല്ലോസ്

സഭാചരിത്രപംക്തി(11)

# വിശുദ്ധ പൗലോസ് റോമയിലേക്ക്

(പ്രൊഫസ്സർ പി. ടി. തോമസ് എം. എ.)

60. A. D. യിൽ പൗലോസ് റോമയിലേക്ക് കപ്പൽകയറി. അദ്ദേഹം അപ്പോഴും ഒരു തടവുകാരനായിരുന്നു. ജൂലിയസ് എന്നു പേരായ ഒരു ശതാധിപനും ഒരു ചെറിയ സൈന്യവിഭാഗവും അദ്ദേഹത്തിന്റെ കാവൽക്കാരായി ആ കപ്പലിൽ സ്ഥാനംപിടിച്ചിരുന്നു ടിമോതിയും, ലൂക്കാ(സുവിശേഷകൻ)യും തെസ്സലോണിക്കായിലെ അരിസ്റ്റാർക്കസ് എന്നൊരാളും അതേ കപ്പലിൽത്തന്നെ തങ്ങളുടെ ആരാധ്യനേതാവായ പൗലോസിനോടൊന്നിച്ചു യാത്രചെയ്യുന്നുണ്ടായിരുന്നു. ജൂലിയസ് തടവുകാരനോടു വളരെ മര്യാദയായി പെരുമാറുകയും, സ്നേഹിതന്മാരൊന്നിച്ചു സമയം കഴിക്കുവാൻ അദ്ദേഹത്തെ അനുവദിക്കുകയുംചെയ്തു. ക്രീറ്റ് (Crete) എന്ന ദ്വീപിനു സമീപംവച്ചു ശക്തിയായ ഒരു കൊടുങ്കാറ്റുണ്ടായി. രണ്ടാഴ്ചത്തേക്ക് അതു കപ്പലിനെ രൂക്ഷമായി അടിച്ചുകൊണ്ടിരുന്നു. ഒടുവിൽ മാൾട്ടാ (Malta) ദ്വീപിന്റെ തീരത്തുവച്ചു കപ്പൽ തകർന്നു. എങ്കിലും യാത്രക്കാരെല്ലാവരും ജീവനോടെ രക്ഷപ്പെട്ടു. ഈ അത്യാപത്തിൽ പൗലോസ് പ്രകടിപ്പിച്ച ധൈര്യവും അചഞ്ചലമായ ദൈവവിശ്വാസവും മൂലം അദ്ദേഹം സഹയാത്രക്കാരുടെ അകൈതവമായ ബഹുമാനത്തിനും അഭിനന്ദനങ്ങൾക്കും പാത്രീഭവിച്ചു.

മൂന്നുമാസംകഴിഞ്ഞു വീണ്ടും യാത്രതുടർന്നു. അവസാനം യാത്രാസംഘം ഇററലിയിൽ എത്തിച്ചേർന്നു. പൗലോസിന്റെ ആഗമനയാത്രയറിഞ്ഞ റോമായിലെ ക്രിസ്ത്യാനികൾ സംഘംചേർന്നു അപ്പിയസ്സിന്റെ ഫോറം (Forum of Appius) വരെ വന്നു അദ്ദേഹത്തിനു സ്വാഗതമരുളി. അക്കാലത്തു റോമയിലെ ക്രിസ്ത്യാനികളോടു യാതൊരു വിദ്വേഷവും മാറുള്ളവർ പ്രകടിപ്പിച്ചിരുന്നില്ല. അവർക്കു വലിയ സംഖ്യാബലവും ഇല്ലായിരുന്നു. യഹൂദമതാവലംബികളിൽ ഒരു വിഭാഗമായിട്ടുമാത്രമാണു ക്രിസ്ത്യാനികളെ റോമാക്കാർ അന്നു പരിഗണിച്ചിരുന്നതു്.

പൗലോസ് രണ്ടു സംവത്സരം തടവുകാരനായി റോമയിൽ കഴിച്ചുകൂട്ടി. എന്നാൽ വളരെ ലഘുതരമായ ഒരു തടങ്കൽമാത്രമായിരുന്നു അദ്ദേഹത്തിന്റേതു്. പ്രിട്ടോറിയൻസൈന്യസങ്കേതത്തിനടുത്തുള്ള ഒരു വീട്ടിലാണു അപ്പസ്തോലൻ താമസിച്ചിരുന്നതു്. സ്നേഹിതന്മാരെ അവിടെ സ്വീകരിക്കുന്നതിനും വീടുകളിൽപോയി അവരെ സന്ദർശിക്കുന്നതിനും അദ്ദേഹത്തിനു സ്വാതന്ത്ര്യമുണ്ടായിരുന്നു. എങ്കിലും രാപകൽ ഒരു സൈനികൻ അദ്ദേഹത്തിനു കാവൽനിന്നിരുന്നു. പുറത്തിറങ്ങി സഞ്ചരിക്കുമ്പോൾ അപ്പസ്തോലന്റെ വലംകൈയും കാവൽക്കാരന്റെ ഇടംകൈയും തമ്മിൽ ചങ്ങലകൊണ്ടു ബന്ധിച്ചിരുന്നു. അങ്ങനെ ഒരു തടവുപുള്ളിയായിട്ടാണു കഴിഞ്ഞിരുന്നതെങ്കിലും ദൈവരാജ്യം പ്രസംഗിക്കുന്നതിനും അദ്ദേഹത്തെ സമീപിച്ചവരെയെല്ലാം സുവിശേഷം പഠിപ്പിക്കുന്നതിനും അദ്ദേഹത്തിനു സ്വാതന്ത്ര്യമുണ്ടായിരുന്നു അപ്പസ്തോലന്റെ പ്രയത്നഫലമായി റോമയിലെ ക്രിസ്തീയസമൂഹം എണ്ണത്തിലും വിശ്വാസത്തിലും വളരെ അഭിവൃദ്ധിപ്രാപിച്ചു. 61 A. D. യിലാണു പൗലോസ് റോമയിലെത്തിയതു്. 64 A. D. യിൽ റോമയിൽ വമ്പിച്ച ഒരു ക്രിസ്ത്യൻസമൂഹം ഉണ്ടായിരുന്നതായി ടാസിറ്റസ് (Tacitus) സാക്ഷിക്കുന്നു. ഈ സംഖ്യാവർദ്ധനവും പൂർവാധികം തടവുകാരനായ പൗലോസിന്റെ പ്രേഷിതത്വത്തിന്റെ ഫലമാണെന്നുള്ളതിനു സംശയമില്ല.

ഫിലിപ്പിയാക്കാർക്കു തീയ ലേഖനത്തിൽ താൻ അധികം താമസിയാതെ വിമോചിതനാകുമെന്നുള്ള ഒരു പ്രതീക്ഷ പൗലോസ് പ്രകടിപ്പിച്ചിട്ടുണ്ടു അദ്ദേഹത്തിന്റെ പ്രത്യാശ സഫലീകൃതമായി. റോമാചക്രവർത്തിയായിരുന്ന നീറോയുടെ കോടതി അദ്ദേഹത്തെ സ്വതന്ത്രനാക്കി ഉടൻതന്നെ തന്റെ ചിരകാലാഭിലാഷം അനുസരിച്ചു അപ്പസ്തോലൻ സ്പെയിനിലേക്കു പോയി. അവിടെയും സുവിശേഷം പ്രചരിപ്പിച്ചു. പിന്നീടു ടിമോതിക്കും തീത്തൂസിനും എഴുതിയിട്ടുള്ള ലേഖനങ്ങളിൽനിന്നും മനസ്സിലാകുന്നതു് അദ്ദേഹം പൗരസ്ത്യദേശങ്ങളിലേക്കു മടങ്ങി എന്നാണു്. എഫേസൂസിൽ അദ്ദേഹം കുറേക്കാലം കഴിച്ചു. അവിടത്തെ സഭാകാര്യങ്ങൾ ടിമോതിയെ ചുമതലപ്പെടുത്തി. ക്രീറ്റ് ദ്വീപിൽ (Crete) ഒരു ക്രൈസ്തവസമൂഹം സ്ഥാപിക്കുകയും അതിന്റെ നിയന്ത്രണം തീത്തൂസിനെ ഭരമേല്പിക്കുകയും ചെയ്തു. മിലേത്തൂസിലും ത്രോവാസിലും അദ്ദേഹത്തെ വീണ്ടും നാം കാണുന്നു. അതിനുശേഷമുള്ള അപ്പസ്തോലന്റെ പര്യടനങ്ങളെപ്പററി നമുക്കു സൂക്ഷ്മവിവരങ്ങൾ ഇല്ല.

എന്നാൽ നീറോ ചക്രവർത്തി അഴിച്ചുവിട്ട നാടകീയമായ ക്രിസ്തുമതപീഡനത്തിന്റെ നടുവിൽ ആ വിദേശയാത്രികനെ നമുക്കു വീണ്ടും കാണാം.

(8-ാം പേജ് തുടർച്ച)

വി പ്രമാണിച്ചു ഡിസംബർ 21-ാംനു കൂടിയ കല്ലൂർ ഇടവകക്കാരുടെ അനുമോദനയോഗത്തിൽ അദ്ധ്യക്ഷതവഹിച്ചുകൊണ്ടു തൃശ്ശൂർ മെത്രാൻ മൊറാറ് റവ. ഡോക്ടർ ജോർജ്ജ് ആലപ്പാട്ടു തിരുമേനി പ്രസ്താവിച്ചതു്. പള്ളി വികാരി മോൺ. പോൾ കാക്കശ്ശേരി പി.എച്ച്. ഡി. ഡി. ഡി യോഗത്തിനു സ്വാഗതമാശംസിച്ചു. കല്ലൂർപള്ളി ഇടവകക്കാരുടേതായ അനുമോദനപത്രിക ശ്രീ എം. വി. ജോസഫ് ബി. എ., ബി. എൽ വായിച്ചുസമർപ്പിച്ചു. മരിയാസദ്യം കേരളത്തിൽ ആരംഭിച്ചതു് ജൂബിലേറിയൻ പാറവട്ടി ഇടവകയിൽ ഇരിക്കുമ്പോഴായിരുന്നുവെന്നുള്ള വസ്തുത അനുമോദനപത്രികയിൽ പ്രസ്താവിച്ചിരുന്നു. സ്ഥലം മരിയസംഘങ്ങളുടെ വകയായി ജൂബിലേറിയനു് ഒരു അനുമോദനപൂമെത്തു് സമർപ്പിച്ചു. ജൂബിലേറിയൻ എല്ലാവർക്കും കൃതജ്ഞത പറഞ്ഞുകൊണ്ടു സമുചിതമായി മറുപടിപ്രസംഗം നടത്തി. ഒന്നാമതായിരുന്നു അദ്ധ്യക്ഷപ്രസംഗം. തനിക്കു കാരക്കവകയാണ് ഭരമേല്പിച്ച കാലത്തു് തന്റെ ജന്മദേശമായ കരാഞ്ചിറയിൽ വികാരിയായിരുന്നുകൊണ്ടു ജൂബിലേറിയൻ ചെയ്തിട്ടുള്ള സേവനങ്ങളെ അദ്ധ്യക്ഷൻ തിരുമേനി അനുസ്മരിച്ചു യോഗത്തിൽ ഇടയ്ക്കിടെ ബാലികാബാലന്മാരുടെ വിനോദപ്രകടനങ്ങളും ഗാനാലാപങ്ങളും ഉണ്ടായിരുന്നു.

തെള്ളകം— ഇവിടെ സ്ഥാപിതമായിരിക്കുന്ന സെന്റ് വിൻസെന്റ് ഡി പോൾ, ലീജിയൻ ഓഫ് മേരി, സൊഡാലിററി എന്നീ സഖ്യങ്ങളുടെയും സൺഡേ സ്കൂളിന്റെയും സംയുക്തവാർഷികം ഡിസംബർ 27-ാംനു ഞായറാഴ്ച ഉച്ചകഴിഞ്ഞു 3 മണിക്കു സ്ഥലം സ്കൂൾഹാളിൽവച്ചു റവ. ഫാ. ഫെലിസ്സാവൂസ് ററി ഒ. സി. ഡി, ബി എസ്സ്. സി. എൽ. ററി. അവർകളുടെ മഹനീയാദ്ധ്യക്ഷതയിൽ നടന്നിരിക്കുന്നു. ശ്രീ വി. എം. ജോസഫ് എം. എ. ബി. കോം, ശ്രീമതി ററി. സി. അച്ചാമ്മ ബി എ എന്നിവർ പ്രസംഗിച്ചു

നിറീക്കോട്— സ്ഥലം ചെറുപുഷ്പ മിഷൻലീഗു ശാഖയുടെ പ്രഥമ വാർഷികയോഗം 1953 ഡിസംബർ 27-ാംതീയതി തൃശ്ശിനാപ്പള്ളി സെന്റ് ജോസഫ്സ് കോളേജു പ്രൊഫസർ മി. എൻ. എം. ജോസഫ് അവർകളുടെ അദ്ധ്യക്ഷതയിൽ കൂടി. അയർക്കുന്നം, ചെപ്പുകാലാ, അയർക്കുന്ന്, ആറുമാനൂർ മുതലായ അയൽപ്പള്ളികളിലെ മിഷൻലീഗു ശാഖകളുമായി വന്നുചേർന്നു യോഗത്തിൽ സംബന്ധിച്ചു ഗ്രാമവീഥിയിൽക്കൂടി നടത്തിയ മിഷൻറാലി ആകൃതംവിജയപ്രദമായിരുന്നു മി. പി. എം. എബ്രാഹം ബി. എ. ബി. ററി.. മിഷൻലീഗു് കാർത്തകന്നസർ ബ്രദർ പി. സി. എബ്രാഹം എന്നിവരുടെ പ്രസംഗങ്ങളും ഉണ്ടായിരുന്നു യോഗാനന്തരം ലീഗംഗങ്ങൾ "കുഞ്ഞുരജത്തി" എന്ന ലഘുപ്രഹസനം അഭിനയിക്കുകയുണ്ടായി.

## ജൂബിലേറിയന് അപ്പസ്തോലികാശീർവ്വാദം

എറണാകുളം അതിരൂപതാ മാർസലർ വെരി റവ. മോൺ. വർഗ്ഗീസ് പുതുശ്ശേരി എം എ. അവർകൾക്കു അദ്ദേഹത്തിന്റെ ഗുരുപ്പട്ടജൂബിലി പ്രമാണിച്ചു പരിശുദ്ധ പിതാവു് പന്ത്രണ്ടാം പിയൂസ് മാർപ്പാപ്പാ തിരുമനസ്സുകൊണ്ടു ഒരു പ്രത്യേക ആശീർവ്വാദസന്ദേശം അയച്ചുകൊടുത്തിരിക്കുന്നു പൗരസ്ത്യതിരുസംഘം സെക്രട്ടറി കർദ്ദിനാൾ തിസ്സരാങ്ങു് തിരുമനസ്സുകൊണ്ടു അദ്ദേഹത്തിനു അഭിനന്ദനവും ഭാവുകങ്ങളും രേഖപ്പെടുത്തിയിട്ടുണ്ടു്. വത്തിക്കാനിൽ നിന്നും ഡി 20-ാംനു അയച്ചുകൊടുത്ത കേബിൾ സന്ദേശം ഇപ്രകാരമാണു :-

"പൗരോഹിത്യരജതജൂബിലി ആചരിക്കപ്പെടുന്ന ഈ അവസരത്തിൽ പരിശുദ്ധ പിതാവു താങ്കൾക്കു അപ്പസ്തോലികാശീർവ്വാദം നൽകുന്നു. താങ്കളുടെ വിശ്വസ്തസേവനത്തിലുള്ള അഭിനന്ദനവും ഉത്തമാശംസകളും എന്റെ പേർക്കും സ്വീകരിച്ചാലും —കർദ്ദിനാൾ തിസ്സരാങ്ങു്."

ഈ ജൂബിലിമഹാമഹം ഡി. 26-ാംനു യാണു് ആചരിക്കപ്പെട്ടതു്. ജൂബിലേറിയന്റെ വിനയപൂർവ്വകമായ നിർബന്ധത്തെ ആദരിച്ചു ചടങ്ങുകൾ ഏററം അനാഡംബരമായിട്ടാണു നടന്നതു്. എറണാകുളം മെത്രാപ്പോലീത്താ മഹാഭാഗ്യ ദിവ്യശ്രീ മാർ അഗസ്റ്റിൻ കണ്ടത്തിൽ, സഹായമെത്രാൻ മൊറാറ് റവ. ഡോക്ടർ ജോസഫ് പാറേക്കാട്ടിൽ എന്നീ തിരുമേനിമാരും വരാപ്പുഴ അതിരൂപതാ വികാരിജനറാൾ മൊറാറ് റവ. മോൺ. അലക്സാണ്ടർ ലന്തപ്പറമ്പിൽ, മോൺസിഞ്ഞോറന്മാരായ മൊറാറ് റവ. തോമസ് നെടുങ്കല്ലേൽ, മൊറാറ് റവ. ജോർജ്ജ് വലിയപറമ്പത്തു്, വെരി റവ. കയ്യാക്കോസ് നമ്പ്യാപറമ്പിൽ, വെരി റവ. ജോസഫ് വെളളിങ്ങേരി എന്നിവരുടേയും അനേകം വൈദികരുടേയും ജനങ്ങളുടേയും സാന്നിദ്ധ്യത്തിൽ എറണാകുളം മെത്രാപ്പോലീത്തൻ പള്ളിയിൽ വച്ചു മൊറാറ് റവ. മോൺ. ചെറിയ പോത്തനാംകുഴി അവർകളുടെ പ്രധാനകാർമ്മികത്വത്തിൽ ആഘോഷമായ ഉയിർപ്പുവെരുടെ റാസ നടന്നു. അനന്തരം ജൂബിലേറിയന്റെ പ്രധാനകാർമ്മികത്വത്തിൽ പരിശുദ്ധ കർബാന ആശീർവാദവും "ലാൽ ആഘോഷം" എന്ന സ്തോത്രഗീതവും ഉണ്ടായിരുന്നു. പൗരോഹിത്യത്തിന്റെ മാഹാത്മ്യത്തെ കേന്ദ്രീകരിച്ചും ജൂബിലേറിയന്റെ നിസ്തുലസേവനത്തെ സ്പർശിച്ചും റവ. ഫാദർ മാത്യു മങ്കുഴിക്കരി പ്രസംഗിച്ചു. ഉച്ചയ്ക്കു ജൂബിലേറിയന്റെ വസതിയിൽ നടത്തപ്പെട്ട ലഞ്ചിൽ വരാപ്പുഴ മെത്രാപ്പോലീത്താ തിരുമേനിയും സംബന്ധിക്കുകയുണ്ടായി. ടോസ്റ്റുപ്രസംഗം വെരി റവ. ഫാദർ ചാക്കോച്ചൻ മേനാച്ചേരി ബി. എ. എൽ. ടി. അവർകളാണു നിർവ്വഹിച്ചതു്. മോൺ. പുതുശ്ശേരി ഹ്രസ്വവും മധുരതരവുമായ മറുപടിപ്രസംഗം ചെയ്തു.



## മോൺസിഞ്ഞോർ ലന്തപ്പറമ്പന്റെ പൗരോഹിത്യജൂബിലി

വരാപ്പുഴ അതിരൂപതാ വികാരി ജനറാൾ മോൺ. അലക്സാണ്ടർ ലന്തപ്പറമ്പൻ അവർകളുടെ പൗരോഹിത്യ സുവർണ്ണജൂബിലി ഡിസം. 21-ാംനു സമംഗളം ആഘോഷിക്കപ്പെട്ടു. രാവിലെ വരാപ്പുഴ കത്തീഡ്രൽ ദേവാലയത്തിൽവച്ചു ജൂബിലേറിയനെ മെത്രാപ്പോലീത്താതിരുമേനി പ്രോട്ടോനോട്ടറി അപ്പസ്തോലിക് സ്ഥാനചിഹ്നങ്ങൾ ധരിപ്പിച്ചു. പൊന്തിഫിക്കൽ കർബാനക്കുശേഷം വരാപ്പുഴമെത്രാപ്പോലീത്താ തിരുമേനിയുടെ അദ്ധ്യക്ഷതയിൽ അനുമോദനയോഗം കൂടി.

അന്നു സായാഹ്നം ജൂബിലേറിയന്റെ ബഹുമാനാർത്ഥം സെന്റ് ആൽബർട്ട്സ് കോളേജിൽവച്ചു് നടത്തപ്പെട്ട ടീപാർട്ടിയിൽ എറണാകുളം സഹായമെത്രാൻ, കൊച്ചിമെത്രാൻ എന്നീ തിരുമേനിമാർ, ഹൈക്കോടതി ജഡ്ജിമാർ മുതലായവരുൾപ്പെട്ട മുന്നൂറിൽപ്പരം പ്രമുഖവ്യക്തികൾ സംബന്ധിച്ചു.

## റഷ്യയുടെ ആഗോളപ്ലാൻ

പോളണ്ടിൽനിന്നു ഐക്യരാഷ്ട്രസംഘത്തിലേക്കു് അയക്കപ്പെട്ട പ്രതിനിധിസംഘത്തിലെ ഒരംഗമായ ഡോക്ടർ മാക്ക് കോറോവിക്സ് ഒരു പ്രസ്താവനയിൽ ഇങ്ങനെ പറഞ്ഞു: "സമാധാനം സമാധാനം എന്നു റഷ്യ ആവർത്തിക്കുന്നു. അവരുടെ സുനിശ്ചിതപ്ലാൻ എന്താണെന്നു ഞങ്ങൾക്കറിയാം. 1970 അഥവാ 80 കൊണ്ടു് ലോകമൊട്ടുക്കു് കമ്മ്യൂണിസം വ്യാപിപ്പിക്കാനുള്ള പ്ലാനാണു് സജ്ജമാക്കിയിരിക്കുന്നതു്. ആശ്രിതരാജ്യങ്ങളെല്ലാം ഇതിനനുസരണമായ നടപടികൾ നടത്തിക്കൊള്ളണമെന്നാണു് ആജ്ഞ."

### ബറിയായും കൂട്ടരും വധിക്കപ്പെട്ടു.

സോവ്യററുറഷ്യയിലെ ആഭ്യന്തരവകുപ്പുമന്ത്രിയായിരുന്ന ലവറന്തി ബെറിയായും അദ്ദേഹത്തിന്റെ കൂട്ടുകാരും ഗൂഢാലോചന, രാജ്യദ്രോഹം മുതലായകാര്യങ്ങൾ ആരോപിക്കപ്പെട്ടു് തടങ്കലിലാക്കപ്പെട്ടിരിക്കയായിരുന്നല്ലോ. ഡിസംബർ 23-ാംനു ബെറിയായും അദ്ദേഹത്തിന്റെ സഹകാരികളായ ആറുപേരും വധശിക്ഷയ്ക്കു വിധിക്കപ്പെട്ടതായും ഉടൻതന്നെ വധിക്കപ്പെട്ടതായും മോസ്ക്കോയിൽനിന്നും ഔദ്യോഗികമായി പ്രഖ്യാപിച്ചിരിക്കുന്നു.

Just Received
WEDDING SAREES
WHITE HALL
The Silk Palace
DIRECT IMPORTERS
MATTANCHERRY BROADWAY
Cochin Ernakulam
Maximum Sarees Minimum Price is Our Motto

വിശ്വസ്തതയ്ക്കും മേന്മയ്ക്കും
മികച്ച സ്ഥാപനം
കണിയാമ്പുറം
ബ്രദേഴ്സ്
വാച്ചുകമ്പനി
ബ്രോഡ് വെ—എറണാകുളം

# സത്യദീപം

പത്രാധിപന്മാർ

വെരി റവ. മോൺസിഞ്ഞോർ ജേക്കബ് നടുവത്തുശേരി

റൈററ് റവ. ഡോ. ജോസഫ് പാറേക്കാട്ടിൽ ബി. എ., ഡി. ഡി.

Vol. 27 ‖ ERNAKULAM, JANUARY 6, 1954 ‖ No. 19


# പ്രതിമാസഗ്രന്ഥക്ലബ്ബ്

## വിലകുറഞ്ഞ പതിപ്പിലേക്ക്

പാശ്ചാത്യരാജ്യങ്ങളിലും പാശ്ചാത്യഭാഷകളിലും കത്തോലിക്കരുടെയിടയിൽത്തന്നെ പ്രതിമാസഗ്രന്ഥക്ലബ്ബുകൾ സർവ്വസാധാരണയായിത്തീർന്നിരിക്കുന്നു. കേരളത്തിൽ, നമ്മുടെ മാതൃഭാഷയിൽ, കത്തോലിക്കരുടെ വകയായി ഒരു പ്രതിമാസഗ്രന്ഥക്ലബ്ബ് തുടങ്ങുവാൻ ഈയിടെയെങ്കിലും സാധിച്ചതു് ദൈവാനുഗ്രഹംതന്നെ. നമ്മുടെ പരിശുദ്ധ പിതാവു് 12-ാം പീയൂസ് തിരുമനസ്സിലെ ഉദ്ബോധനമാണു് തൽപ്രവർത്തകരെ അതിനു പ്രേരിപ്പിച്ചതു്. "നാം ജീവിക്കുന്നതു് സിനിമായുടേയും ടെലവിഷൻേറയും കാലഘട്ടത്തിലാണു്......ഈ മാനസികവിനോദങ്ങൾ ഗ്രന്ഥങ്ങളുടെ ആവശ്യകതയെ വർദ്ധമാനമാക്കിത്തീർത്തിരിക്കുന്നു......ആകയാൽ കാര്യങ്ങൾ കൂടുതൽ ആഴമായി മനസ്സിലാക്കുവാൻ ജനങ്ങളെ അഭ്യസിപ്പിക്കേണ്ടതും, ചിന്തിക്കുവാനും പര്യാലോചിക്കുവാനും അവരെ പഠിപ്പിക്കേണ്ടതുമായ സദ്ഗ്രന്ഥങ്ങളുടെ പ്രവർത്തനത്തിനു് പൂർവ്വാധികം പ്രാധാന്യമുണ്ടു്." നമ്മുടെ പ്രതിമാസഗ്രന്ഥക്ലബ്ബിനു് സർവ്വത്ര ഹാർദ്ദമായ സ്വാഗതം ലഭിച്ചുകാണുന്നതു് സന്തോഷകരംതന്നെ. സർവ്വോപരി നമ്മുടെ അഭിവന്ദ്യന്മാരായ വൈദികാദ്ധ്യക്ഷന്മാരെല്ലാവരുടേയും ആശംസകളും അനുഗ്രഹങ്ങളും സഹായങ്ങളും അതിന്റെ പ്രവർത്തനത്തിനു് ഉത്തേജനം നൽകിക്കൊണ്ടുപോരുന്നു. ക്ലബ്ബിൽനിന്നു് ഇതിനകം 17 ഗ്രന്ഥങ്ങൾ പ്രസിദ്ധപ്പെടുത്തി; അവയുടെ ഏകദേശം 21000 പ്രതികൾ വിതരണംചെയ്തു. പ്രതിവർഷം 18 രൂപാ (24 കുറച്ചു 18 ആക്കി) മുൻകൂർ അടയ്ക്കുന്ന വരിക്കാർക്കു് ഗ്രന്ഥങ്ങൾ മാസംതോറും മുറയ്ക്കു് വിതരണം ചെയ്യുന്നതിനും പുറമെ, തൊഴിലാളികളുടെ ചില ലൈബ്രറികൾക്കും അകത്തോലിക്കരുടെ ചില കുടുംബങ്ങൾക്കും സൗജന്യമായി അവ അയച്ചുകൊടുക്കുന്നുണ്ടു്. ക്ലബ്ബ് തുടങ്ങിയ വർഷത്തിന്റെ അവസാനത്തിൽ വരിക്കാരുടെ സംഖ്യ 700 ആയിരുന്നതു് ഇപ്പോൾ 1200-ൽപ്പരമായി വർദ്ധിച്ചിരിക്കുന്നു. ഈ ഗ്രന്ഥവിതരണത്തിന്റെ ചെലവു മുഴുവൻ വരിപ്പണംകൊണ്ടു് അടയാൻ കഴിയാത്തതിനാൽ ക്ലബ്ബിന്റെ പ്രവർത്തനത്തിൽ വളരെ നഷ്ടമുണ്ടായിട്ടുള്ളതെന്നറിയുന്നു. ആയുഷ്കാലവരിക്കാരായി ചേരുവാൻ തിരുവുള്ളമുണ്ടായ അഭിവന്ദ്യ വൈദികാദ്ധ്യക്ഷന്മാർ അതുവഴി നൽകിയ കാലോചിതസഹായവും, ഉദാരമതിയായ ക്ലബ്ബ് പ്രസിഡൻറിന്റെ സൗജന്യദാനങ്ങളും ഉണ്ടായിരുന്നില്ലെങ്കിൽ ക്ലബ്ബിന്റെ പ്രവർത്തനം പണ്ടേ നിലച്ചുപോയേനെ.

### കർദ്ദിനാൾ തിരുമേനിയുടെ താല്പര്യം

എന്നാൽ ക്ലബ്ബിനു് ഒരു നല്ല ഭാവി കൈവരുത്തുവാൻ തികച്ചും പര്യാപ്തമായ ഒരു മഹാഭാഗ്യം ദൈവപരിപാലനയിൽ അതിനു സംലബ്ധമായിട്ടുണ്ടു്. പൗരസ്ത്യതിരുസംഘത്തിന്റെ സെക്രട്ടറിയും കർദ്ദിനാൾസംഘത്തിന്റെ ഡീനുമായ അത്യുന്നത കർദ്ദിനാൾ തിസ്സെരാങ്ങ് തിരുമേനി ക്ലബ്ബിന്റെ കാര്യത്തിൽ പ്രദർശിപ്പിക്കുന്ന പൈതൃകമായ താല്പര്യമാണതു്. റോമയിൽനിന്നു് പുറപ്പെടുന്നതിനു് മുമ്പുതന്നെ കഴിഞ്ഞ സെപ്റ്റംബറിൽ തിരുമേനി ക്ലബ്ബിനു് കാരുണ്യപൂർവ്വം ഒരു സന്ദേശം അയച്ചുകൊടുത്തതും പൗരസ്ത്യതിരുസംഘത്തിന്റെ ലൈബ്രറിയെ ക്ലബ്ബിന്റെ സ്ഥിരവരിക്കാരുടെ ഗണത്തിൽ ചേർക്കണമെന്നു് ദയാപുരസ്സരം ആവശ്യപ്പെട്ടതും ഈ പംക്തികളിൽ പ്രസ്താവിച്ചിട്ടുള്ളതാണല്ലോ. അതുകൊണ്ടും തൃപ്തിപ്പെടാതെ തിരുമേനി നമ്മുടെയിടയിൽ ചെലവഴിച്ച ഏററവും ശ്രമകരങ്ങളായ ദിവസങ്ങൾക്കിടയിൽ കുറെസമയം ക്ലബ്ബിന്റെ പാവപ്പെട്ട ആഫീസു് സന്ദർശിക്കുവാനും ഏയേംതുറന്നു് ക്ലബ്ബ് പ്രവർത്തനങ്ങളെ അനുഗ്രഹിക്കുവാനും സ്വമേധയാ തിരുവുള്ളമുണ്ടായി. തദവസരത്തിൽ ക്ലബ്ബുവകയായി സമർപ്പിച്ച മംഗളപത്രത്തിനു് മറുപടിയായി തിരുമേനി അരുളിച്ചെയ്ത വാക്കുകൾ ക്ലബ്ബിന്റെ ചരിത്രത്തിൽ സുവർണ്ണലിപികളിൽ രേഖപ്പെടുത്തപ്പെടേണ്ടവതന്നെയാണു്.

"ഇവിടെ നിങ്ങളുടെ മദ്ധ്യത്തിൽ ഇന്നു സന്നിഹിതനാകുവാൻ സാധിച്ചതിൽ എനിക്കു് അപാരമായ സന്തോഷമുണ്ടു്. ഏതാനും മാസങ്ങൾക്കു മുൻപു് ക്ലബ്ബിൽനിന്നും പ്രസിദ്ധംചെയ്ത ഒരു സെററു് പുസ്തകങ്ങൾ എനിക്കു കിട്ടിയപ്പോൾത്തന്നെ ഈ പ്രതിമാസഗ്രന്ഥക്ലബ്ബിനെക്കുറിച്ചു് അറിവാൻ എനിക്കു് ഇടയായിട്ടുണ്ടു്. ഈ ക്ലബ്ബിന്റെ പ്രവർത്തനസാദ്ധ്യത ഞാൻ തികച്ചും മനസ്സിലാക്കിയിരുന്നു. ഇത്തരമൊരു ക്ലബ്ബിന്റെ സ്ഥാപനത്തിൽ ഏതാനും വ്യക്തികൾ മുൻകൈയെടുത്തു് പരിശ്രമിച്ചതിൽ ഞാൻ അത്യന്തം സന്തോഷിക്കുന്നു. നിശ്ചയമായും ഇതൊരു വിശിഷ്ടവും സന്ദർഭോചിതവുമായ പ്രസ്ഥാനമാണു്. സർവ്വഥാ സദുദ്ദേശപരമായ ഈ പരിശ്രമം ഈ രാജ്യത്തെ ജനങ്ങൾക്കു് ഏററവും അത്യാവശ്യകമായ സഹായവും മാർഗ്ഗദർശനവും നൽകുമെന്നുള്ളതിൽ എനിക്കു സംശയമില്ല. ഈ പ്രദേശത്തുള്ളവർക്കു മാത്രമല്ല, കേരളമൊട്ടുക്കുമുള്ള ജനങ്ങൾക്കും ഇതൊരു മഹത്തായ സേവനമായിത്തീരുമെന്നു് എനിക്കു് ദൃഢവിശ്വാസമുണ്ടു്. നിങ്ങളുടെ ക്ലബ്ബിനു് സർവ്വവിജയങ്ങളും സിദ്ധിക്കുവാനും ധാരാളം വരിക്കാർ ഉണ്ടായിക്കാണുവാനും ഞാൻ ആഗ്രഹിക്കുന്നു. അസംഖ്യം ജനങ്ങൾ നിങ്ങളുടെ പുസ്തകങ്ങൾ വാങ്ങിക്കണമെന്നും എനിക്കു് ആഗ്രഹമുണ്ടു്."

കർദ്ദിനാൾ തിരുമേനിയുടെ കരുണാസമ്പൂർണ്ണമായ ഈ സന്ദർശനത്തേയും അനുഗ്രഹാശംസകളേയും പുരസ്കരിച്ചു്, ക്ലബ്ബിന്റെ ഗുണകാംക്ഷികളെന്ന നിലയിൽ, തങ്ങളുടെ ഹൃദയത്തിൽ ഉദിച്ചുയരുന്ന വികാരങ്ങളെ, ക്ലബ്ബിന്റെ പത്രാധിപസമിതിയിലെ ഒരംഗമെന്ന നിലയിൽ തിരുമേനിക്കു് കൃതജ്ഞതപ്രദർശിപ്പിച്ച മിസ്റ്റർ കെ. സി. ചാക്കോയുടെ ശ്രദ്ധേയങ്ങളായ വാക്കുകളിൽ പ്രകാശിപ്പിക്കുന്നതു് സമുചിതമായിരിക്കും.

"എനിക്കിപ്പോൾ സ്മൃതിപഥത്തിലുദിക്കുന്നതു് ഒരു സുവിശേഷവാക്യമാണു്, "കർത്താവേ, എന്റെ ഭവനത്തിൽ അങ്ങെഴുന്നെള്ളുവാൻ ഞാൻ യോഗ്യനല്ല." കർദ്ദിനാൾ തിരുമേനി പ്രതിമാസഗ്രന്ഥക്ലബ്ബിന്റെ ആഫീസു് സന്ദർശിക്കണമെന്ന ആഗ്രഹം പ്രകടിപ്പിച്ചപ്പോൾ ക്ലബ്ബിന്റെ സാധുവായ സെക്രട്ടറി വല്ലാതെ പരിഭ്രമിച്ചുവിവശനായിപ്പോയി. വാസ്തവം പറഞ്ഞാൽ ക്ലബ്ബിനു് ശരിയായ ഒരു ആഫീസു് ഇല്ലെന്നും ക്ലബ്ബിന്റെ ജോലികൾ നിർവ്വഹിച്ചുപോരുന്നതു് അദ്ദേഹത്തിന്റെ എളിയ ഭവനത്തിന്റെ ഒരു ഭാഗത്താണെന്നും അതു കർദ്ദിനാളന്മാരുടെ ഡീൻ തിരുമേനിയെപ്പോലെ സമുന്നതനായ ഒരു വ്യക്തിയെ സ്വീകരിക്കുവാൻ അർഹതയുള്ളതല്ലെന്നും അദ്ദേഹം തിരുമനസ്സറിയിച്ചു. എന്നാൽ തിരുമേനിയെ തന്റെ നിശ്ചയത്തിൽനിന്നു പ്രതിനിവർത്തിപ്പിക്കുക പ്രയാസമായിരുന്നു. പ്രസിദ്ധീകരണപ്രേഷിതവൃത്തിപോലെ ഫലപ്രദമായ ഒരു കാര്യത്തിൽ ഒന്നുംതന്നെ തിരുമേനിക്കു് അല്പമോ, നിസ്സാരമോ, ഹീനമോ ആയിരുന്നില്ല. തന്റെ സന്ദർശനത്തിന്റെ ഫലം അനുഗ്രഹപ്രദവും ജീവദായകവുമാകുന്നപക്ഷം സാഹചര്യങ്ങളുടെ അധഃസ്ഥിതി കൂടുതൽ പ്രിയങ്കരമായിട്ടാണു് സഖേവൂസിന്റേയും ജെയ്റൂസിന്റേയും ഭവനങ്ങൾ സന്ദർശിച്ച ദിവ്യഗുരുവിന്റെ വിശിഷ്ടശിഷ്യനായ തിരുമേനിക്കു തോന്നിയതു്. ഇങ്ങനെയാണു് ഈ പാവപ്പെട്ട ഭവനത്തിൽ നമ്മുടെ മുമ്പിൽ കർദ്ദിനാൾ തിരുമേനി സന്നിഹിതനാവാനിടയായതു്.

"മഹോന്നത തിരുമേനി, അവിടുത്തെ മഹത്വമേറിയതും സുപ്രധാനവുമായ ഈ ദാക്ഷിണ്യം ഈ വിനീതമായ ക്ലബ്ബിനു് ആശിക്കാൻകൂടി കഴിയുന്നതിൽ വളരെ കവിഞ്ഞതാണെന്നു നന്ദിപൂർവ്വം ഏററുപറയുവാൻ ഞാനാഗ്രഹിക്കുന്നു. തിരുമേനിയുടെ അസാധാരണമായ ഈ സന്ദർശനം അനുദ്ധതമായ ഈ പരിശ്രമത്തിന്റെ മഹത്തായ പ്രയോജനത്തിലേക്കു് പൊതുജനങ്ങളുടെ കണ്ണുതുറപ്പിക്കുവാൻ പര്യാപ്തമായിത്തീരുകതന്നെ ചെയ്യും. ഏതു സംരംഭത്തിനും ലഭിക്കാവുന്ന ഏററവും വലിയ പരസ്യം അതാണല്ലോ."

### വിലകുറഞ്ഞ പതിപ്പിന്റെ ഉൽഘാടനം

കമ്മ്യൂണിസ്റ്റുകാരുടെ പ്രധാനായുധം വിലകുറഞ്ഞ നിരക്കിൽ അച്ചടിപ്പിച്ചു്, വിദ്യാർത്ഥികളുടേയും തൊഴിലാളികളുടേയും വായനപ്രിയന്മാരായ മദ്ധ്യവർഗ്ഗക്കാരുടേയും ഇടയിൽ പ്രത്യേകിച്ചും, വിതരണംചെയ്യുന്ന ഗ്രന്ഥങ്ങളാണു്. അതേരീതിയിലുള്ള ഗ്രന്ഥവിതരണം, അതേവായനക്കാരുടെയിടയിൽ, നടത്തണമെന്നു് ക്ലബ്ബിനു് ആദ്യംമുതൽ ഉദ്ദേശമുണ്ടായിരുന്നു. സാഹചര്യങ്ങളുടെ പ്രാതികൂല്യത്താൽ ഇതേവരെ ആ ഉദ്ദേശം സഫലമാക്കാൻ സാധിച്ചില്ലെന്നേയുള്ളു. എന്നാൽ കർദ്ദിനാൾ തിരുമനസ്സിലെ ഈ നാട്ടിലേക്കുള്ള എഴുന്നെള്ളൽ ആ പ്രസ്ഥാനം ആരംഭിക്കുന്നതിനുള്ള ഏററവും ശുഭകരമായ അവസരമായിരിക്കുമെന്നു് ക്ലബ്ബ് ഭാരവാഹികൾ നിശ്ചയിച്ചു. തന്മൂലം തിരുമേനി ക്ലബ്ബിന്റെ ആഫീസു് ദയാപുരസ്സരം സന്ദർശിച്ചയവസരത്തിൽ ക്ലബ്ബിന്റെ വക വിലകുറഞ്ഞ പതിപ്പു് ഉൽഘാടനം ചെയ്യാൻ തിരുവുള്ളമുണ്ടാകണമെന്നു് ക്ലബ്ബിന്റെപേർക്കു് അതിന്റെ പത്രാധിപസമിതിയിലെ അംഗങ്ങളിലൊരാളായ റൈററു് റവ. മോൺസിഞ്ഞോർ പോൾ കാക്കശ്ശേരി തിരുമേനിയോടഭ്യർത്ഥിച്ചു. ക്ലബ്ബിന്റെ നേർക്കു് തിരുമേനി പ്രദർശിപ്പിക്കുന്ന പൈതൃകമായ താല്പര്യത്തെ കൃതജ്ഞതാപൂർവ്വം അനുസ്മരിച്ചുകൊണ്ടു് അദ്ദേഹം ചെയ്ത ലഘുപ്രസംഗത്തിലെ ഈ വാക്യങ്ങൾ പ്രത്യേകം ഉദ്ധരണീയമാണു്:

"തിരുമേനിയുടെ ദയാപൂർവ്വകമായ സാന്നിദ്ധ്യവും ഉദാരമായ പാലകത്വവും ക്ലബ്ബിന്റെ ശോഭനവും ഫലപ്രദവുമായ ഭാവിയെ സൂചിപ്പിക്കുന്ന ശുഭലക്ഷണങ്ങളാണു്. ശാശ്വതസ്മരണാർഹമായ ഈ സംഭവവും മരിയൻജൂബിലിവർഷത്തിന്റെ ഉൽഘാടനദിവസവും ഇത്ര ശുഭകരമാംവിധം ഒരുമിച്ചുവരാനിടയായതു്, ദ്വിഗുണീകൃതമായ ദൈവാനുഗ്രഹത്തിന്റേയും സവിശേഷമായ ഭാഗധേയത്തിന്റേയും ഫലമായി നാം കരുതണം. കാലാനുകൂലവും സന്ദർഭോചിതവുമായ നമ്മുടെ സംരംഭം നിത്യസൂര്യന്റെ ജീവദായകമായ രശ്മികളെ ഫലപ്രദമായി പ്രസരിപ്പിക്കുകയും നമുക്കു ചുററും തിങ്ങിനില്ക്കുന്ന ആത്മീയാന്ധകാരത്തെ ഉച്ചാടനം ചെയ്യുകയും ചെയ്യാതിരിക്കയില്ല."

ഇതിനു മറുപടിയായി തിരുമേനി കല്പിച്ചരുളിയ വാക്കുകളും അത്യന്തം ശ്രദ്ധേയമാണു്. "ഇവിടത്തെ പരിതഃസ്ഥിതികൾ എനിക്കറിയാവുന്നതുകൊണ്ടു നിങ്ങളുടെ പ്രസിദ്ധീകരണങ്ങളുടെ വിലകുറഞ്ഞ പതിപ്പുകൾ വിജയകരമായി പ്രസിദ്ധീകരിക്കുവാൻ നിങ്ങൾക്കു് സാദ്ധ്യതകളുണ്ടെന്നു് ഞാൻ വിശ്വസിക്കുന്നു. നിങ്ങളുടെ പ്രസിദ്ധീകരണങ്ങൾ കത്തോലിക്കാഭവനങ്ങളിൽ മാത്രമല്ല, മററു സമുദായക്കാരുടെ ഭവനങ്ങളിലും പ്രവേശിക്കുകയും ഈ രാജ്യത്തിനു് നന്മവരുത്തുകയും ചെയ്യണമെന്നു് ഞാനാശിക്കുന്നു. നിങ്ങളുടെ എല്ലാ പരിശ്രമങ്ങളേയും ഞാൻ ആശീർവദിക്കുന്നു."

ഇന്നാട്ടിലെ സ്ഥിതിഗതികൾ തിരുമേനിക്കറിയാമെന്നും, അതുകൊണ്ടാണു് വിലകുറഞ്ഞ പതിപ്പിന്റെ പ്രസിദ്ധീകരണം വിജയകരമായി നടത്തുവാൻ സാദ്ധ്യതകളുണ്ടെന്നു് തിരുമേനി വിശ്വസിക്കുന്നതെന്നും അരുളിച്ചെയ്തതിന്റെ അർത്ഥമെന്തായിരിക്കാം? കർദ്ദിനാൾ തിരുമേനി ക്ലബ്ബ് സന്ദർശിച്ചതിനു അഞ്ചാറുമണിക്കൂറിനുമുമ്പു് ക്ലബ്ബ് ഭാരവാഹികൾക്കു് മംഗലപ്പുഴ സെമ്മിനാരിയിൽവച്ചു് ഒരു കൂടിക്കാഴ്ച കരുണാപുരസ്സരം അനുവദിച്ചയവസരത്തിൽ ക്ലബ്ബിന്റെ ചുരുങ്ങിയ ചരിത്രത്തേയും ഏതൽക്കാലസ്ഥിതിയേയും സംക്ഷിപ്തമായി ഉള്ളടക്കംചെയ്തിട്ടുള്ള ഒരു സൂവനിർ അവർ തിരുമേനിക്കു് സമർപ്പിക്കുകയുണ്ടായി. അതിൽ ഇങ്ങനെ ഒരാശയം ഉൾപ്പെടുത്തിയിരുന്നു: ഇന്നാട്ടിൽ 1000 ത്തിലധികം ഇടവകകളും 400-ഓളം സെക്കൻററി സ്കൂളുകളും പല സന്യാസിനീസന്യാസമന്ദിരങ്ങളും നല്ലനിലയിൽ കഴിയുന്ന ഒട്ടുവളരെ കത്തോലിക്കാകുടുംബങ്ങളുമുണ്ടു്. കുറഞ്ഞതു് 3000 അംഗങ്ങൾ ഇവരിൽനിന്നു് സ്ഥിരവരിക്കാരായി ക്ലബ്ബിനു ലഭിക്കുന്നപക്ഷം വരിക്കാർക്കു് ക്രമപ്രകാരം കൊടുക്കേണ്ട ഗ്രന്ഥങ്ങൾക്കും പുറമെ വിലകുറഞ്ഞ പതിപ്പു് അടിക്കാനും വിതരണം ചെയ്യാനും സാധിക്കുന്നതാണു്. ഈ ആശയം മനസ്സിൽ വച്ചുകൊണ്ടായിരിക്കണം തിരുമേനി പ്രസ്തുതവാക്യം അരുളിച്ചെയ്തതെന്നു വിചാരിക്കുന്നതിൽ അബദ്ധമില്ലെന്നു തോന്നുന്നു. തിരുമേനിയുടെ വിശ്വാസവും പ്രതീക്ഷയും പ്രാവർത്തികമാകുവാൻ നമ്മുടെ ഇടവകകളും സെക്കൻററിസ്കൂളുകളും മററു മതസ്ഥാപനങ്ങളും നല്ലനിലയിൽ കഴിഞ്ഞുകൂടുന്ന കത്തോലിക്കാകുടുംബങ്ങളും ക്ലബ്ബിന്റെ അംഗങ്ങളായി ചേർന്നു് അതിനുവേണ്ട സഹായസഹകരണങ്ങൾ നൽകണമെന്നാണു് ഈ അവസരത്തിൽ ഞങ്ങൾക്കഭ്യർത്ഥിക്കുവാനുള്ളതു്.

തിരുമേനി നിർവഹിച്ച ഉൽഘാടനത്തെ പുരസ്കരിച്ചു് കൃതജ്ഞതാപ്രകാശനത്തിൽ മി. കെ. സി. ചാക്കോ പറഞ്ഞ വാക്കുകളും സ്മർത്തവ്യങ്ങളാണു്.

"ഈ പുസ്തകങ്ങളുടെ വിലകുറഞ്ഞ പ്രസിദ്ധീകരണം സവിശേഷം പ്രാധാന്യമർഹിക്കുന്ന ഒരു നടപടിയും, തിരുമേനിയുടെ ഏററവും സജീവമായ ഒരു സ്മാരകവുമാകുന്നു. കേരളപര്യടനത്തിനിടയ്ക്കു് തിരുമേനി അനവധി സ്ഥാപനങ്ങൾ ഉൽഘാടനം ചെയ്യുകയും, ആശീർവദിക്കുകയും ചെയ്തിട്ടുണ്ടു്. പള്ളികൾ, ആസ്പത്രികൾ, സ്കൂൾഹാളുകൾ, അനാഥമന്ദിരങ്ങൾ, പുണ്യപീഠങ്ങൾ—പലതും. എന്നാൽ അവയെല്ലാം സ്ഥാവരസ്മാരകങ്ങളാണു്. ഇപ്പോൾ അങ്ങു ഉൽഘാടനംചെയ്തതു് അവയിൽനിന്നെല്ലാം ഭിന്നമായ ഒന്നാണു്. അതു ചലനാത്മകമായ ഒരു സ്മാരകമാണു്. അതു പുറത്തിറങ്ങി സഞ്ചരിക്കുകയും, ഭവനങ്ങളിൽ ദിവസംതോറും, ആഴ്ചതോറും, മാസംതോറും ഇനിയുള്ള കാലങ്ങളിലും കടന്നു ചെല്ലുന്ന ഒരു സ്മാരകമാണു്.

"അതേ ടിസ്സെരാങ്ങ് പുസ്തകങ്ങൾ പാവങ്ങളുടെ കൈകളിൽ എങ്ങനെയെങ്കിലും ചെന്നെത്തി, അവർക്കു വിജ്ഞാനവും, ആനന്ദവും, ആശ്വാസവും നൽകിക്കൊണ്ടിരിക്കുമെന്നു് ഞാൻ ഉറപ്പുനൽകുന്നു. തിരുമേനിയുടെ നാമ

### നവവത്സര മംഗളം

1954! പുത്തനാണ്ടിന്റെ പൊൻപുലരിയിലേക്കുള്ള ഒരു കാൽവെയ്പ്പ്! പ്രത്യാശകളുടേയും സുഭഗസ്മരണകളുടേയും പരിപൂതമായ സമ്മേളനം! ഈ ശുഭാവസരത്തിൽ 'സത്യദീപം' അതിന്റെ സുഹൃത്സഞ്ചയത്തിനു നവവത്സരത്തിന്റെ ഭാവുകങ്ങൾ സാനന്ദം നേർന്നുകൊള്ളുന്നു.

ധേയം ഈ പുസ്തകങ്ങൾക്ക് നൽകുന്ന പ്രാധാന്യം അവയുടെ ജനങ്ങളുടെ ഇടയിൽ പ്രചാരത്തിനും കാരണമായിത്തീരുന്നതാണ്. ഈ സവിശേഷബഹുമതികൾ ഞങ്ങൾക്ക് നൽകിയതിന് പ്രതിമാസഗ്രന്ഥക്ലബ്ബ് എന്നെന്നും തിരുമേനിയോടു കൃതജ്ഞതയുള്ളതായിരിക്കും."

ആശയങ്ങൾ യഥാർത്ഥങ്ങളും തന്മൂലം തനിക്കു ഹൃദ്യങ്ങളുമാണെന്നു മുഖഭാവത്താലും ആംഗ്യങ്ങളാലും തിരുമേനി വെളിപ്പെടുത്തുകയുണ്ടായി. കർദ്ദിനാൾതിരുമേനിയുടെ അനുഗ്രഹാശിസ്സുകൾ പ്രതിമാസഗ്രന്ഥക്ലബ്ബിനും അതിന്റെ വിലകുറഞ്ഞ പതിപ്പിനും മററു സകല പ്രവർത്തനങ്ങൾക്കും ദീർഘായുസ്സും വർദ്ധമാനമായ വിജയവും പ്രദാനംചെയ്യുമാറാകട്ടെ.

## പ്രസാധകക്കുറിപ്പുകൾ

### മതബന്ധമുള്ള സന്മാർഗ്ഗവിദ്യാഭ്യാസം ആവശ്യമെന്ന് വൈസ് ചാൻസലർ

കോളേജുകളിൽ സന്മാർഗ്ഗവിദ്യാഭ്യാസം നൽകുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന പ്രമേയം മി. സി. എ. വൈദ്യനാഥയ്യർ ഡിസംബർ 19-ാംതീയതി തിരുവനന്തപുരത്തു കൂടിയ സെനററ് സമ്മേളനത്തിൽ അവതരിപ്പിക്കുകയുണ്ടായി. അതിനെപ്പററി ചർച്ച നടത്തവേ പലവിധത്തിലുള്ള അഭിപ്രായഗതികൾ പൊന്തിവന്നു. ഒരു മതേതരരാഷ്ട്രമായ ഇന്ത്യയിൽ ഇപ്രകാരം ഒരു നടപടി സ്വീകാര്യമല്ലെന്നായിരുന്നു ചിലരുടെ വാദം. ആ വാദത്തെ ഖണ്ഡിച്ചുകൊണ്ട് വൈസ്ചാൻസലർ ശ്രീ രാമസ്വാമി മുതലിയാർ ഇങ്ങനെ പ്രസ്താവിച്ചു:

മതത്തിലും ഈശ്വരനിലും വിശ്വാസമില്ലാത്ത ഒരാൾക്ക് തന്നിൽ നിക്ഷിപ്തമായിരിക്കുന്ന ചുമതലകൾ എപ്രകാരം ശരിയായി നിർവ്വഹിക്കാൻ കഴിയുമെന്നു ഞാൻ സംശയിക്കുന്നു. ഇന്ത്യ ഒരു മതേതരരാഷ്ട്രമെന്നു പറഞ്ഞതുകൊണ്ട് ആളുകൾക്ക് യാതൊരു മതവും ആവശ്യമില്ലെന്നല്ല അർത്ഥമാക്കിയിരിക്കുന്നത്. ഭരണഘടനയിലെ മതേതരരാഷ്ട്രം എന്ന വാക്ക് മതത്തിൽനിന്നും രക്ഷപ്പെടുന്നതിനുള്ള ഒരുപാധിയല്ല. അനുദിനജീവിതത്തിൽ മതം ഒരു പ്രത്യേകതയായും വ്യത്യസ്തതയായും പരിഗണിക്കുകയില്ല എന്നേ അതിനർത്ഥമുള്ളു. സന്മാർഗ്ഗവിദ്യാഭ്യാസം കുട്ടികൾക്കു നൽകുക എന്ന കാര്യം അത്യന്തം ഗുരുതരമായ ഒന്നാണ്. സന്മാർഗ്ഗവിദ്യാഭ്യാസത്തിനു മതവുമായി ബന്ധമുണ്ടെന്നാണ് എന്റെ വിശ്വാസം. വിദ്യാർത്ഥികളുടെ ഭാവിക്കു സന്മാർഗ്ഗവിദ്യാഭ്യാസം ആവശ്യമാണ്. അത് ഏതു രൂപത്തിൽ വേണമെന്നുള്ളത് വിദഗ്ദ്ധമായി ആലോചിച്ച് തീരുമാനിക്കേണ്ടതുമാണ്.

ഇന്നത്തെ വിദ്യാർത്ഥികൾ നാളത്തെ പൗരന്മാരാണെന്നും പൗരപരമായ ചുമതലകൾ വിശ്വസ്തതയോടുകൂടി നിർവ്വഹിക്കുവാൻ ആന്തരികമായ പ്രേരണ ആവശ്യകമാണെന്നും എല്ലാവരും സമ്മതിക്കുന്നുണ്ട്. ആ പ്രേരണയാകട്ടെ മതത്തിലും ഈശ്വരനിലും ഉള്ള വിശ്വാസത്തിൽ അടിയുറച്ചിരിക്കുന്ന സന്മാർഗ്ഗബോധത്തിൽ നിന്നാണുണ്ടാകേണ്ടത്. എന്നിരിക്കെ അത്തരം സന്മാർഗ്ഗവിദ്യാഭ്യാസം വിദ്യാലയങ്ങളിൽ നടത്തേണ്ടതിന്റെ ആവശ്യകതയെ നിഷേധിക്കുകയോ സംശയിക്കുകയോ ചെയ്യുന്നവർ ഏററവും യുക്തിഹീനമായ നിലയാണു സ്വീകരിക്കുന്നത്. തിരുവിതാംകൂർ യൂണിവേഴ്സിററി വൈസ്ചാൻസലരുടെ സന്ദർഭോചിതമായ അഭിപ്രായപ്രകടനം ഏററവും അഭിനന്ദനീയമായിരിക്കുന്നു.

* * *

### തൊഴിലാളികളോട് നീതിയായി പെരുമാറണമെന്ന് കത്തോലിക്കാ മുതലാളിമാർ

തൊഴിലാളികളോട് നീതിയായി പെരുമാറുന്നതിനുള്ള അടിസ്ഥാനമായി മെക്സിക്കോ പട്ടണത്തിലെ ഒരു ഗണം കത്തോലിക്കാ മുതലാളിമാർ "10 കല്പനകൾ" എന്ന നാമത്തിൽ ഒരു സന്മാർഗ്ഗസംഹിത രൂപീകരിച്ചിരിക്കുന്നു. അതിലെ ഉള്ളടക്കം ഇപ്രകാരമാണ്:

ഞാൻ തൊഴിലാളിയുടെ വേലയെ കച്ചവടസാധനമായി പരിഗണിക്കുകയില്ല. കാര്യക്ഷമമായ സേവനം നൽകുന്ന എന്റെ തൊഴിലാളികൾക്ക് നീതിപൂർവ്വകമായ പ്രതിഫലം ഞാൻ നൽകും. എന്റെ തൊഴിലാളികളെ ഭൃത്യന്മാരായിട്ടല്ല, പ്രത്യുത ദൈവത്തിന്റെ മക്കളും എന്റെ സഹോദരന്മാരുമായി ഞാൻ പരിഗണിക്കുകയും, എന്റെ സ്വന്തം ക്ഷേമത്തിലെന്നപോലെ അവരുടെ ക്ഷേമത്തിൽ ഞാൻ തല്പരമുള്ളവനായിരിക്കുകയും ചെയ്യും. എന്റെ തൊഴിലാളികളുടെ സാന്മാർഗ്ഗികമായ അഭിവൃദ്ധി ഞാൻ അന്വേഷിക്കുകയും, അതിലേക്കുവേണ്ടി കത്തോലിക്കാ ജീവിതമുറകൾ അവർ പഠിക്കുന്നതിനും അവരുടെ സാമുദായികവും ഗാർഹികവുമായ ജീവിതങ്ങളിൽ പ്രായോഗികമാക്കുന്നതിനും വേണ്ട സൗകര്യങ്ങൾ ഞാൻ നൽകുകയും ചെയ്യും. എന്റെ തൊഴിലാളികളുടെ മാനസികാഭിവൃദ്ധി ഞാൻ അന്വേഷിക്കുകയും അവർക്കും അവരുടെ സന്താനങ്ങൾക്കും വിദ്യാഭ്യാസത്തിനു വേണ്ട സഹായങ്ങൾ ഞാൻ നൽകുകയും ചെയ്യും. എന്റെ ഫേമിന്റെ സാമ്പത്തികസ്ഥിതി അനുവദിക്കുന്നേടത്തോളവും എന്റെ തൊഴിലാളികളുടെ സഹകരണത്തേയും സൗഹാർദ്ദതയേയും ആശ്രയിച്ചും, ശമ്പളവർദ്ധനവും വായ്പകളും മററും വഴിയായി അവരുടെ സാമ്പത്തികാഭിവൃദ്ധി ഞാൻ അന്വേഷിക്കും. എന്റെ തൊഴിലാളികളുടെ കുടുംബകാര്യങ്ങളിൽ ഞാൻ താല്പര്യം കാണിക്കുകയും വർദ്ധമാനമായ കുടുംബൈക്യം പാലിക്കുവാൻ ഞാനവരെ സഹായിക്കുകയും ചെയ്യും. എന്റെ തൊഴിലാളികളും ഫേമിന്റെ മാനേജുമെന്റും തമ്മിലുണ്ടാകുന്ന ഒഴിച്ചുകൂടാത്ത അഭിപ്രായ വ്യത്യാസങ്ങൾക്ക് സമ്മിശ്രകമ്മിററികളുടെ മദ്ധ്യസ്ഥതവഴിയായി സമാധാനപരമായ തീരുമാനമുണ്ടാക്കുവാൻ ഞാൻ ശ്രമിക്കും. രാജ്യത്തിന്റേയും ജനങ്ങളുടേയും കൂടുതൽ ക്ഷേമത്തിനുവേണ്ടി മാനേജുമെന്റുകളുടെയിടയിൽ ഐക്യമുണ്ടാക്കുവാൻ ഞാൻ ശ്രമിക്കും. എന്റെ രാജ്യത്തിലെ സാമുദായികജീവിതത്തിൽ, അതിലും പ്രത്യേകിച്ച് എന്റെ രഹസ്യവും കുടുംബപരവുമായ ജീവിതത്തിൽ, കത്തോലിക്കാ മാനദണ്ഡങ്ങൾ പ്രായോഗികമാക്കുവാൻ വേണ്ടിയും ദൈവമാതാവിനോടുള്ള ഭക്തിക്കുവേണ്ടിയും എന്റെ സ്വാധീനത്തിലുള്ള സകലമാർഗ്ഗങ്ങളുമുപയോഗിച്ച് ഞാൻ പരിശ്രമിക്കും.

മാർപ്പാപ്പാമാരുടെ സാമുദായികവിശ്വലേഖനങ്ങളിലെ നിർദ്ദേശങ്ങളുടേയും ഉദ്ബോധനങ്ങളുടേയും ഒരു സംക്ഷിപ്തരൂപമാണല്ലോ ഈ കത്തോലിക്കാ മുതലാളിമാർ ക്രോഡീകരിച്ചിരിക്കുന്ന സംഹിത. ഇവ പ്രാവർത്തികമാക്കുവാൻ ശ്രമിക്കുന്നപക്ഷം തൊഴിലാളി മുതലാളിപ്രശ്നം നിഷ്പ്രയാസം സമാധാനമായി പരിഹരിക്കപ്പെടുമെന്നുള്ളതിന് എന്തു സംശയമാണുള്ളത്? നമ്മുടെ കത്തോലിക്കാ മുതലാളിമാരെങ്കിലും ഈ വഴിക്ക് ചിന്തിക്കുകയും പരിശ്രമിക്കുകയും ചെയ്തിരുന്നെങ്കിൽ!!!

* * *

### "തൊഴിലാളി" ദിനപ്പത്രത്തിനു സ്വാഗതവും പ്രോത്സാഹനവും നൽകാം

കമ്മ്യൂണിസ്റ്റ് വിരുദ്ധ പ്രസിദ്ധീകരണസമിതി (Anti—Communist Publishing Institute) എന്ന പേരിൽ ഒരു സ്ഥാപനം ഈയിടെ രൂപീകൃതമായെന്നറിയുന്നതിൽ ഞങ്ങൾക്കു സന്തോഷമുണ്ട്. പ്രഫസർ മാത്യു, ഫാദർ ജറോം ഇടങ്ങിയ പല ഉന്നതവ്യക്തികളും ഈ പ്രസിദ്ധീകരണകേന്ദ്രത്തിന്റെ മുൻപന്തിയിലുണ്ടെന്നും, ബ്രദർ വടക്കന്റെ സേവനവും പ്രത്യേകമേൽനോട്ടവും ആദ്യന്തം അതിനുണ്ടായിരിക്കുമെന്നും അറിയുന്നു. കേരളത്തിലെ നാനാവിഭാഗങ്ങളേയും പ്രതിനിധാനംചെയ്യുന്ന വിദഗ്ദ്ധരും വിശ്വസ്തരുമായ ഏതാനും വ്യക്തികളെക്കൂടി ഇൻസ്റ്റിററ്യൂട്ടിന്റെ ഭരണസമിതിയിൽ ഉൾപ്പെടുത്തുവാനുദ്ദേശമുണ്ട്. ഈ പ്രസിദ്ധീകരണാലയത്തിൽ നിന്നുണ്ടാകുന്ന മുഴുവൻ ആദായവും നാട്ടിലെ കമ്മ്യൂണിസ്റ്റ് വിരുദ്ധമുന്നണിപ്രവർത്തനങ്ങൾക്കായി നീക്കിവയ്ക്കാനാണ് ഉദ്ദേശിച്ചിട്ടുള്ളത്.

വിരുദ്ധമുന്നണിയുടെ ജീവനുള്ള ജിഹ്വയാണല്ലോ "തൊഴിലാളി" വാരിക. കേന്ദ്രക്കമ്മിററി നേരിട്ടുനടത്തുന്ന ഒരു ഔദ്യോഗിക പ്രസിദ്ധീകരണമല്ലെന്നുവരികിലും "തൊഴിലാളി"യുടെ പുറപ്പാടും പുരോഗതിയും കമ്മ്യൂണിസ്റ്റ് വിരുദ്ധമുന്നണി പ്രസ്ഥാനത്തിനു കരുത്തേറിയ ഒരു താങ്ങായിട്ടാണിരിക്കുന്നത്. ഈ വാരിക ഈ ജാനുവരി 1-ാംനു- മുതൽ ദിനപ്പത്രമായി പുറത്തു വന്നുതുടങ്ങിയിരിക്കുന്നു. വില 6 പൈസ. പി. ററി. ഐ. ഇടങ്ങിയ വാർത്താവിതരണക്കമ്പനികളുമായി ബന്ധം പുലർത്തിയിട്ടുണ്ടെന്നും, എല്ലാ ദിവസവും രാഷ്ട്രീയപ്രസക്തങ്ങളും ഫലിതപ്രധാനങ്ങളുമായ കാർട്ടൂണുകളും ബ്ലോക്കുകളും ഉണ്ടായിരിക്കുമെന്നും അറിയുന്നു. തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, കോട്ടയം, എറണാകുളം, തൃശ്ശൂർ, മലബാർ എന്നിങ്ങനെ 7 കേന്ദ്രസർക്കിളുകളിൽക്കൂടെ പത്രവിതരണം സാധിക്കാനാണു പദ്ധതി. കമ്മ്യൂണിസ്റ്റ് വിരുദ്ധമുന്നണിയുടെ ഒരു സെൽ ഒരു ഡസൻ കോപ്പി എന്നതോതിൽ വിതരണം നടത്തിയാൽ തന്നെ, 30,000 പ്രതികൾ കേരളത്തിന്റെ നാനാഭാഗത്തായി പ്രചരിപ്പിക്കാൻ സാധിക്കും. പ്രചരണസൗകര്യത്തെ മുൻനിർത്തി ഒന്നു രണ്ടു പ്രത്യേക ജീപ്പുകൾ തിരുക്കൊച്ചിയിൽ ഉടനീളം ഓടിക്കൊണ്ടിരിക്കാൻ ഏർപ്പാടുചെയ്യുമെന്നും അറിയുന്നു. ഇടതുപക്ഷങ്ങളുടെ, വിശിഷ്യ കമ്മ്യൂണിസ്റ്റുപാർട്ടിയുടെ, പല പ്രസിദ്ധീകരണങ്ങൾ, വാരികകളും ദിനപ്പത്രങ്ങളും, പലകേന്ദ്രങ്ങളിൽ നിന്നും പുറപ്പെട്ടുകൊണ്ടിരിക്കുകയും, അവവഴിയായി അടുത്ത തിരഞ്ഞെടുപ്പ് ഉന്നംവച്ചുകൊണ്ട് വിപ്ലവകരവും വിനാശകരവുമായ പ്രചരണങ്ങൾ നടത്തപ്പെടുകയും ചെയ്യുന്ന ഈ സന്ദർഭത്തിൽ ഈ തൊഴിലാളിദിനപ്പത്രത്തിന്റെ പ്രസിദ്ധീകരണം അനുപേക്ഷണീയമായിത്തീർന്നിരിക്കുന്നു. തിരു-കൊച്ചിയുടേയും അതിലെ നിവാസികളുടേയും സമാധാനപരവും ക്ഷേമകരവുമായ ജീവിതത്തെ കാംക്ഷിക്കുന്നവരെല്ലാം, കത്തോലിക്കർ പ്രത്യേകിച്ചും, ഈ തൊഴിലാളിദിനപ്പത്രത്തെ സകല കഴിവുകളും വിനിയോഗിച്ച് സ്വീകരിക്കുകയും പ്രോത്സാഹിപ്പിക്കുകയും പ്രചരിപ്പിക്കുകയും ചെയ്യണമെന്നാണ് ഞങ്ങളുടെ അഭ്യർത്ഥന.

* * *

### രാജ്ഞിയുടേയും പ്രസിഡന്റിന്റേയും ക്രിസ്തുമസ് സന്ദേശങ്ങൾ

ബ്രിട്ടനിലെ ഭരണകർത്രിയായ എലിസബത്തു മഹാരാജ്ഞി സ്വദേശത്തുനിന്നു 12000 മൈൽ അകലെയുള്ള ന്യൂസിലൻഡിൽനിന്നു് ബ്രിട്ടീഷ് കോമൺവെൽത്തിലെ സകലജാതിമതസ്ഥരേയും അഭിവാദ്യം ചെയ്തുകൊണ്ട് ഇത്തവണത്തെ ക്രിസ്തുമസ്സന്ദേശം പ്രക്ഷേപണംചെയ്തു. ബ്രിട്ടനു വെളിയിൽ നിന്നുകൊണ്ട് ഒരു ബ്രിട്ടീഷുരാജസ്ഥാനി ക്രിസ്തുമസ്സന്ദേശം നൽകുന്നത് ഇതു് ആദ്യമായിട്ടാണ്. ബ്രിട്ടീഷ് സാമ്രാജ്യം ഏതാണ്ടസ്തമിക്കുകയും അതിന്റെ സ്ഥാനത്ത് ബ്രിട്ടീഷ് കോമൺവെൽത്ത് ഉദിക്കുകയുമാണല്ലോ ചെയ്തിരിക്കുന്നത്. മൈത്രിയും ദേശഭക്തിയും സ്വാതന്ത്ര്യത്തിനും സമാധാനത്തിനുംവേണ്ടിയുള്ള ആഗ്രഹവും ഉൾക്കൊള്ളുന്ന മനുഷ്യാത്മാവിന്റെ സമുന്നതങ്ങളായ സ്വഭാവഗുണങ്ങളിൽ പടുത്തിട്ടുള്ള ഏററവും നവീനമായ ആശയമാണ് കോമൺവെൽത്ത് എന്ന് സന്ദേശത്തിൽ പറഞ്ഞിരിക്കുന്നു. "ജനതതികളുടേയും വർഗ്ഗങ്ങളുടേയും തുല്യമായ പങ്കാളിത്വം അടങ്ങിയിരിക്കുന്ന ഈ പുതിയ ആശയത്തിന് എന്റെ ജീവിതത്തിലെ ഓരോദിവസത്തിലും ഞാൻ എന്നെത്തന്നെ പ്രദാനംചെയ്യും. ഈ ക്രിസ്തുമസ്ദിവസത്തിൽ ന്യൂസിലൻഡിൽനിന്നു അതു പറയുവാൻ ഞാനാഗ്രഹിക്കുന്നു. എന്തുകൊണ്ടെന്നാൽ സമാധാനരാജന്റെ ജന്മദിനമാണ് നാം ആഘോഷിക്കുന്നത്. അവിടുന്നാണ് മനുഷ്യസാഹോദര്യം പ്രസംഗിച്ചത്. ആ സാഹോദര്യം വർഷംമുതൽ വർഷംവരെ നമ്മുടെ സകല വിചാരങ്ങളാലും പ്രവൃത്തികളാലും വർദ്ധമാനമാക്കപ്പെടട്ടെ. കോമൺവെൽത്തിലുള്ള എന്റെ സകല ജനതതികൾക്കും ക്രിസ്തുവിന്റെ പ്രതീക്ഷയും പ്രാർത്ഥനയും ഞാൻ നേർന്നുകൊള്ളുന്നു."

അമേരിക്കൻ പ്രസിഡണ്ട് മി. ഐസനോവരും തന്റെ ജനതയ്ക്ക് ആദ്യത്തെ ക്രിസ്തുമസ് സന്ദേശം പ്രക്ഷേപണംചെയ്തു.

"നമുക്ക് ഈ ക്രിസ്തുമസ് യഥാർത്ഥത്തിൽ സന്മനസ്സിന്റെ കാലദശയാണ്—1949-തിനുശേഷം ആദ്യമായി സമാധാനപരമായ നമ്മുടെ ക്രിസ്തുമസാണിതു്. ദേശീയമായും വ്യക്തിപരമായും നമുക്കു ലഭിച്ചിരിക്കുന്ന അനുഗ്രഹങ്ങൾ അനവധിയാകുന്നു. ലോകം പരസ്പരവിരുദ്ധമായ രണ്ടു വിഭാഗങ്ങളായി ഇനിയും പിരിഞ്ഞുനില്ക്കുന്നെങ്കിലും നമ്മുടെ പ്രത്യാശകൾ ശോഭായമാനങ്ങളാണ്. പ്രാർത്ഥനയാണ് മററു് എല്ലാ മാർഗ്ഗത്തെക്കാളും കൂടുതൽ ഖണ്ഡിതമായി സ്വാതന്ത്ര്യത്തേയും കമ്മ്യൂണിസ്റ്റിനേയും പരസ്പരവൈരുദ്ധ്യത്തിൽ നിർത്തുന്നത്. കമ്മ്യൂണിസ്റ്റിനു പ്രാർത്ഥനയിൽ ശക്തിസംഭരണം കണ്ടെത്തുവാൻ സാദ്ധ്യമല്ല. എന്തുകൊണ്ടെന്നാൽ അവന്റെ ഭൗതികസിദ്ധാന്തവും രാഷ്ട്രാധിപത്യവും മനുഷ്യമാഹാത്മ്യത്തേയും തൽഫലമായി ദൈവാസ്തിക്യത്തേയും നിഷേധിക്കുന്നു. മതവിശ്വാസം സ്വാതന്ത്ര്യഭരണക്രമത്തിന്റെ അടിസ്ഥാനമായിരിക്കുന്നതുപോലെ പ്രാർത്ഥന ആ വിശ്വാസത്തിന്റെ അനുപേക്ഷണീയഭാഗമാകുന്നു."

ബ്രിട്ടീഷ് മഹാരാജ്ഞിയും അമേരിക്കൻ പ്രസിഡന്റും ദൈവത്തിലും ക്രിസ്തുവിലും വിശ്വസിക്കുന്നവരാണ്. ആ വിശ്വാസത്താൽ അവർ മനുഷ്യവ്യക്തികളെ വിലമതിക്കുന്നു, മനുഷ്യസ്വാതന്ത്ര്യത്തെ ബഹുമാനിക്കുന്നു, മനുഷ്യർ സമാധാനപരമായി ജീവിതം നയിച്ചുകാണ്മാൻ ആഗ്രഹിക്കുന്നു. ആ ലക്ഷ്യങ്ങൾ പ്രാവർത്തികമായി കാണുവാൻ അവർ പരിശ്രമിക്കുകയും ആ പരിശ്രമങ്ങൾ ഫലപ്രദങ്ങളാകണമേയെന്നു പ്രാർത്ഥിക്കുകയും ചെയ്യുന്നു. നിർമ്മതത്വവും നിരീശ്വരത്വവും സകല ശക്തികളുമുപയോഗിച്ചു പ്രചരിപ്പിക്കുവാനും അതിന്റെ ഫലമായി മനുഷ്യരെ രാഷ്ട്രത്തിന്റെ അടിമകളാക്കുവാനും കമ്മ്യൂണിസ്റ്റ്രാഷ്ട്രങ്ങൾ ശ്രമിച്ചുകൊണ്ടിരിക്കുന്ന ഇന്നത്തെ ലോകത്തിൽ മനുഷ്യസ്വാതന്ത്ര്യത്തിനും സമാധാനത്തിനുംവേണ്ടി നിലകൊള്ളുന്ന രണ്ടു മഹാരാഷ്ട്രങ്ങളുടെ മേധാവികൾ മതത്തിലും ദൈവവിശ്വാസത്തിലും അടിയുറപ്പിച്ചുകൊണ്ട് ഭരണം നടത്തിക്കാണുന്നത് ഏററവും ആശ്വാസകരം തന്നെ.

* * *

### ഓരോ കത്തോലിക്കാ കുടുംബത്തിലും ഓരോ കത്തോലിക്കാ പത്രമെങ്കിലും ഉണ്ടായിരിക്കണമെന്ന് കർദ്ദിനാൾ

ഇംഗ്ലണ്ടിലെ തിരുസ്സഭാദ്ധ്യക്ഷനായ കർദ്ദിനാൾ ഗ്രിഫിൻ തിരുമേനി ഇക്കഴിഞ്ഞ ആഗമനകാലം പ്രമാണിച്ച് പ്രസിദ്ധപ്പെടുത്തിയ ഇടയലേഖനത്തിൽ, ഓരോ കത്തോലിക്കാ കുടുംബത്തിലും ഓരോ കത്തോലിക്കാ പത്രമെങ്കിലും വായിക്കപ്പെട്ടുകാണണമെന്നുള്ള പരിശുദ്ധ പിതാവിന്റെ ആഗ്രഹം വീണ്ടും ഊന്നിപ്രകാശിപ്പിക്കുകയും അതിനു താഴെ കാണുന്ന ന്യായങ്ങൾ ചൂണ്ടിക്കാണിക്കുകയും ചെയ്തിരിക്കുന്നു.

ഇന്നത്തെ ലോകത്തിൽ കത്തോലിക്കാ പ്രസിദ്ധീകരണം നമ്മുടെ കർത്തവ്യനിഷ്ഠമായ പിൻതുണയെ അർഹിക്കുന്ന ഒരാവശ്യമാകുന്നു. അസ്വസ്ഥവും മിക്കവാറും അക്രൈസ്തവവുമായ ലോകത്തിൽ കത്തോലിക്കാതത്വോപദേശങ്ങളേയും ലൗകികകാര്യങ്ങളിൽ അവയ്ക്കുള്ള വിലയേയും പരാമർശിച്ച് പരിശുദ്ധ പിതാവു് നിത്യേനയെന്നോണം ഉച്ചരിച്ചുകൊണ്ടിരിക്കുന്ന പ്രധാനപ്പെട്ട വാക്കുകൾ സകല കത്തോലിക്കരും ശ്രവിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുവാൻ മററു യാതൊരു പ്രായോഗികമാർഗ്ഗങ്ങളും ഇല്ലെന്നുള്ളതാണ് ഈ ആവശ്യത്തെ തെളിയിക്കുന്ന പ്രസ്പഷ്ടമായ ന്യായം. പള്ളിയിലെ പ്രസംഗപീഠത്തിൽ നില്ക്കുന്ന വൈദികനു തന്റെ സ്വാധീനത്തിലുള്ള ചുരുങ്ങിയ സമയംകൊണ്ട്, സുപ്രധാനവിഷയങ്ങളെ സംബന്ധിച്ചുള്ള പരിശുദ്ധ പിതാവിന്റെ ആശയങ്ങൾ സ്വജനങ്ങളുടെ ദൃഷ്ടിയിൽ കൊണ്ടുവരുവാൻ

# ദി കാത്തലിക്ക് ബാങ്ക് ഓഫ് ഇന്ത്യാ (ക്ലിപ്തം)

(1938-ൽ സ്ഥാപിച്ചതു്)

**ഹെഡാഫീസ്: ചങ്ങനാശേരി**

ശാഖകൾ:— ആലപ്പുഴ, അതിരമ്പുഴ, ചങ്ങനാശേരി, ഇടത്വാ, കാഞ്ഞിരപ്പള്ളി, കോട്ടയം, മണിമല, തിരുവനന്തപുരം.

## അഭിവൃദ്ധി പത്രിക

| വർഷം | അടച്ചുതീർത്ത മൂലധനം | സ്ഥിരനിക്ഷേപം | ആകെ നിക്ഷേപം | പ്രവർത്തന മൂലധനം |
|---|---|---|---|---|
| 1946 | 4,75,420 | 9,90,671 | 15,39,463 | 21,80,311 |
| 1947 | 4,93,540 | 11,24,472 | 16,65,536 | 23,30,676 |
| 1948 | 5,50,490 | 12,16,474 | 17,09,083 | 24,63,575 |
| 1949 | 5 92,310 | 13,17,211 | 17,20,138 | 25,26,296 |
| 1950 | 5,95,250 | 15,49,027 | 20,90,505 | 28,57,573 |
| 1951 | 5,95,750 | 19,39,775 | 25,13,684 | 32,24,250 |
| 1952 | 5,97,150 | 20,91,306 | 26,63,760 | 33,67,402 |

എല്ലാവിധ ബാങ്കിംഗ് ഇടപാടുകളും നടത്തപ്പെടും.

കഞ്ചെറിയാററി. മാറാട്ടുകളം എം. എ. (മാനേജിംഗ് ഡയറക്ടർ)


## ഇടവകവാർത്തകൾ

കിടങ്ങൂർ: എറണാകുളം അതിരൂപതയുടെ സഹായമെത്രാൻ റൈററ് റവ. ഡോം. ജോസഫ് പാറേക്കാട്ടിൽ തിരുമനസ്സുകൊണ്ടു് ഔദ്യോഗികസന്ദർശനാർത്ഥം ഇദംപ്രഥമമായി തിരുമനസ്സിലെ സ്വന്തം ഇടവകയായ കിടങ്ങൂർ ഉണ്ണീശോ ദേവാലയത്തിൽ ഡിസംബർ 26-ാംതീയതി സായാഹ്നം എത്തിച്ചേർന്നു. ദേവാലയത്തിലെ വൈദികസ്വീകരണത്തെത്തുടർന്നു് ദേവാലയാങ്കണത്തിൽ സജ്ജീകരിച്ചിരുന്ന പന്തലിൽ പൊതുസ്വീകരണപരിപാടികൾ സമാരംഭിച്ചു. മംഗളപത്രം, ജ്ഞാനപുഷ്പമഞ്ജരി മുതലായവ തിരുമേനിക്കു സമർപ്പിക്കപ്പെട്ടു. തിരുമേനി സന്ദർഭോചിതമായി ജനതയെ പൗരോഹിത്യമാഹാത്മ്യത്തെപ്പററി ഉൽബോധിപ്പിച്ചു. ജാതിമതഭേദമെന്യേ വമ്പിച്ച ഒരു ജനാവലിയാണു് ഉന്മേഷഭരിതമായി തങ്ങളുടെ സ്വന്തം മെത്രാനെ ഉചിതമായി സ്വീകരിക്കുന്നതിനും മംഗളങ്ങൾ ആശംസിക്കുന്നതിനും തടിച്ചുകൂടിയിരുന്നതു്.

ഞായറാഴ്ച കാലത്തു തിരുമേനി ഇവിടെ ദിവ്യബലി അർപ്പിക്കുകയും മൂന്നൂറോളം കുട്ടികൾക്കു മെസ്ഥിരലേപനം നൽകുകയുമുണ്ടായി. ഉച്ചകഴിഞ്ഞു മൂന്നുമണിക്കു് തിരുമേനി സ്വന്തം ഭവനത്തിൽ എഴുന്നെള്ളി വയോവൃദ്ധരായ മാതാപിതാക്കന്മാരെ സന്ദർശിച്ചനുഗ്രഹിച്ചു.

അങ്കമാലി—ഡി. 27-ാംനു ഞായറാഴ്ച വൈകിട്ടു് ഇവിടെ എത്തിച്ചേർന്ന എറണാകുളം സഹായമെത്രാൻ റൈററ് റവ. ഡോം. ജോസഫ് പാറേക്കാട്ടിൽ തിരുമേനിക്കു് ഇന്നാട്ടുകാർ അ

തീർച്ചയായും സാദ്ധ്യമല്ല. കത്തോലിക്കരുടെ വിലയേറിയ മാറു പ്രസ്താവങ്ങളേയും മതപീഡനമനുഭവിക്കുന്ന നമ്മുടെ സഹോദരങ്ങളുടെ വിഷമതകളേയും നമ്മുടെ വിശ്വാസത്തിന്റെ അനുഷ്ഠാനത്തെ ബാധിക്കുന്ന മററു കാര്യങ്ങളേയും സംബന്ധിച്ചുള്ള അറിവു് തന്റെ അജഗണങ്ങൾക്കു് നൽകുവാൻ ഒരു വൈദികനു് അത്രപോലും സാധിക്കുകയില്ല. തിരുസ്സഭയുടെ മുഴുവൻ ജീവിതത്തിൽ പങ്കുകൊള്ളുവാനും സഭയുടെ അദ്ധ്യാപനജോലിയിൽ തന്റെ ഭാഗം നിർവ്വഹിക്കുവാനും കത്തോലിക്കരെ പ്രാപ്തരാക്കുവാൻ സഹായിക്കുന്നതു് കത്തോലിക്കാ പ്രസിദ്ധീകരണങ്ങളാകുന്നു—ഇംഗ്ലണ്ടിലെ കത്തോലിക്കരോടു് കർദ്ദിനാൾ തിരുമേനി പറയുന്ന ഈ വാക്കുകൾ ഇന്നാട്ടിലെ കത്തോലിക്കരേയും ബാധിക്കുന്നവയാണു്. കത്തോലിക്കർ അവശ്യം അറിയേണ്ട അനേകം കാര്യങ്ങൾ പല കാരണങ്ങളാലും സാധാരണങ്ങളായ മതേതരപത്രങ്ങളിൽ വേണ്ടവിധം പ്രകാശിപ്പിക്കപ്പെടുന്നില്ലെന്നു കർദ്ദിനാൾ തിരുമേനി അരുളിച്ചെയ്യുന്നതു് ഈ രാജ്യത്തെ സംബന്ധിച്ചിടത്തോളം കൂടുതൽ വാസ്തവമാണല്ലോ. ആകയാൽ മതേതരപത്രങ്ങൾകൊണ്ടുമാത്രം തൃപ്തിപ്പെടാതെ ഒരു കത്തോലിക്കാ പത്രമെങ്കിലും കുടുംബത്തിൽ വരുത്തി വായിച്ചുകൊണ്ടിരിക്കുവാൻ ഓരോ കത്തോലിക്കാ കുടുംബത്തലവനും അമാന്തിച്ചുകൂടാത്തതാണു്.


സത്യദീപം വരിസംഖ്യ

പ്രതിവർഷം

ഇൻഡ്യയിൽ ക. 6— 8—0

ഇൻഡ്യക്കുപുറമെ „ 8—12—0


തിഗംഭീരമായ ഒരു സ്വീകരണമാണു് നൽകിയതു്. അത്യാഡംബരപൂർവ്വകമായ സ്വീകരണഘോഷയാത്ര ഫൊറോനാദേവാലയത്തിൽ എത്തിച്ചേർന്നതോടെ തിരുമേനി ജനങ്ങളെ ആശീർവ്വദിച്ചു. തുടർന്നു് സ്ഥലം സെൻറു് ജോസഫ്സ് ഹൈസ്കൂൾ ഹാളിൽവച്ചു അനുമോദനയോഗം നടന്നു. ഇടവകക്കാരുടേയും സ്കൂൾകാരുടേയും മംഗളപത്രങ്ങൾ സമർപ്പിക്കപ്പെട്ടു. തിരുമേനി മാമ്മോദീസാ, മുമ്പിലത്തെ ഒപ്രൂശുമാ മുതലായ വി. കൂദാശകൾ സ്വീകരിക്കുകയും ബാല്യകാലവിദ്യാഭ്യാസം പ്രശസ്തമായി നിർവ്വഹിക്കുകയും ചെയ്ത ഈ സ്ഥലത്തു അവിടുത്തെ ഒരു മെത്രാനായി സ്വീകരിക്കുന്നതിനു ലഭിച്ച അസുലഭാവസരം സ്ഥലവാസികൾ യഥാവിധി ഉപയോഗപ്പെടുത്തുകതന്നെ ചെയ്തു. മറുപടിപ്രസംഗത്തിൽ തിരുമേനി അങ്കമാലിയുടെ പ്രശസ്തമായ പുരാതനചരിത്രത്തെ അനുസ്മരിക്കുകയും പ്രത്യേകിച്ചും ആധുനികകാലങ്ങളിൽ വിദ്യാഭ്യാസവിഷയത്തിൽ അദ്ധ്യാപകാദ്ധ്യേതാക്കളും രക്ഷാകർത്താക്കളും സ്വീകരിക്കേണ്ട പാവനമായ പാരമ്പര്യങ്ങളെപ്പററി ശക്തിയുക്തം ഉൽബോധിപ്പിക്കുകയും ചെയ്തു.

പിറേറദിവസം രാവിലെ ദിവ്യബലി ഇവിടെ അർപ്പിക്കുകയും നൂറിൽപ്പരം കുട്ടികൾക്കു പ്രഥമദിവ്യകാരുണ്യവും മുന്നൂറിൽപ്പരം കുട്ടികൾക്കു മുമ്പിലത്തെ ഒപ്രൂശുമായും നൽകുകയുമുണ്ടായി. അനന്തരം സ്ഥലത്തെ വിൻസൻഷ്യൻ ആശ്രമം, ക്ലാരമഠം, ചെറുപുഷ്പാസ്പത്രി മുതലായ സ്ഥാപനങ്ങൾ സന്ദർശിച്ചു. പുതുതായി പണിതീർത്തിട്ടുള്ള മെഡിക്കൽ സിസ്റ്റേഴ്സ് ക്വാർട്ടേഴ്സ്, മെഡിക്കൽമാൻസ് ക്വാർട്ടേഴ്സ് എന്നിവ തിരുമേനി സന്ദർശിക്കുകയും രോഗികളെ സന്ദർശിച്ചു് അവരെ അനുഗ്രഹിക്കുകയും മധുരപലഹാരങ്ങൾ വിതരണം ചെയ്യുകയും ചെയ്തു.

കൊരട്ടി—സ്ഥലത്തെ ആരാധനാമഠത്തിലെ 25 അർത്ഥിനികൾക്കു് ഡി. 28-ാംനു എറണാകുളം സഹായമെത്രാൻ തിരുമനസ്സുകൊണ്ടു് സഭാവസ്ത്രം നൽകുകയുണ്ടായി. 27-ാംനു സ്ഥലത്തെത്തിയ തിരുമേനി കൊരട്ടി പള്ളിയിൽ വിശ്രമിച്ചു. തിരുമനസ്സുകൊണ്ടു് മാർ അഗസ്റ്റിൻ മെമ്മോറിയൽ ഹൈസ്കൂൾ, കന്യകാലയം, സിമിത്തേരികപ്പേള മുതലായവ സന്ദർശിച്ചു.

കരുമാല്ലൂർ—ഈ ഇടവകയിലെ പ്രശസ്ത വൈദികനായ റവ. ഫാദർ ജോസഫ് മേനാ

ച്ചേരി ബി. എ. അവർകളുടെ ഗുരുപ്പട്ട രജതജൂബിലി മഹാമഹം ഡി. 28-ാംനു സാഘോഷം ഇട്ടിനാസികൾ ആഘോഷിച്ചു ജൂബിലേറിയനെ അനുമോദിക്കുന്നതിനു ചേർന്ന പൊതുയോഗത്തിൽ എറണാകുളം സഹായമെത്രാൻ റൈററ് റവ. ഡോം.

## ക്രിസ്തുവിന്റെ ദൈവത്വം

മതത്തെപ്പററി ചിന്തിക്കുന്ന ഏതൊരുത്തനും സ്വയം ചോദിക്കാറുണ്ട്. "ക്രിസ്തുവിനെ യഥാർത്ഥത്തിൽ അറിയുന്നവരുടെ എണ്ണം ഇത്ര കുറയുവാൻ കാരണമെന്തായിരിക്കാം? അവിടുത്തെ അന്വേഷിക്കുന്നവരുടെ സംഖ്യ വളരെ വലുതായിരിക്കെ, അവിടുത്തെ കണ്ടെത്തുന്നവരുടെ സംഖ്യ ഇത്ര ചുരുങ്ങുന്നതിനു ന്യായമെന്തു ?" എന്നു്.

ക്രിസ്തുവിനെ അഭിഗമ്യനും അനുഗ്രഹീതനുമായ ഒരു പ്രബോധകനായി കരുതുന്നവർ വളരെയാണു്. അദ്ദേഹത്തെ സമസ്യഷ്ടങ്ങളോടു് അനുഭാവമുള്ള സാമൂഹ്യസംസ്കാരകനായി പരിഗണിക്കുന്നവരും കുറവല്ല. എന്നാൽ ലോകത്തിന്റെ ദീപവും ജീവചൈതന്യവുമായി — മാനവമദ്ധ്യത്തിലുള്ള ദൈവമായി അവിടുത്തെ ദർശിക്കുന്നവർ വളരെ കുറച്ചു മാത്രമേയുള്ളു. കാരണം, അവിടുത്തെ ആരായുന്നവർ ഒന്നുകിൽ വേണ്ടത്ര വിനീതരല്ല; അഥവാ വേണ്ടത്ര പണ്ഡിതരല്ല—വിനയത്തിന്റേയും പാണ്ഡിത്യത്തിന്റേയും ഉന്നതനിലകളിൽമാത്രം ഉദ്ദർശിക്കപ്പെടാവുന്ന ഗഹനമായ ഒന്നത്രെ ദൈവത്വം.

—ഫൾട്ടൻ ഷീൻ

ജോസഫ് പാറേക്കാട്ടിൽ തിരുമേനി ആദ്ധ്യക്ഷം വഹിച്ചു റൈററ് റവ. മോൺ. ജോർജ് വല്യാറമ്പത്തു്, വെരി റവ. മോൺ. വറുഗീസ് പുതുശ്ശേരി എം. എ., മംഗലപ്പുഴ സെമിനാരി റെക്ടർ വെരി റവ. ഫാദർ ഔറേലിയൻ സീ. ഡി., ജസ്റ്റീസ് മി. ജോസഫ് വിതയത്തിൽ മുതലായ പ്രശസ്താതിഥികളും വൈദികപ്രധാനരും പരമുഖ്യരുമായ ജൂബിലേറിയന്റെ ഒട്ടവളരെ സ്യ

ഏത്തുകളും അതിൽ സംബന്ധിച്ചിരുന്നു. മംഗളപത്രസമർപ്പണം അനുമോദനപ്രസംഗങ്ങൾ മതലായ ചടങ്ങുകൾ ഭംഗിയായി നടന്നു. ജൂബിലേറിയന്റെ ഒരു ഛായാപടം അദ്ദേഹം സ്വന്തചിലവിൽ പണികഴിച്ച സ്കൂൾഹാളിൽ അഭിവന്ദ്യ അദ്ധ്യക്ഷൻ തിരുമേനി അനാച്ഛാദനം ചെയ്തു. ദിവ്യശ്രീ മേനാച്ചേരി അവർകളുടെ സതീർത്ഥ്യനും ജൂബിലേറിയനുമായ മോൺ. പുതുശ്ശേരി അവർകളുടെ നേർക്കുള്ള അനുമോദനാശംസകളും തദവസരത്തിൽ പ്രകടിപ്പിക്കപ്പെടുകയുണ്ടായി. പ്രശസ്ത ജൂബിലേറിയന്മാർ രണ്ടുപേരും സന്ദർഭോചിതമായ മറുപടിപ്രസംഗങ്ങൾ നടത്തി. ഉപസംഹാരപ്രസംഗത്തിൽ അഭിവന്ദ്യ അദ്ധ്യക്ഷൻ തിരുമേനി ജൂബിലേറിയന്മാർ ഇരുവരും ബാല്യകാലഘട്ടത്തിൽ തിരുമനസ്സിലെ ഗുരുപദം അലങ്കരിച്ചിട്ടുള്ളവരാണെന്നുള്ള വസ്തുത പ്രകടമാക്കുകയുണ്ടായി. അവരുടെ മഹനീയമായ സേവനപാരമ്പര്യങ്ങളേയും അദ്ദേഹം അനുസ്മരിച്ചു. ഗ്രൂപ്പ്ഫോട്ടോ, ഗാർഡൻ പാർട്ടി മുതലായ ഇതരചടങ്ങുകളും മംഗളമായി നിർവ്വഹിക്കപ്പെട്ടു.

മററം—സ്ഥലം സെൻറു് ഫ്രാൻസിസ് ഹൈസ്കൂളിൽ പണിചെയ്തിരിക്കുന്ന "ബേബിച്ചൻ" ആലപ്പാട്ടു് ജൂബിലിമെമ്മോറിയൽ സയൻസ് ഹാൾ" ഡിസംബർ 23-ാംനു ഉച്ചതിരിഞ്ഞു് തൃശ്ശൂർ മെത്രാൻ തിരുമനസ്സുകൊണ്ടു് ഉൽഘാടനം ചെയ്തിരിക്കുന്നു. വന്ദ്യ തിരുമേനി ഈ ഇടവകയിൽ വികാരിയായിരുന്ന കാലത്തു് അഭിലഷിച്ചിരുന്നതാണു് ഈ ഹൈസ്കൂൾ എന്നും തന്മൂലം അതിന്റെ വളർച്ചയും നടത്തിപ്പും എപ്പോഴും സസ്നേഹം വീക്ഷിച്ചുകൊണ്ടാണിരിക്കുന്നതെന്നും തിരുമേനി വ്യക്തമാക്കി. ഇപ്പോഴത്തെ മാനേജരായ റവ. ഫാദർ ജയിക്കബ്ബ് അറയ്ക്കൽ അവർകളുടെ ഷഷ്ടിപൂർത്തിയും ഇതോടൊന്നിച്ചു ആഘോഷിക്കയുണ്ടായി. ടേയിപ്പിസല്ക്കാരം ഗ്രൂപ്പ്ഫോട്ടോ മുതലായ പരിപാടികളിൽ റവ. ഫാദർ സെബാസ്റ്റ്യൻ വെള്ളാനിക്കാരൻ, വെരി റവ. മോൺ. പോൾ കാക്കശ്ശേരി പി എച്ച്. ഡി. ഡി. ഡി. മുതലായി നൂറോളം അതിഥികൾ പങ്കെടുക്കുകയുണ്ടായി.

പാവറട്ടി—സെൻറ് വിൻസെൻറ് ഡി പോൾ സംഘത്തിന്റെ 6-ാം വാർഷികയോഗം ശ്രീമാൻ പി. ഡി. തൊമ്മൻ എം. എ. ബി. എൽ. അവർകളുടെ മഹനീയാദ്ധ്യക്ഷ്യത്തിൽ 1953 ഡിസമ്പർ 20-ാംനു ഞായറാഴ്ച ഉച്ചതിരിഞ്ഞു് 4-30 നു് സ്ഥലം പള്ളി മൈതാനത്തിൽ വച്ചു ചേർന്നു യോഗത്തിൽ ശ്രീമാൻ ജോർജ്ജ് നെല്ലായി അവർകൾ പ്രസംഗിച്ചു. കുട്ടികളുടെ കലാപ്രകടനങ്ങൾ സദസ്യരെ ആദ്യന്തം ആനന്ദഭരിതരാക്കി.

പുതുക്കാട്—സ്ഥലത്തു സ്ഥാപിതമായിരിക്കുന്ന സെൻറു് വിൻസെൻറു് ഡി പോൾ സംഘത്തിന്റെ 7-ാം വാർഷികസമ്മേളനവും, ഫ്രെഡറിക്കു് ഓസനാമിന്റെ ചരമശതാബ്ദജൂബിലിയാഘോഷവും ഡിസമ്പർ 27-ാംനു ഞായറാഴ്ച നടത്തപ്പെട്ട സമ്മേളനത്തിൽ ശ്രീ പി. ഡി. തൊമ്മൻ എം. എ. ബി. എൽ. അവർകൾ അദ്ധ്യക്ഷത വഹിക്കുകയും ശ്രീ സി. ജെ. ആൻറണി ബി. എ. ബി. എൽ അവർകൾ ഒരു പ്രസംഗം ചെയ്കയും ചെയ്തു.

മാറക്കര—സ്ഥലം തിരുക്കുടുംബദേവാലയത്തിൽ ചേരമസാംബവ കത്തോലിക്കരുടെ ആഭിമുഖ്യത്തിൽ ആണ്ടുതോറും നടത്തിവരാറുള്ള വി. തോമ്മാശ്ലീഹായുടെ തിരുനാൾ ഇക്കൊല്ലം ഡി. 20-ാംനു പൂർവ്വാധികം ഭംഗിയായി കൊണ്ടാടിയിരിക്കുന്നു.

രാമപുരം—ഓസനാമിന്റെ ചരമത്തിന്റെ ഒന്നാം ശതാബ്ദജൂബിലിയാഘോഷവും രാമപുരം സെൻറു് വിൻസെൻറു് ഡി പോൾ സഖ്യം സെൻറു് അഗസ്റ്റിൻസ് കോൺഫറൻസിന്റെ ആറാമതു് വാർഷികവും ഏകോപിച്ചുള്ള സമ്മേളനം ഡി. 20-ാംനു ചങ്ങനാശ്ശേരി മെത്രാൻ റൈററ് റവ. ഡോക്ടർ മാത്യു കാവുകാട്ടു് തിരുമനസ്സിലെ മഹനീയാദ്ധ്യക്ഷതയിൽ കൂടുകയുണ്ടായി. തദവസരത്തിൽ കെ. ഡേവിഡ് മഹാപിള്ള, വി. എം. അഗസ്റ്റിൻ ബി എസ് സി. ബി. എൽ., എം. എം. ജേക്കബ്ബ് എം. എ. എൽ എൽ. ബി. എന്നിവർ പ്രസംഗിച്ചു.

ഒല്ലൂർ— "ഒരു ദിവ്യപൂജ അർപ്പിക്കുവാൻ ഇടവരുന്നതുതന്നെ എത്രയോ വലിയ ഒരു ഭാഗ്യമാണു്. ആ നിലയ്ക്കു് പതിനെണ്ണായിരത്തിൽപ്പരം ദിവ്യപൂജകൾ അർപ്പിക്കുവാനുള്ള മഹാഭാഗ്യം കൈവന്നിരിക്കുന്ന ഈ വൈദികനെ അനുമോദിക്കുവാൻ എനിക്കു് അത്യധികമായ ആഹ്ളാദമുണ്ട്." എന്നിങ്ങനെയാണു് ഈ ഇടവകാംഗമായ മേനാച്ചേരി ബ. യാക്കോബച്ചന്റെ പൗരോഹിത്യ സുവർണ്ണജൂബി

(ശേഷം 5-ാം പേജിൽ)

വിമർശനവീഥി

# കമ്മ്യൂ: പാർട്ടിയെപ്പററി മലയാളരാജ്യലേഖകൻ

[കുറെ ദിവസങ്ങൾക്കുമുമ്പു് തിരുകൊച്ചി കമ്മ്യൂണിസ്റ്റു പാർട്ടി കൊല്ലത്തുവച്ചു നടത്തിയ കൺവൻഷന്റേയും പ്രകടനങ്ങളുടേയും ഗൂഢാലോചനകളുടേയും തനിനിറം കാണിച്ചുകൊണ്ടു് ജി. എസ്സ്. പിള്ള എന്നൊരു ലേഖകൻ മലയാളരാജ്യത്തിൽ എഴുതിയിരുന്ന കാര്യങ്ങളിലേക്കു് വായനക്കാരുടെ ശ്രദ്ധയെ ആകർഷിക്കുവാൻ ഞങ്ങൾക്കു സന്തോഷമുണ്ടു്. ആ ലേഖനത്തിലെ ചില ഭാഗങ്ങളാണു് കീഴെ ഉദ്ധരിക്കുന്നതു്.]

കമ്മ്യൂണിസത്തിന്റെ വിശ്വരൂപം ഇക്കഴിഞ്ഞ ഞായറാഴ്ച വൈകുന്നേരം കൊല്ലത്തു ദർശിക്കപ്പെട്ടു. ചുവപ്പുഭടന്മാർ നഗരവീഥികളിലൂടെ സൈനികരീതിയിൽ മാർച്ചുചെയ്തു. കന്റോൺമെന്റു് "ഐക്യനഗറിൽ"വച്ചു ഒരു പൊതുസമ്മേളനം നടത്തപ്പെട്ടു. അതു കഴിഞ്ഞുള്ള കലാപ്രകടനങ്ങൾ അർദ്ധരാത്രിവരെ നീണ്ടുനിന്നു.

സഖാക്കളായ ഇ. എം. എസ്സ്, എ. കെ. ജി, ടി. വി. തോമസ്സ്, പി. ററി. പുന്നൂസ് എന്നിവരുടെ നേതൃത്വത്തിൽ കമ്മ്യൂണിസ്റ്റ് കലിവേഷക്കാർ കൊല്ലം നഗരവീഥികളിലൂടെ ഒരു നരകയാത്ര നടത്തി. ചെങ്കുപ്പായവും ചുവപ്പുതൊപ്പിയും ധരിച്ച ആ നിണവേഷങ്ങൾ അണിയണിയായി മാർച്ചുചെയ്തു. അവർ മുഷ്ടിചുരുട്ടി ഉച്ചത്തിൽ "ഉലയട്ടങ്ങനെ ഉലയട്ടെ—കോൺഗ്രസ്സ് ഭരണം ഉലയട്ടെ" എന്നിങ്ങനെയുള്ള സാമ്പിൾ മുദ്രാവാക്യങ്ങൾ വിളിച്ചുകൂവി. കന്റോൺമെന്റു മൈതാനത്തു അവർ പല പരാക്രമങ്ങളും കാട്ടിക്കൂട്ടി.

വയലാർ പുന്നപ്ര നഗറിൽ വച്ചു സഖാവു് ഇ. എം. എസ്സിന്റേയും മററു നേതൃത്വത്തിൽ 210 കമ്മ്യൂണിസ്റ്റ് പ്രതിനിധികൾ അഞ്ചുദിവസത്തെ രഹസ്യചർച്ചകളുടെ ഫലമായി ഒരു "നയം" അംഗീകരിക്കുകയും, ആ നയം നടപ്പിൽ വരുത്താനായി 21പേരടങ്ങിയ ഒരു കമ്മിററിയെ ജനങ്ങളുടെ മുമ്പിൽ കാഴ്ചവയ്ക്കുകയും ചെയ്തിട്ടുണ്ടു്. സഖാവു് എം. എൻ. ഗോവിന്ദൻനായരാണു് കമ്മിററിയെ നയിക്കുന്നതു്.

കമ്മ്യൂണിസ്റ്റു പാർട്ടിയെപ്പോലെയുള്ള ഒരു ഫാസിസ്റ്റ് പാർട്ടിക്കു ഘോഷയാത്രകളും മററും നടത്തുകയെന്നതു് വലിയൊരു കാര്യമല്ല. പ്രകടനങ്ങൾ കൂടാതെ ഫാസിസ്റ്റ് പാർട്ടികൾക്കു് ജീവിക്കാൻ സാദ്ധ്യമല്ല. പ്രകടനത്തിന്റെ പ്രാഭവവും പ്രൗഢിയും വർദ്ധിപ്പിക്കുന്നതിനുള്ള തൊപ്പിയും ചട്ടയും നിർമ്മിക്കാൻ പാർട്ടി ഫണ്ടു് നിർലോഭം വിനിയോഗിക്കപ്പെടുന്നു. കൂടാതെ ചില അജ്ഞാതഹസ്തങ്ങളും അവർക്കു് ധനസഹായം നൽകുന്നു.

ജനസേവനത്തിനുവേണ്ടി നിലകൊള്ളുന്ന ഒരു ജനാധിപത്യകക്ഷിക്കു് ഇത്തരം പ്രകടനങ്ങൾക്കുവേണ്ടി പണം ദുർവിനിയോഗം ചെയ്യാൻ സാദ്ധ്യമല്ല.

ബഹുജനങ്ങളുടെ മനംമാററാൻ സമരപ്രകടനങ്ങൾ, സൈനികാഭിവാദ്യങ്ങൾ, ഔപചാരികമായ ചടങ്ങുകൾ, പടനീക്കങ്ങൾ മുതലായവ സർവ്വാധിപത്യത്തിന്റെ സമ്പ്രദായങ്ങളാണു്. ഭീഷണികൊണ്ടുമാത്രമേ ജനങ്ങളുടെ അനുസരണനേടാൻ സർവ്വാധിപതിക്കു കഴിയൂ. റഷ്യൻ സർവ്വാധിപതിയായ സ്റ്റാലിനും, ജർമ്മൻ ഹ്യൂററും, ഇററാലിയൻ ഡ്യൂസുമെല്ലാം ഈ നയം പിൻതുടർന്നിരുന്നു.

### അവർ അധികാരത്തിൽ വന്നാൽ

കമ്മ്യൂണിസ്റ്റു പാർട്ടി അധികാരത്തിൽ വന്നാൽ എന്തെല്ലാം വരുമെന്നുള്ളതിന്റെ ഒരു സൂചനയാണു് കൊല്ലം നഗരത്തിൽ ദർശിക്കപ്പെട്ടതു്.

"ഞങ്ങൾക്കു വിശക്കുന്നു; ഞങ്ങൾക്കാഹാരം തരിക" എന്നു മന്ത്രിമാരോടു് ആവശ്യപ്പെടാനും, പട്ടിണിജാഥകൾ നയിക്കാനും, പ്രക്ഷോഭണം കൂട്ടാനും ഒരു ജനാധിപത്യരാജ്യത്തിലെ ജനങ്ങൾക്കു് കഴിയും. പരാതികളുടെ പട്ടികകളും, അവശതകളുടെ കാററ്‌ലോഗുകളും അവിടെ സർവ്വസാധാരണമായിരിക്കും. ഒരു സർവ്വാധിപത്യത്തിൽ അവയെപ്പററിയുള്ള ശബ്ദമേ കേൾക്കുകയില്ല. അവിടെ സർവ്വസമ്പൽസമൃദ്ധമായ ആ സ്വന്തനാട്ടും കൃപാനിധിയായ ഡിക്ടേററും വാനോളം വാഴ്ത്തപ്പെടുന്നു. സർവ്വാധിപതി ജനങ്ങളുടെ സ്വാതന്ത്ര്യത്തെ അടിച്ചമർത്തുകയും, എതിരാളികളെ തേജോവധം ചെയ്യുകയും, ജയിലുകൾ നിറയ്ക്കുകയും ചെയ്താലും അദ്ദേഹം ജനങ്ങൾക്കു് ആരാധ്യനാണു്. അമ്മമാർക്കു് സ്റ്റേററുസഹായവും കുഞ്ഞുങ്ങൾക്കു് ഇൻഷ്വറൻസും, തൊഴിലാളികൾക്കു് മുഴുവൻ തൊഴിലും, രാജ്യാഭിമാനികളായ ഉദ്യോഗസ്ഥന്മാർക്കു് ശമ്പളത്തോടുകൂടിയ അവധിയും, ഫാക്ടറി ലഞ്ച്റൂമുകൾക്കു് മേളവാദ്യത്തോടൊപ്പം ഹിററ്ലർ നൽകിയിരുന്നു. തങ്ങളുടെ പ്രിയപ്പെട്ട ഫ്യൂററിനുവേണ്ടി ജർമ്മൻകാർ കക്ഷിഭേദമെന്യേ നാസിപാർട്ടിക്കു് "ജാ" എന്നു വോട്ടുചെയ്തു. പ്രമാദാതീതനായ തങ്ങളുടെ നേതാവിനെപ്പററി അവർ ഔദ്യോഗികകീർത്തനം മുഴക്കി. എന്നാൽ നാസി ജർമ്മനി ഇന്നെവിടെ?

ഒരു ജനാധിപത്യത്തിൽ യാതൊരു നേതാവിനും ഒരു സർവ്വാധിപത്യത്തിൽ ഏകശാസനാധികാരിക്കു് ലഭിക്കുന്നതുപോലെയുള്ള ആദരവും ബഹുമാനവും ആർജ്ജിക്കാൻ സാദ്ധ്യമല്ല. ചരിത്രത്തിൽ അങ്ങനെയൊരു ദൃഷ്ടാന്തമില്ല. സ്റ്റാലിനതു സാധിച്ചു. മലങ്കോവിനും അതു സാധിക്കുമായിരിക്കും. മേയ്‌ദിനാഘോഷങ്ങളിൽ "മഹാനായ സ്റ്റാലിൻ ജയിക്കട്ടെ" എന്നു് അനേകലക്ഷം കണ്ഠങ്ങൾ ഒന്നിച്ചു വിളിച്ചുകൂവിയതു് സഖാവു് എ. കെ. ജി. യുടെ കർണ്ണപുടങ്ങളിൽ ഇന്നും പ്രതിധ്വനിക്കുന്നുണ്ടാവാം. എന്നാൽ ഒരു ജനാധിപത്യരാജ്യത്തിലെ രാഷ്ട്രത്തലവനോ, പ്രധാനമന്ത്രിയോ അത്തരം ഒരു ബഹുമതി അവകാശപ്പെടുന്നില്ല; അർഹിക്കുന്നുമില്ല.

നാസി ജർമ്മനിയുടേയും, ഫാസിസ്റ്റ് ഇററലിയുടേയും മാതൃകയിലോ, ഒരുപക്ഷേ അതിനെക്കാൾ ഉഗ്രമായ രൗദ്രഭാവത്തോടുകൂടിയോ ശിലായുഗരാക്ഷസനെപ്പോലെ റഷ്യൻ സർവ്വാധിപത്യം അതിന്റെ വിശ്വരൂപം ചമയുന്ന ഒരു കാലഘട്ടമാണിതു്. ലോകത്തിന്റെ മൂന്നിലൊരുഭാഗം ഇന്നു് അതിന്റെ ഇരുമ്പുമുഷ്ടിക്കു് കീഴിലായിരിക്കുന്നു. സോവിയററു് സാമ്രാജ്യശക്തിയുടെ പാദാന്തികത്തിൽ ഇന്ത്യയേയും അടിയറവയ്ക്കാനാണു് കമ്മ്യൂണിസ്റ്റുകാർ ഇന്നിവിടെ ചാരപ്രവർത്തനം നടത്തിക്കൊണ്ടിരിക്കുന്നതു്. യുദ്ധകാലത്തു ജനകീയസമരത്തിന്റെ പേരിൽ ദേശീയസ്വാതന്ത്ര്യത്തെ ഒററുകൊടുത്ത നയവഞ്ചകർ ഇന്നും അവരുടെ പഴയ തൊഴിൽ ഒരു പുതിയ രീതിയിൽ നടത്തുകയാണു്.

### ഇതാണു പ്രശ്നം

ഈ പശ്ചാത്തലത്തിൽ തിരുകൊച്ചിയിൽ അടുത്തു നടക്കുവാൻ പോകുന്ന തിരഞ്ഞെടുപ്പു് കേവലം ഒരു പ്രാദേശികകാര്യമല്ല. അതിനു് ഒരു സാർവ്വദേശീയ സ്വഭാവമുണ്ടു്.

ഐക്യമുന്നണി ഗവമെന്റു് എന്ന പേരിൽ ഒരു കമ്മ്യൂണിസ്റ്റ് സർവ്വാധിപത്യഭരണകൂടം ഇവിടെ ആവിർഭവിക്കുകയും, റഷ്യൻ സാമ്രാജ്യവികസനപരിപാടിയിൽ ഒരു പുതിയ സമരമുഖം ഇൻഡ്യയിൽ തുറക്കുന്നതിനുള്ള സാഹചര്യങ്ങൾ സൃഷ്ടിക്കപ്പെടുകയും ചെയ്യണമോ? അതോ, ജനാധിപത്യവ്യവസ്ഥിതി നിലനിർത്തുകയും രാജ്യത്തിന്റെ സ്വാതന്ത്ര്യം സംരക്ഷിക്കുകയും ചെയ്യണമോ?

ഇതാണു് തിരുകൊച്ചിയിലെ ജനങ്ങളെ അഭിമുഖീകരിക്കുന്ന പ്രശ്നം. ഈ പ്രശ്നത്തെ കമ്മ്യൂണിസ്റ്റുകാർ മറെറാരു രീതിയിലാണു് ബഹുജനങ്ങളുടെ മുമ്പിൽ അവതരിപ്പിക്കുന്നതു്.

ആംഗ്ലോ അമേരിക്കൻ സാമ്രാജ്യമുതലാളിത്ത കൂട്ടുകെട്ടിൽ പെട്ടിരിക്കുന്ന കോൺഗ്രസിന്റെ ഭരണത്തിൽനിന്നു രാജ്യത്തെ വിമോചിപ്പിച്ചു് യഥാർത്ഥ ജനകീയജനാധിപത്യം സ്ഥാപിക്കണമോ? അതോ "ജനദ്രോഹിയായ കോൺഗ്രസിനെ വീണ്ടും അധികാരത്തിൽ പ്രതിഷ്ഠിക്കണമോ" എന്നതാണു് തിരഞ്ഞെടുപ്പിലെ പ്രശ്നമെന്നു അവർ ജനങ്ങളെ ധരിപ്പിക്കാൻ ശ്രമിക്കും.

### ആ രഹസ്യമെന്തു

ആദ്യത്തെ ഉദ്ദേശ്യം സാധിക്കാൻവേണ്ടി കോൺഗ്രസിനെതിരായി ഒരു ജനകീയസംഘടന കെട്ടിപ്പടുക്കാനും അവർ തീരുമാനിച്ചിട്ടുണ്ടു്. ഇത്രയുംകാര്യങ്ങൾ അവർ തുറന്നുപറയുകയും ചെയ്യും. മററു കാര്യങ്ങൾ വളച്ചും, തിരിച്ചും, ഒടിച്ചും വാചകങ്ങൾ ചമച്ചു് ഒരു നയപ്രഖ്യാപനമെന്നോ, പ്രകടനപത്രികയെന്നോ ഉള്ള പേരിൽ ബഹുജനങ്ങളുടെ മുമ്പിൽ എടുത്തെറിയുകയും ചെയ്യും. ചാക്കിനകത്തു് ഒളിച്ചുവച്ചിരിക്കുന്ന പൂച്ച വെളിക്കു ചാടുകയില്ലെന്നാണു് അവരുടെ ഭാവം. എന്നാൽ ഐക്യനഗർ യോഗത്തിൽവച്ചു പൂച്ച വെളിക്കു ചാടുകയുണ്ടായി. തങ്ങളുടെ നയം മറയ്ക്കാനും ഒളിക്കാനും എത്രതന്നെ ശ്രമിച്ചിട്ടും കമ്മ്യൂണിസ്റ്റ് നേതാവായ എ. കെ. ജി യുടെ പ്രസംഗത്തിൽ അവിടവിടെയുണ്ടായിരുന്ന സൂചനകൾ ഇണക്കിച്ചേർത്തുനോക്കിയാൽ ആ രഹസ്യമെന്തെന്നു കരതലാമലകംപോലെ വ്യക്തമാകുന്നതാണു്.

കോൺഗ്രസ്സും, അദ്ധ്വാനിക്കുന്ന ജനവിഭാഗങ്ങളും തമ്മിലുള്ള ഒരു സമരമായിട്ടാണു് ആസന്നമായ തിരഞ്ഞെടുപ്പിനെ എ. കെ. ജി ചിത്രീകരിച്ചതു്.

തിരഞ്ഞെടുപ്പിൽ കോൺഗ്രസ്ഭരണത്തെ മാററാൻവേണ്ടി ഐക്യമുന്നണിക്കു വോട്ടുചെയ്യുക മാത്രമല്ല തിരഞ്ഞെടുപ്പിനുശേഷവും ജനങ്ങളുടെ ഐക്യത്തിനും സംഘടനയ്ക്കും എതിരായി നീങ്ങുന്ന സകലശക്തികളെയും നിർമ്മാർജ്ജനം ചെയ്യുന്നതിനു തങ്ങളുടെ ഗവമെന്റിനെ സഹായിക്കണമെന്നും, പോരാ, കോൺഗ്രസോ അതുപോലെയുള്ള മററു കക്ഷികളോ തലയുയർത്താതിരിക്കത്തക്കവിധത്തിൽ ജനാധിപത്യത്തെ എന്നന്നേക്കുമായി അടച്ചുബന്ധമിട്ടുറപ്പിക്കണമെന്നുമായിരുന്നു എ. കെ. ജി ചെയ്ത പ്രസംഗത്തിന്റെ രത്നച്ചുരുക്കം.

ജനാധിപത്യം അതിന്റെ ഏററവും പ്രായോഗികമായ അർത്ഥത്തിൽ ഒരു ഗവമെന്റിനെ മാററാനുള്ള സ്വാതന്ത്ര്യം ജനങ്ങൾക്കു നൽകുന്നു. എന്നാൽ ഐക്യമുന്നണി ഗവർമ്മെന്റു് രൂപീകരിച്ചുകഴിഞ്ഞാൽപിന്നെ ആ ഗവർമ്മെന്റിനെ അക്ഷയമായും ശാശ്വതമായും നിലനിർത്തുകയും, അതിനെതിരായുള്ള ശക്തികളെയെല്ലാം അടിച്ചമർത്തുകയും ചെയ്യണമെന്നു് എ. കെ. ജി ഉൽബോധിപ്പിച്ചപ്പോൾ വയലാർ പുന്നപ്രനഗറിൽ ആസൂത്രണംചെയ്യപ്പെട്ട നയമെന്തെന്നു സൂക്ഷ്മനിരീക്ഷകർക്കു മനസ്സിലാക്കാൻകഴിഞ്ഞു. കമ്മ്യൂണിസ്റ്റുകാർ കരുതോടും ഒരു കോൺഗ്രസ് വിരുദ്ധബഹുജനമുന്നണി കെട്ടിപ്പടുക്കാനുള്ള പ്ലാനും പരിപാടിയും തയ്യാറാക്കിക്കഴിഞ്ഞിട്ടുമുണ്ടു്. പി. എസ്. പി, ആർ. എസ്. പി, കെ. എസ്. പി തുടങ്ങിയ രാഷ്ട്രീയകക്ഷികളുമായി കൂട്ടുചേർന്നുള്ള ഒരു ഐക്യമുന്നണിഗവർമ്മെന്റിനെയല്ല കമ്മ്യൂണിസ്റ്റ് പാർട്ടി അതിന്റെ ബഹുജനപരിപാടിയിൽ അർത്ഥമാക്കുന്നതു്. തങ്ങളുടെ ബഹുജനസംഘടനയ്ക്കെതിരായി വല്ല ശക്തിയും തലപൊക്കിയാൽ അതിനെ നശിപ്പിച്ചുകളയുമെന്നുള്ള ഭീഷണിയുടെ അർത്ഥം, കോൺഗ്രസ് മാത്രമല്ല, പാർലമെന്ററി ജനാധിപത്യത്തിൽ വിശ്വസിക്കുന്ന മററു പാർട്ടികളും നിർമ്മാർജ്ജനം ചെയ്യപ്പെടുമെന്നാണു്. മറെറാരു കക്ഷിക്കും ജനങ്ങളെ ചേരിതിരിച്ചു നിർത്താൻ കഴിയാത്ത വിധത്തിൽ ബഹുജനസംഘടനയേയും അതിൽ അധിഷ്ഠിതമായ ഗവർമ്മെന്റിനേയും കെട്ടിപ്പടുക്കാനാണു് കമ്മ്യൂണിസ്റ്റ് ശ്രമം.

### ഇതാണു് ലാക്കു്

അത്രയുംകൊണ്ടുമായില്ല. അപ്രകാരം രൂപീകരിക്കപ്പെടുന്ന ഐക്യമുന്നണി ഗവർമ്മെന്റിനെ മറേറതെങ്കിലും കക്ഷികളോ ജനങ്ങൾക്കുതന്നെയുമോ മേലാൽ മാററാൻ കഴിയാത്ത വിധത്തിൽ അതു് അജയ്യവും, അപ്രതിരോധ്യവും, അഭംഗുരവുമായിരിക്കുമെന്നും എ. കെ. ജി. യുടെ പ്രസംഗത്തിൽനിന്നു് മനസ്സിലാക്കേണ്ടിയിരിക്കുന്നു. നൂറുശതമാനം ജനങ്ങളും കമ്മ്യൂണിസ്റ്റ് പാർട്ടിക്കു് വോട്ടുചെയ്യാൻ നിർബന്ധിതരാകുന്ന ജനകീയ ജനാധിപത്യത്തിലാണു് പൗരസ്വാതന്ത്ര്യത്തിന്റേയും മറെറല്ലാ സ്വാതന്ത്ര്യങ്ങളുടേയും തികവും മികവും കാണാൻ എ. കെ. ജി ഈ ഭാഗ്യംകെട്ട ജനങ്ങളെ ആഹ്വാനംചെയ്യുന്നതു്. ആ ജനകീയ ജനാധിപത്യഗവർമ്മെന്റിനെതിരായി ആരും പ്രക്ഷോഭണംകൂട്ടാതെ അതിനെ കണ്ണിലെ കൃഷ്ണമണിപോലെ സംരക്ഷിക്കേണ്ടതും, അതിനെതിരായുള്ള ശക്തികളെ നിർമ്മാർജ്ജനം ചെയ്യേണ്ടതും ജനങ്ങളുടെ കടമയിൽപെടുന്നു.

ഇന്നു് കോൺഗ്രസ് ഗവർമ്മെന്റിനെ വേണമെങ്കിൽ മാററി, തൽസ്ഥാനത്തു് പുതിയൊരു ഗവർമ്മെന്റു് രൂപീകരിക്കാനുള്ള അവകാശം കോൺഗ്രസ് തിരുവിതാംകൂർ കൊച്ചിയിലെ ജനങ്ങൾക്കു നൽകിയിരിക്കുകയാണു്. അവർ ജനങ്ങളുടെമുമ്പിൽ അപ്പീൽ ബോധിപ്പിച്ചിരിക്കുകയാണു്. അങ്ങനെയുള്ള ഒരു ഗവർമ്മെന്റിനുവേണ്ടിയല്ല കമ്മ്യൂണിസ്റ്റുകാർ നിലകൊള്ളുന്നതു്. തങ്ങളുടെ നേതൃത്വത്തിലുള്ള ഐക്യമുന്നണി ഗവർമ്മെന്റിനെ മാററാതിരിക്കാനുള്ള ജനാധിപത്യസ്വാതന്ത്ര്യമാണു് കമ്മ്യൂണിസ്റ്റുകാർ ജനങ്ങൾക്കു വാഗ്ദാനംചെയ്യുന്നതു്.

ജനങ്ങൾ ഒന്നായിനിന്നു ഗവർമ്മെന്റു രൂപീകരിച്ചുകഴിഞ്ഞാൽ, അതിനെ പിന്നെ മാറേറണ്ട ആവശ്യമേയില്ലെന്നാണു് കമ്മ്യൂണിസ്റ്റ് യുക്തിവാദം. റഷ്യയിൽ അങ്ങനെയാണു്. സർവ്വാധിപത്യരാജ്യങ്ങളിലെല്ലാം അങ്ങനെയായിരുന്നു. മരണംമാത്രമേ ഒരു സർവാധിപതിയെ മാററുകയുള്ളു. ഒരു സർവാധിപതിമരിച്ചാൽ മറെറാരു സർവാധിപതി ആ സ്ഥാനം ഏറെറടുക്കും. റഷ്യയിൽ സ്റ്റാലിൻ മരിച്ചപ്പോൾ മലങ്കോവു് അധികാരത്തിൽ വന്നതുപോലെ.

അങ്ങനെയുള്ള ഒരു വ്യവസ്ഥിതിയിലാണു് ജനാധിപത്യസ്വാ

## ഉപകാരസ്മരണ

ബ. അൽഫോൻസാമ്മയുടെ സഹായത്താൽ എന്റെ സുഖക്കേടു് ഭേദമായതിനു് ഉപകാരസ്മരണ.

സി. എം. ജെ. ചിററാർ

OUR NEW YEAR OFFER

എല്ലാവിധ

ചായങ്ങളും,
വാർണിഷ്,
ടർപെണ്ടയിൻ,
ഡിസ്റ്റമ്പർ തുടങ്ങിയ മററു സാധനങ്ങളും

ധർമ്മസ്ഥാപനങ്ങൾ,
കോളേജുകൾ,
ദേവാലയങ്ങൾ,
എന്നിവയെ ഉദ്ദേശിച്ചു്

ഫാക്ടറി നിരക്കിനു് വില്പന തുടങ്ങിയിരിക്കുന്നു. ആവശ്യക്കാർ ഒരുമാസം മുൻകൂട്ടി ഓർഡർ തന്നിരിക്കേണ്ടതാണു്. കൂടുതൽ വിവരങ്ങൾക്കു് അന്വേഷിക്കുക:—

C. K. VARGHESE & Co., TRICHUR
— ESTABLISHED IN 1850 —
ചേററുപുഴക്കാരൻ വർഗ്ഗീസ്സ് & കമ്പനി,
തൃശ്ശിവപേരൂർ

# മാർ ഈവാനിയോസ് തിരുമേനിയുടെ കത്തുകളും പ്രസംഗങ്ങളും

## XI അഖിലകേരളകത്തോലിക്കാ കോൺഗ്രസ്സിൽ ചെയ്ത അദ്ധ്യക്ഷപ്രസംഗം

(ഫാദർ തോമസ്സ് ഇഞ്ചയ്ക്കലോടി)

1931-ൽ മുവാററുപുഴവെച്ചു നടത്തിയ അഖിലകേരളകത്തോലിക്കാ കോൺഗ്രസ്സിൻെറ വാർഷികസമ്മേളനത്തിൽ ആദ്ധ്യക്ഷ്യംവഹിച്ചുകൊണ്ടു് മാർ ഈവാനിയോസ് തിരുമേനി നിർവ്വഹിച്ച ശ്രദ്ധേയമായ പ്രസംഗമാണ ചുവടെ ചേർക്കുന്നതു്:—

പരമകാരുണികനായ ദൈവത്തിൻെറ കൃപാതിരേകത്താലും, പരിശുദ്ധസിംഹാസനത്തിൻെറ അനുകമ്പാമസൃണമായ ആനുകൂല്യത്താലും യഥാർത്ഥ കാതോലിക്കാ സഭയുമായി പുനരൈക്യപ്പെട്ടവരും, ഈശോമിശിഹായുടെ വികാരിയും വി. പത്രോസ്സ്ശ്ലീഹായുടെ അനന്തരഗാമിയുമായ മാർപ്പാപ്പാ തിരുമേനിക്കു കീഴ്‌വഴങ്ങുകമൂലം ആ പരിശുദ്ധ പിതാവിനോടും തദ്വാരാ സർവ്വലോകകത്തോലിക്കരോടും വിശുദ്ധ സംസർഗ്ഗത്തിൽ പ്രവേശിപ്പാനും നമുക്കു സൗഭാഗ്യം ലഭിച്ചതിൽ ഹൃദയപൂർവ്വം നാം ദൈവത്തെ സ്തുതിക്കുന്നു. സ്നേഹപൂർവ്വമായ ക്ഷണം പ്രമാണിച്ചു് അഖില കേരളീയ കത്തോലിക്കാ കോൺഗ്രസ്സിൻെറ ഈ വാർഷികസമ്മേളനത്തിൽ അദ്ധ്യക്ഷ സ്ഥാനാരൂഢനായിരിക്കത്തക്കവണ്ണം കോൺഗ്രസ്സു് ഭാരവാഹികൾ നമ്മോടു പ്രദർശിപ്പിച്ചിട്ടുള്ള ഭക്തിബഹുമാനാദരങ്ങളിൽ നമുക്കു് അവരോടെവരോടുമുള്ള കൃതജ്ഞത അനിർവ്വാച്യമത്രേ. കേരളീയകത്തോലിക്കാസഭാന്തരീക്ഷത്തിലെ അഭിമാനജനകങ്ങളും പ്രോജ്ജ്വലതരങ്ങളുമായ നക്ഷത്ര സഞ്ചയത്തെ അടുത്തു കാണുവാൻ മാത്രമല്ല, അവയിൽ ഓരോന്നിൻേറയും തിളക്കവും വിളക്കവും നോക്കി കണ്ടാനന്ദിപ്പാനും ദൈവഗത്യാ ഇങ്ങനെയൊരു അവസരം ലഭിച്ചതിൽ നാം ചരിതാർത്ഥനുമായിരിക്കുന്നു.

ചേതഃസമാകർഷകവും അതുല്യരമണീയവുമായ ഒരു പൂങ്കാവനംതന്നെയാണു് കാതോലിക്കാ തിരുസഭയെന്നു പറയാം. നേത്രാഭിരാമങ്ങളും സുഗന്ധവാഹികളുമായി അതിൽ വിടർന്നുനിൽക്കുന്ന വിവിധ പുഷ്പങ്ങളെ കൺകുളക്കെ കണ്ടാനന്ദിക്കുന്നതിനും, ആയുഷ്കാലം മുഴുവൻ അവിടെയിരുന്നു് പ്രഭാതസായാഹ്നവേളകളിലെ മന്ദമാരുതനേററു് ആത്മസംയമനം ചെയ്യുന്നതിനും അവസരമോ അവകാശമോ ലഭിക്കുകയെന്നതു ഒരു മഹാഭാഗ്യമായി കരുതേണ്ടുന്നതത്രെ. പ്രസ്തുത ആരാമത്തിൽനിന്നു ഇറങ്ങിപ്പോകുവാൻ ഇടയായിട്ടുള്ളവരുടെ അവസ്ഥ തുലോം ദുസ്സഹമെന്നേ പറയാവതുള്ളു. മടിയനായ പുത്രനെപ്പോലെ അവർക്കു സ്വപിതാവിൻെറ ഭവനത്തിലേക്കു —അതെ, സ്വമാതൃഗൃഹത്തിലേക്കുതന്നെ— മടങ്ങിയെത്തുവാൻ സംഗതിവരുന്നപക്ഷം അതു് നിരുപമേയമായ സൗഭാഗ്യം തന്നെയായിരിക്കും. ഈ വർത്തമാനകാലത്തിൽ തിരുസിംഹാസനത്തിൻെറ പ്രത്യേകകടാക്ഷംമൂലം കേരളത്തിലെ അകത്തോലിക്കർക്കു് ഈ മഹാരാമത്തിൽ പ്രവേശിപ്പാൻ നൂതനമായ ഒരു മാർഗ്ഗംകൂടി ശരിപ്പെട്ടുകഴിഞ്ഞിരിക്കുന്ന വിവരം സുപ്രസിദ്ധമത്രേ. അതിലൂടെ വഴി നടന്നു് ആരാമത്തിൽ പ്രവേശിക്കുന്നവരെ കാണുക എന്നതു പലർക്കും ആഹ്ലാദജനകമായിത്തീർന്നിരിക്കുന്നതാണു്. അവരുടെ വേഷവും ഭാഷയും, നടപ്പും ഇരിപ്പും വ്യത്യസ്തമാണെങ്കിലും അവരുമായുള്ള അഭിമുഖദർശനം പൂർവ്വികകത്തോലിക്കരായ ഏവരേയും മർമ്മഭേദകമായ ഒരു ചരിത്രസംഭവത്തെ അനുസ്മരിപ്പിക്കുന്നുണ്ടു്. അതു, സൗഹാർദ്ദപൂർവ്വമായ 1600 സംവത്സരക്കാലത്തെ കുടുംബജീവിത പരമാനന്ദത്തെ ചിന്താധീനമാക്കുകയും ചെയ്യുന്നു.

എത്രയോ സംവത്സരങ്ങളായി അന്യോന്യ സമ്പർക്കംപോലുമില്ലാതെ വേർപിരിഞ്ഞു താമസിച്ചുവന്ന അരുമസന്താനങ്ങളെ പരസ്പരം യോജിപ്പിക്കുവാൻ പ്രജാവത്സലനായ ദൈവത്തിനു തിരുവുള്ളം തോന്നി. പൂർവ്വകാലത്തിലെന്നതുപോലെ അവരെല്ലാവരും ഒരു കുടുംബത്തിലെ അംഗങ്ങളെന്നവണ്ണം പുനഃസംഘടിക്കപ്പെടട്ടെ എന്നു് അവിടുന്നു് അഭിലഷിക്കുകയും ചെയ്തു. ഈ വിഷയത്തിൽ മാർ തോമ്മാശ്ലീഹായുടെ കണ്ണുനീർത്തുള്ളികൾ അയസ്കാന്തശക്തിയെ ഉത്തേജിപ്പിച്ചിരിക്കണമെന്നുതന്നെ നമുക്കു വിശ്വസിക്കാം. പരേതരും സജീവരുമായ അനേകസഹസ്രം ജനങ്ങളുടെ ഉഷ്മളനിശ്വാസങ്ങളാവട്ടെ വിഭാഗത്തിനാസ്പദമായ ആ പഴയ ആലാത്തുകയറിനെ വേർപ്പിക്കുകയും ചെയ്തിരിക്കുന്നു.

വലിപ്പത്തിലും ഭംഗിയിലും അതുല്യാവസ്ഥയെ അർഹിക്കുന്ന ഒരു മഹാ ഭദ്രാസനപ്പള്ളിയാണു് കാതോലിക്കാതിരുസഭ എന്നതിൽ പക്ഷാന്തരമില്ല. അതിനുള്ളിൽ ജനനവശാൽ കുടിയിരിപ്പാൻ സൗഭാഗ്യം ലഭിച്ചിട്ടുള്ളവരാണെങ്കിലും, പുറമേയുള്ള അതിൻെറ അലങ്കാരവിശേഷങ്ങളെയോ ഉപമയില്ലാത്ത അതിൻെറ കലാവൈശിഷ്ട്യത്തെയോ ഒരുപക്ഷേ നിങ്ങൾ കണ്ടിട്ടുണ്ടായിരിക്കുകയില്ല. എന്നാൽ നാം അതിനെ ദീർഘകാലം അകലേനിന്നു നോക്കി കണ്ടു; അനന്തരം അതിനുള്ളിൽ പ്രവേശിച്ചു് ആനന്ദപ്രദായകങ്ങളും ആശ്ചര്യാവഹങ്ങളുമായ പലതും സകൗതുകം വീക്ഷിക്കുകയും ചെയ്തിരിക്കുന്നു. പുറത്തുനിന്നു നോക്കുമ്പോഴാണു് സീമാതീതമായ അതിൻെറ ഉയരത്തെപ്പററി ഗ്രഹിക്കുവാൻ കഴിവുള്ളതു്. ആകാശമണ്ഡലവുമായി അഭേദ്യബന്ധമുള്ളവിധം അതിനോടു തൊട്ടുനില്ക്കുന്ന അതിൻെറ ഗോപുരങ്ങളുടെ ഉയരം കണക്കാക്കുക ആർക്കും അശക്യമത്രെ. സൂര്യരശ്മിതട്ടി മിന്നിത്തിളങ്ങിക്കൊണ്ടിരിക്കുന്ന അതിൻെറ വിസ്തൃതമായ മേല്പുര വിവിധവർണ്ണാകൃതിയിലുള്ള മേച്ചിൽശകലങ്ങളുടെ വിഹാരവിധാനംതന്നെയാണു്. ഭാസ്കരദീപ്തിയെ വിജയിക്കുമാറു് അതിനുമീതെ എഴുന്നുനില്ക്കുന്ന ആ വൻകുരിശിനെ കണ്ണിൽ വെള്ളം നിറയാതെ നോക്കിനില്പാൻ ആർക്കുംതന്നെ സാദ്ധ്യവുമല്ല. വി. യോഹന്നാൻശ്ലീഹാ പറയുന്നതു കേട്ടാലും: "മതിലിൻെറ പണി സൂര്യകാന്തംകൊണ്ടത്രേ. നഗരം സ്വച്ഛസ്ഫടികത്തിനൊത്ത തങ്കത്തെ അതിശയിക്കുകയും ചെയ്യുന്നു. സർവ്വവിധരത്നങ്ങളും അതിൻെറ അടിസ്ഥാനത്തിനായി ഉപയോഗപ്പെടുത്തിയിട്ടുണ്ടു്. ഒന്നാമത്തെ അടിസ്ഥാനം സൂര്യകാന്തംകൊണ്ടാണെങ്കിൽ രണ്ടാമത്തേതു നീലരത്നംകൊണ്ടത്രേ; മൂന്നാമത്തേതിനു മാണിക്യമാണെങ്കിൽ നാലാമത്തേതിനു മരതകം. അഞ്ചാമത്തേതു നഖവർണ്ണിയെങ്കിൽ ആറാമത്തേതു ചുവപ്പുകല്ലു്. ഏഴാമത്തേതു പീതരത്നമാണെങ്കിൽ എട്ടാമത്തേതു ഗോമേദകം. ഒൻപതാമത്തേതു പുഷ്യരാഗംകൊണ്ടാണെങ്കിൽ പത്താമത്തേതു് വൈഡൂര്യംകൊണ്ടു്. പതിനൊന്നാമത്തേതിനു പത്മരാഗമെങ്കിൽ പന്ത്രണ്ടാമത്തേതിനു സുഗന്ധിരത്നം." ജനനവശാൽ അതിലെ കുടിയിരിപ്പുകാരായ നിങ്ങളോടു നാമെന്തിനു ഇനി അതിൻെറ അന്തർഭാഗമാഹാത്മ്യത്തെപ്പററി വിസ്തരിച്ചു പറയുന്നു? പ്രാചീനഭാരതപുണ്യാത്മാക്കൾ ഓരോരുത്തരും അവിടെ പ്രത്യേകസ്ഥാനങ്ങളിൽ ഇരുന്നു് മനുഷ്യജീവിതാദർശത്തെപ്പററി തത്വോപദേശം ചെയ്യുന്നതിനെ നിങ്ങൾ കേട്ടിട്ടില്ലയോ? അർവ്വാചീനകാലത്തിലെ സിദ്ധവര്യന്മാരാകട്ടെ, ആധുനികലോകത്തിൻെറ ആത്മദാഹം ശമിപ്പിച്ചു് കൃതാർത്ഥരാകയും ചെയ്തുവരുന്നു. മനുഷ്യവർഗ്ഗത്തെ പ്രാചീനാർവ്വാചീന കാലങ്ങളിലേക്കായി കൈപിടിച്ചു നടത്തുകയും ആത്മോൽക്കർഷചിന്തയിൽ അതിനെ ആറാടിക്കുകയും, ഭൂവാസികൾക്കു് ഇഹത്തിൽ വെച്ചുതന്നെ സ്വർഗ്ഗീയാനന്ദാനുഭൂതിയെ ഉളവാക്കുകയും ചെയ്യുന്ന ലോകത്തിലെ ഏകസ്ഥാപനം അതൊന്നുമാത്രമത്രേ. വിവിധരാജ്യക്കാരും ഭാഷക്കാരുമായി ദൈവഹിതാനുവർത്തികളെന്നുള്ള മഹാബിരുദം സമ്പാദിച്ചു പുണ്യപദം നേടിയ സർവ്വവിശുദ്ധരും അവിടെ അണിനിരന്നു നില്ക്കുന്നതിനെ നിങ്ങൾ കണ്ടിട്ടുണ്ടായിരിക്കും. ജീവിതവൃത്തിയുടെ തരാതരവ്യത്യാസങ്ങളേയും, സാമൂഹികമായ അവസ്ഥാഭേദങ്ങളേയും ദൈവസേവനത്തിനു വിഘാതങ്ങളല്ലെന്നു അവർ ലോകസമക്ഷം സാക്ഷിപ്പെടുത്തിക്കൊണ്ടേയിരിക്കുന്നു. പ്രാപഞ്ചികാഡംബരജീവിതത്തിൻെറ നിരർത്ഥകതയെ ഇഗ്നേഷ്യസ് ലയോള, ഫ്രാൻസിസ് അസ്സീസി, ബനഡിക്റ്റോസ്, ബസ്സേലിയോസ്, പക്കോമിയോസ് അന്തോനിയോസ് ആദിയായ സന്യാസവര്യന്മാർ ഒരിടത്തു നിന്നു ഭംഗിയായി വരച്ചുകാണിക്കുമ്പോൾ, ലൗകികാത്യുന്നത സോപാനങ്ങളിൽ ഇരുന്നുകൊണ്ടും ഈശ്വരസേവനം ചെയ്യാമെന്നു ഹെൻറി, ലൂയി മുതലായ പുണ്യവാന്മാരുടെ പട്ടികയിൽ പേർപതിയപ്പെട്ടിട്ടുള്ള പരേത ചക്രവർത്തികൾ മറെറാരേടത്തുനിന്നു മഹാരാജാക്കന്മാരോടായി സുവിശേഷപ്രസംഗം ചെയ്യുന്നു. സിദ്ധന്മാരെന്നു ഗണിക്കപ്പെട്ടിട്ടുള്ള ഏതാനും പരേതപ്രഭുക്കന്മാരാകട്ടെ, പ്രഭുത്വത്തിനു പ്രതികൂലിയല്ല ദൈവം എന്നു സമർത്ഥിക്കുന്നതുമുണ്ടു്. ഇവർക്കുപുറമേ കച്ചവടക്കാരായി, കർഷകന്മാരായി, യോദ്ധാക്കളായി, കലാവിദഗ്ദ്ധന്മാരായി, ചിത്രമെഴുത്തുകാരായി നാനാപ്രകാരത്തിൽ ജീവിതായോധനം നിർവ്വഹിച്ചിട്ടുള്ള പലരേയും പുണ്യാത്മാക്കളുടെ ശേഖരത്തിൽ നമുക്കു അവിടെ കാണുവാൻ കഴിയും. വൃദ്ധകളും വൃദ്ധന്മാരും, യുവതികളും യുവാക്കന്മാരും, ബാലികകളും ബാലന്മാരും ആ സിദ്ധസംഘത്തിൽ അപൂർവ്വമല്ല. അതുപോലെതന്നെ മാർപ്പാപ്പാമാർ, പാത്രിയർക്കീസന്മാർ മെത്രാന്മാർ ആദിയായ വൈദികാധിപന്മാരും അവിടെ കാണപ്പെടുന്നുണ്ടു്. ഇവരെല്ലാവരുടേയും മദ്ധ്യത്തിലായി, വിശുദ്ധ യോഹന്നാൻ ശ്ലീഹായുടെ വെളിപാടുഭാഷയിൽ പറയുന്നപക്ഷം, "വിലയേറിയ രത്നത്തിനു തുല്യമായ ജ്യോതിസ്സോടും സ്ഫടികസ്വച്ഛതയുള്ള സൂര്യകാന്തംപോലെയും" കുഞ്ഞാടിൻെറ അമലോത്ഭവജനനിയായ ആ മാതാവു് അതേ, ആ നിത്യകന്യക ശുഭ്രവസ്ത്രധാരിണിയായി കനകവർണ്ണസാരിയാൽ സമാച്ഛാദിതയായി പച്ചപ്പുൽപ്പുരവതാനിമേൽ ഇട്ടിട്ടുള്ള സുവർണ്ണസിംഹാസനത്തിന്മേൽ ആരൂഢയായിരിക്കുകയും ചെയ്യുന്നു.

ലോകരക്ഷിതാവായി ഏക മിശിഹായേ ഉള്ളുവെങ്കിൽ, ആ മിശിഹായ്ക്കു ഒരു മണവാട്ടിയേ ഉണ്ടാകാൻ പാടുള്ളുവെങ്കിൽ, ആ മണവാട്ടി കാതോലിക്കാ തിരുസഭതന്നെ. മിശിഹാതമ്പുരാനോടൊപ്പം അതു് ഭൂമണ്ഡലത്തിൽ പ്രാദുർഭവിച്ചു. മിശിഹാതമ്പുരാനേയും അവിടുത്തെ പ്രത്യക്ഷപ്രതിനിധിയായ കാതോലിക്കാ സഭാദ്ധ്യക്ഷനേയും അംഗീകരിക്കുകയും അനുസരിക്കുകയും ചെയ്തുകൊണ്ടു് ഭൂമുഖത്തുള്ള സർവ്വ കത്തോലിക്കരും ഏകയോഗമായി ഒരു വ്യക്തിയെന്നുള്ള നിലയിൽ സാക്ഷാത്തായ മണവാട്ടിയുടെ കടമയെ നിർവ്വഹിക്കുന്നു. കാതോലിക്കാ തിരുസഭയോളം പ്രാചീനത്വം കല്പിക്കാവുന്നതായി ഇന്നിപ്പോൾ യാതൊരു സ്ഥാപനവും ഭൂമുഖത്തില്ലതന്നെ. ആധുനികജനസമുദായങ്ങളേയും രാഷ്ട്രങ്ങളേയുമെടുത്തു് അവയെ തിരുസഭയുമായി താരതമ്യവിവേചനം ചെയ്യുമ്പോൾ അവയെല്ലാം ഇന്നലെയെന്നവണ്ണം പൊങ്ങിവന്ന കൂണുകൾ മാത്രം. രണ്ടു പരിഷ്കൃതയുഗങ്ങളിന്മേലുമായി ഓരോ കാലുകൾ അമർത്തിവച്ചു ദീർഘപ്രവാസം ചെയ്തിട്ടുള്ളവളാണവൾ. ഏതൊരു ആധുനിക രാജകുടുംബത്തിനും പ്രാചീനത്വത്തിൽ മാർപ്പാപ്പാവംശാവലിയോടു സമീപിക്കാവുന്നതല്ല. നെടുനീളത്തിൽ കിടക്കുന്ന ആ വംശശൃംഖല എങ്ങും പൊട്ടാതെ ഒരു പാറയോടു് ഘടിപ്പിക്കപ്പെട്ടിട്ടുള്ളതായികാണാം. പഴക്കത്തിനും പ്രായത്തിനും, രോഗത്തിനും [illegible] അതീതയായിരിക്കുന്ന കാതോലിക്കാതിരുസഭ ഇന്നും യൗവനയുക്തയും ചൈതന്യസമ്പൂർണ്ണയുമായി പ്രാണവല്ലഭൻെറ അഭിനന്ദനത്തെ അർഹിക്കുമാറു് കർത്തവ്യം നിറവേററുന്നു. ഭൂലോകത്തിൽ ഉണ്ടായിട്ടുള്ള ഒട്ടനേകം രാഷ്ട്രങ്ങളുടേയും സമുദായങ്ങളുടേയും ഉത്ഭവവും വളർച്ചയും, അധോഗതിയും പര്യവസാനവും അവൾ ദർശിച്ചിട്ടുണ്ടു്. ഭൂമുഖത്തുള്ള സർവ്വമനുഷ്യസ്ഥാപനങ്ങളും അധോഗതിയടഞ്ഞു് നാമാവശേഷമായിത്തീർന്നാലും അവയും അവയിലപ്പുറവും അവളൊരുവൾ കണ്ണുവെട്ടാതെ മേലിലും നോക്കിക്കാണുകതന്നെ ചെയ്യും.

ആഭിജാത്യത്തിലായാലും കുലീനത്വത്തിലായാലും സർവ്വലോകകാതോലിക്കാ സഭയോടൊപ്പം കേരളീയ കാതോലിക്കാ സഭ തുല്യനിലയിൽ പരിലസിക്കുന്നുവെന്നുള്ളതു വാസ്തവമായും നമുക്കെവർക്കും അഭിമാനകരമായിട്ടുള്ളതത്രെ.

പുരാതനത്വത്തെ മാനദണ്ഡമായെടുക്കുന്നപക്ഷം കേരളത്തിൽ മറേറതു സമുദായത്തിനുമുള്ളതുപോലെ അടുപ്പവും ബന്ധവും ക്രിസ്തുമതത്തിനും കേരളത്തിനും തമ്മിലുണ്ടെന്നു കാണാവുന്നതാണു്. ദേശാഭിവൃദ്ധിയെ ഉദ്ദേശിച്ചും രാജ്യക്ഷേമത്തെ ഗൗനിച്ചും മുന്നണിയിൽനിന്നു പ്രവർത്തിപ്പാനും ഉയരത്തിലേറി വീക്ഷിപ്പാനും കേരളീയ കത്തോലിക്കാ ജനതതിക്കു് വലുതായ ഉത്തരവാദിത്വവും ബാദ്ധ്യതയുമുണ്ടു്. രാജ്യക്ഷേമമോ, ദേശാഭിവൃദ്ധിയോ, സാമുദായികോന്നമനമോ, ഏതൊന്നിനെ അവലംബിച്ചും ആശ്രയിച്ചുമിരുന്നാലും അവയിലോരോന്നിലും സധീരം പ്രവേശിച്ചു്, പ്രതിബന്ധങ്ങളെ തട്ടിത്തകർത്തു്, ധർമ്മയത്നം ചെയ്യേണ്ടുന്നതായ കടമയും ഒരു കാതോലിക്കനുള്ളതത്രെ. (തുടരും)

## ഫ്രാൻസ്രാജ്യം

സ്ഥാനമൊഴിഞ്ഞ ഫ്രഞ്ചുപ്രധാനമന്ത്രി പിനായി ഒരു സ്വകാര്യസന്ദർശനാർത്ഥം സാൻഫ്രാൻസിസ്കോയിൽ എത്തിയിരിക്കയായിരുന്നു. പത്രപ്രതിനിധികൾ അദ്ദേഹത്തെ വട്ടമിട്ടു ചോദ്യംചെയ്തതിനു് അദ്ദേഹം നൽകിയ മറുപടികളിൽനിന്നു് ഫ്രാൻസിൻെറ ആധുനികനിലയെപ്പററി പല കാര്യങ്ങൾ ഗ്രഹിക്കാനുണ്ടു്. അദ്ദേഹം പറഞ്ഞു: "വിദ്യാഭ്യാസരഹിതരായ അധഃസ്ഥിതജനങ്ങളുടെ ഇടയിൽ കമ്മ്യൂണിസ്റ്റുകാർ കുറെയെല്ലാം നുഴഞ്ഞുകയറിയിട്ടുണ്ടു്. തലതിരിഞ്ഞ ചില ശാസ്ത്രികളുടെയിടയിലും മതസംബന്ധമായി കുറെയൊക്കെ അവജ്ഞയുണ്ടു്. മററു ഫ്രഞ്ചുകാരെല്ലാം ഏതുതരക്കാരായാലും ഇപ്പോഴും കത്തോലിക്കാസഭയോടു പ്രതിപത്തിയുള്ളവരാണെന്നു നിസ്സംശയം പറയാം. ഗതിയില്ലാത്ത തൊഴിലാളികളുടെ മദ്ധ്യേ കമ്മ്യൂണിസ്റ്റുകാർ എപ്പോഴും ചില കശപിശകൾ കുത്തിപ്പൊക്കിക്കൊണ്ടിരിക്കും. അത്തരം തൊഴിലാളികളുള്ള കാലത്തോളം അവർ അതിൽനിന്നു മുതലെടുക്കാതിരിക്കുന്നതുമല്ല. എന്നല്ലാതെ ഫ്രാൻസിൽ കമ്മ്യൂണിസ്റ്റുകാർ ഭരണഭാരം ഏറെറടുക്കയെന്നുള്ളതോ? ഇല്ല. അതു ഒരുനാളുമുണ്ടാകയില്ല."

---

തന്ത്ര്യങ്ങൾ സുരക്ഷിതമാക്കാൻ കമ്മ്യൂണിസ്റ്റുകാർ ജനങ്ങളെ മാടിവിളിക്കുന്നതു്.

### ഇതാണോ സ്വാതന്ത്ര്യം

ഇതാണു് സ്വാതന്ത്ര്യമെങ്കിൽ പിന്നെ അടിമത്വം എന്നുവച്ചാലെന്താണു്?

സഖാവേ, തുറന്നുപറയൂ. നിങ്ങൾ സ്വാതന്ത്ര്യത്തിലേക്കാണോ, അതോ റഷ്യൻ അടിമത്വത്തിലേക്കാണോ ജനങ്ങളെ നയിക്കാൻ സാഹസപ്പെടുന്നതു്?

ഗവർമ്മെൻറിനെ മാററാവുന്ന ജനാധിപത്യത്തിനുവേണ്ടി നിങ്ങൾ നിലകൊള്ളുന്നുവോ അതോ, സർവാധിപതി മരിച്ചാലും വ്യവസ്ഥിതി മാറാത്ത പട്ടാളച്ചിട്ടയ്ക്കുവേണ്ടി നിലകൊള്ളുന്നുവോ?

ഈ ചോദ്യങ്ങൾക്കു് ശരിയായ ഉത്തരം പറയിക്കാതെ ജനകീയ ഇൻഡ്യ നിങ്ങളെ വിട്ടയക്കുകയില്ല.

ആരോഗ്യപംക്തി

# പേശിവാതം

മാംസപേശികളെ സ്ഥായിയായി ബാധിക്കുന്ന വാതത്തെയും, അതിനുള്ള ചികിത്സയെയും സംബന്ധിച്ചു് വിവരിക്കുകയാണു് ഈ ലേഖനത്തിൻെറ പ്രധാന ഉദ്ദേശം. ശരീരത്തിലെ സംയോജകപേശികൾ (Connective tissues)ക്കുണ്ടാകുന്ന നീർവീക്കത്തെയാണു് ഇവിടെ പേശിവാത(muscular rheumatism)മെന്നു് വിവക്ഷിച്ചിരിക്കുന്നതു്. മാംസപേശികളിലെ സ്നായുക്കളിലും (ശേനാരു്-tendons) അവയുടെ മൂടികളിലും ഇത്തരം വെള്ള സംയോജകപേശികൾ ധാരാളമുണ്ടു്. സന്ധികളെ മൂടിയിരിക്കുന്നതിവയാണു്. മാംസപേശികൾക്കിടയിലും, ദശനാരുകൾക്കിടയിലും ഇവ ധാരാളമുണ്ടു്. ഈ സംയോജകപേശികൾ മാംസപേശികളോടും, സ്നായുക്കളോടും, ഞരമ്പുകളോടും ഇടചേർന്നു ബന്ധപ്പെട്ടു കിടക്കുന്നതിനാൽ അവയ്ക്കു വീക്കംതട്ടുമ്പോൾ അതു എന്തുമാത്രം വേദനയ്ക്കിടയാക്കുമെന്നു് ഊഹ്യമാണല്ലോ?

മാംസപേശികൾക്കു് വാതം പിടിപെടുമ്പോൾ മാംസപേശികളിലും സ്നായുക്കളിലും കട്ടപ്പും, വേദനയും, സന്ധിവാതത്തിനു് ഉണ്ടാകുന്നതുപോലെ സന്ധുക്കളിൽ വീക്കവും ഉണ്ടാകുന്നതാണു്. സന്ധികളിലേയും സ്നായുക്കളിലേയും സംയോജകപേശികൾക്കു് വീക്കമുണ്ടാകുമ്പോൾ ഇതു പ്രത്യേകിച്ചും സംഭവിക്കുന്നുണ്ടു്. കരങ്ങൾക്കു് വേദനയും കൈക്കുഴകൾക്കു വീക്കവും ഉണ്ടാകുന്നതുകൂടാതെ സന്ധിവാതരോഗികൾക്കുണ്ടാകാറുള്ളതുപോലെ സന്ധികളുടെ അയവു് കുറയുകയുംചെയ്യും. ഈ രണ്ടിനം വാതരോഗത്തെയും പലപ്പോഴും മാറി ധരിക്കുന്നതുകൊണ്ടു് അവയുടെ വ്യത്യാസം വ്യക്തമായി അറിഞ്ഞിരിക്കേണ്ടതാണു്.

പേശീവാതം (muscular rheumatism) സംയോജകപേശികൾക്കുണ്ടാകുന്ന നീർവീക്കമായതിനാൽ അതു് അസ്ഥികളെ ബാധിക്കുന്നതല്ല. എന്നാൽ സന്ധിവാതം (arthritis) നേരെ മറിച്ചാണു്; അതെപ്പോഴും സന്ധികളെ സംബന്ധിച്ചാണുണ്ടാകുന്നതു്. അതിനാൽ അതിൻെറ എക്സ്റെ പടമെടുത്തു് പരിശോധിച്ചാൽ അസ്ഥികളിലും, ഉപാസ്ഥികളിലും (cartilages) അസാധാരണമായ വ്യത്യാസം കാണാൻ കഴിയും. എന്നാൽ പേശീവാതരോഗ (muscular rheumatism)മുള്ള ആളുകളുടെ എക്സ്റെ പടം നോക്കിയാൽ അവയിൽ എന്തെങ്കിലും തകരാറുള്ളതായി ദൃശ്യമാകുന്നതല്ല.

പേശീവാതരോഗി അതിരാവിലെ ഉറക്കമുണരുമ്പോൾ സന്ധികളിൽ വേദനയും മുറുക്കവും അനുഭവപ്പെട്ടാലും കുറച്ചുനേരം കഴിയുമ്പോൾ അതു് ക്രമേണ മാറിക്കൊള്ളും. എന്നാൽ സന്ധിവാതരോഗി എഴുന്നേററു് അനങ്ങിനടക്കുന്നതിനും എന്തെങ്കിലുംപ്രവർത്തിക്കുന്നതിനും ആരംഭിക്കുമ്പോൾ അതു് വർദ്ധിക്കുകയേയുള്ളു. മറെറാരുതരത്തിൽ പറഞ്ഞാൽ പേശീവാതരോഗി തൻെറ സന്ധികൾ ഉപയോഗിക്കുന്തോറും സുഖം ലഭിക്കുകയും, സന്ധിവാതരോഗി തൻെറ സന്ധികൾ ഉപയോഗിക്കുന്തോറും രോഗം വർദ്ധിക്കുകയുമാണു് ചെയ്യുന്നതു്.

വിശ്രമം സന്ധിവാതരോഗികൾക്കു് നല്ലതാണെങ്കിലും പേശീവാതരോഗികൾക്കു് യോജിച്ചതല്ല. അതുസന്ധികളുടെ മുറുക്കം വർദ്ധിപ്പിക്കും. വാതരോഗികളുടെ പൊതുവായശരീരപരിശോധനയിൽ തകരാറുകൾ കാണാൻ കഴിഞ്ഞില്ലെങ്കിലും, സന്ധിവാതരോഗികളിൽ തൂക്കംകുറയുകയോ വിളർച്ച പിടിപെടുകയോ ജ്വരം ഉണ്ടാകുകയോ ചെയ്യുന്നതുമായിരിക്കും.

പേശീവാതം ആരംഭിക്കുന്നതെങ്ങനെയാണെന്നു് കൃത്യമായി പറയാൻ കഴിയുന്നതല്ല. ചിലപ്പോൾ കടുത്ത ജലദോഷം, ഇൻഫ്ളുവൻസാ മുതലായ രോഗങ്ങളെ തുടർന്നായിരിക്കും ഇതുണ്ടാകുന്നതു്. എന്നാൽ പലപ്പോഴും ഈ ദീനത്തിനു ഹേതുവായ തകരാറുകളൊന്നും മുമ്പുണ്ടായിരുന്നിരിക്കയില്ല. മാംസപേശികളിൽ ഉണ്ടാകുന്ന മുറിവുകൾ മുതലായവ ഇതിനു് കാരണമായി സംശയിക്കപ്പെടുന്നുണ്ടു്. പേശീവാതരോഗികളിൽ അധികംപേരുടേയും ബാധയേററ ഭാഗം മൃദുവായും വീങ്ങിയുമിരിക്കുന്നതാണു്. ഈ ഭാഗങ്ങൾ സംയോജകപേശികളിൽ ഏററവും കൂടുതൽ വീക്കം ബാധിച്ച ഇടമാണു്. ബാധയേററ ഭാഗം അമർത്തി തടവിയാൽ വിങ്ങിയ ഭാഗം തിരിച്ചറിയാൻ സാധിക്കും. അവയുടെ രൂപത്തിനും വലിപ്പത്തിനും വ്യത്യാസമുണ്ടായിരിക്കും. ചിലതു് വട്ടത്തിൽ പയറിൻെറ വലിപ്പത്തിലും മററുള്ളതു് നീളത്തിൽ വലുതായുമിരിക്കും. ഇങ്ങനെയുള്ള വീക്കം അധികമായും കഴുത്തു്, മുതുകു്, തുട മുതലായഭാഗങ്ങളിലാണുണ്ടാകുന്നതു്. ഇവ എവിടെയുണ്ടായാലും സ്ഥലവ്യത്യാസംകൂടാതെ ഒന്നുപോലെ വേദനയുള്ളവയായിരിക്കും.

For favours received



Excuse delay.
P. T. Avirah
Pazheparambil, Anickad

പേശീവാതം കഴുത്തിൻെറ പിറകിലുള്ള മാംസപേശികളെ ബാധിക്കുമ്പോൾ അവിടെ ഒരു പ്രത്യേകരീതിയിലുള്ള മുറുക്കം അനുഭവപ്പെടുന്നതാണു്. "എൻെറ കഴുത്തിൻെറ പിറകിൽ ചാട്ടുളികൊണ്ടു് പിടിക്കുന്നതുപോലെ തോന്നുന്നു" എന്നു ചിലപ്പോഴെല്ലാം ഇമ്മാതിരി രോഗികൾ ആവലാതിപ്പെടാറുണ്ടു്. ചാട്ടുളിപോലെ തോന്നുന്നതു് യഥാർത്ഥത്തിൽ മുറുകിയ മാംസപേശികളാണു്. പേശികൾക്കുണ്ടാകുന്ന വലിവു് പേശീവാതം മൂലം ഉണ്ടായ മുറുക്കമാണു്.

കഴുത്തിലുള്ള വേദനയെ തുടർന്നു, അതേവശത്തു കണ്ണിൻെറ മുകളിലും വേദന അനുഭവപ്പെട്ടേക്കാം. ഇതു് മാംസപേശികളുടെ മുറുക്കം മൂലം സംഭവിക്കുന്നതാകുന്നു.

സന്ധിവാതത്തിനും പേശീവാതത്തിനും ചെയ്യേണ്ട ചികിത്സയിലും ഗണ്യമായ വ്യത്യാസമുണ്ടു്. സന്ധിവാതത്തിനു് ചികിത്സിക്കുമ്പോൾ മൃദുവായ സന്ധികളെ (ചെപ്പുകളെ) തിക്ഷ്ണതയേറിയ ചൂടു്, തിരുമ്മൽ, വ്യായാമം മുതലായവകൊണ്ടു് കേടുവരുത്താതിരിപ്പാൻ പ്രത്യേകം ശ്രദ്ധിക്കണം; എന്നാൽപേശീവാതത്തിനു് എത്രയും ഊർജ്ജിതത്തോടും ശക്തിയോടുംകൂടിയാണു് ഇതെല്ലാം നിർവഹിക്കേണ്ടതു്.

പേശിവാത ചികിത്സയിൽ സാധാരണമായ ചികിത്സ പ്രയോജനപ്പെടുന്നതല്ല. വിശേഷിച്ചും മാംസം കട്ടപിടിച്ചിരിക്കുന്നി(nodules)ടങ്ങളിൽ. ഇതിനെ പരാമർശിച്ചു് പ്രാമാണികനായ ഒരെഴുത്തുകാരൻ രേഖപ്പെടുത്തിയിരിക്കുന്നതു് "തൊലിയുടെ പുറത്തു തടവുന്നതുകൊണ്ടു് യാതൊരു പ്രയോജനവുമില്ല" എന്നാണു്. മാംസം ചെറുതായി കട്ടപിടിച്ചിരിക്കുന്ന ഭാഗത്തെ ഉന്നംവച്ചായിരിക്കണം പ്രധാനമായി തിരുമ്മേണ്ടതു്. കൈയിലെ പെരുവിരലോ, മററു വിരലുകളോ ഉപയോഗിച്ചു് ചെറുമാംസക്കട്ടകളെ തിരുമ്മിത്തീർക്കേണ്ടതാകുന്നു. തിരുമ്മൽകൊണ്ടു് ശരിയായ ശക്തിയും സമ്മർദ്ദവും കിട്ടുവാൻ മറെറ കരംകൂടെ പ്രയോഗിക്കാവുന്നതാകുന്നു. വിരലുകൾ ചർമ്മത്തിൻെറ മുകളിൽക്കൂടെ ഒഴുകാതെ, അതു് വിരലോടൊപ്പം നീങ്ങേണ്ടതാകുന്നു. വേദനയുള്ള ഭാഗങ്ങളെ തിരുമ്മുന്നസമയം സമ്മർദ്ദം ഒരേ നിലയിലായിരിക്കണമെങ്കിലും അതു് അധികമാവുകയോ, കൂടുതൽസമയം നീണ്ടുനില്ക്കുകയോ ചെയ്യരുതു്. ഇടയ്ക്കു് വിശ്രമാവസരങ്ങൾ നൽകണം.

മാംസം ചെറുതായി കട്ടപിടിച്ചിട്ടുള്ള ഭാഗങ്ങളെ മൂന്നുനാലു തവണ ഇടയിട്ടു് ഓരോനേരവും തിരുമ്മേണ്ടതാകുന്നു; അങ്ങനെ ദിവസവും ചെയ്യണം. വേദനയുള്ള ഈ ഭാഗങ്ങളെ തിരുമ്മിസൗഖ്യപ്പെടുത്തണമെങ്കിൽ പലതവണ ഇങ്ങനെ ചികിത്സിക്കേണ്ടതായിവരും.

ചികിത്സിക്കുമ്പോൾ കഴിവുള്ളിടത്തോളം വേദന കുറയുന്നതിനു് തിരുമ്മൽ സാവധാനത്തിൽ ക്രമമായി ചെയ്യേണ്ടതാകുന്നു. ചികിത്സയ്ക്കു മുമ്പു് അല്പം ചൂടുപിടിക്കുന്നപക്ഷംതിരുമ്മൽ കൂടുതൽ ഫലപ്രദമായിരിക്കുന്നതു കൂടാതെ വേദനയും ഗണ്യമായി കുറയുന്നതാണു്. ഇതിനു് യോജിച്ചതു് ചൂടുവെള്ളത്തിൽ തുണി പിഴിഞ്ഞു് ചൂടുപിടിപ്പിക്കുകയാകുന്നു. ഇപ്രകാരം ചെയ്യുന്നതു മൂലം രക്തസഞ്ചാരം വർദ്ധിക്കുകയും കട്ടയായ മാംസഭാഗം അയഞ്ഞുമാറുന്നതിനും, മാംസപേശികൾ വിശ്രമിക്കുന്നതിനും സഹായിക്കുകയും ചെയ്യുന്നതാണു്. ഒന്നോ രണ്ടോ തവണ ചൂടുപിടിപ്പിക്കുന്നതു് ധാരാളം മതിയാവും.

ഈ ചികിത്സയിൽ രോഗബാധിതഭാഗങ്ങൾക്കു് ശക്തിയായ ചലനം (ഇളക്കം) ലഭിക്കത്തക്കവണ്ണം ശ്രമിക്കണം. ഇതിനെ പരാമർശിച്ചു് ഒരെഴുത്തുകാരൻ ഇപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു: "പേശീവാതം ബാധിച്ചിട്ടുള്ളവരിൽ വളരെ കുറച്ചുപേർ മാത്രമേ തങ്ങളുടെ കരങ്ങളെ തലയ്ക്കുമുകളിൽ പൊക്കുകയോ, കഴുത്തിലേയും മുതുകിലേയും മാംസപേശികളെ ശരിയായി വികസിപ്പിക്കുകയോ ചെയ്യുന്നുള്ളു."

ചികിത്സയുടെ ഭാഗമായിചെയ്യുന്ന വ്യായാമം സന്ധികളോടനുബന്ധപ്പെട്ട മാംസപേശികൾക്കും (muscles) മാംസനാരുകൾക്കും (tendons) സംയോജകമാംസപേശികൾക്കും ശരിയായ ആയാസം നൽകുന്നതായിരിക്കണം. ഇതു് തിരുമ്മലിനെ തുടർന്നു ചെയ്യേണ്ടതാണു്. കൈക്കുഴയ്ക്കു ചെയ്യേണ്ടതായ വ്യായാമം അതിനുദാഹരണമാണു്. കൈക്കുഴയെ എത്തുന്നിടത്തോളം മുമ്പോട്ടു വലിച്ചു മടക്കണം, പിന്നീടു് വലത്തോട്ടും ഇടത്തോട്ടും ചുഴററണം. കൈവിരിച്ചു മേശപ്പുറത്തു വച്ചു് പുറകോട്ടു വലിച്ചു് മടക്കണം. പിന്നീടു് വിരലുകൾ ചുററി വ്യായാമം പൂർത്തിയാക്കണം.

മുതുകിലെ മാംസപേശികളേയും (muscles) മാംസനാരുകളേയും (ligaments) നിവിർക്കുന്നതിനു് കാൽമുട്ടുകൾ മടക്കാതെ കുനിഞ്ഞു കാൽവിരലുകളെ തൊട്ടാൽ മതിയാവും. തല വശങ്ങളിലേക്കു് തിരിക്കുകയോ വട്ടം ചുഴററുകയോ ചെയ്യുന്നതുമൂലം കഴുത്തിലെ മാംസപേശികൾക്കു് വേണ്ട ആയാസം ലഭിക്കും.


ഏതെങ്കിലും സന്ധിയോ, മാംസപേശിയോ ഉപയോഗിച്ചു് ഇപ്രകാരം വ്യായാമം ചെയ്യുന്നതിൻെറ പ്രധാന ഉന്നം അതിനു് ശരിയായ വലിവു് (ആയാസം) കിട്ടുന്നതിനാകുന്നു.

(കേരളദീപം)

## കൃതജ്ഞത

ബ. അൽഫോൻസാമ്മയുടെ സഹായത്താൽ ഉദ്ദിഷ്ടകാര്യം സാധിച്ചതിനു ഉപകാരസ്മരണ. താമസിച്ചതിനു ക്ഷമായാചനം.

Miss C. Xavier,
Alleppey



സാധുക്കൾക്കു സൗജന്യപാൽവിതരണം, ധർമ്മഗിരി (കോതമംഗലം) കന്യാസ്ത്രീകൾ നിർവ്വഹിക്കുന്നു.

### പ്രോട്ടസ്റ്റൻറുസഭകൾക്കും പാപസങ്കീർത്തനംവേണമെന്നു്

പ്രോട്ടസ്റ്റൻറു പ്രെസ്ബിറേററിയൻസഭയുടെ ആസ്ഥാനമായ ജെനീവായിൽ അവരുടെ സമാംഗങ്ങളുടെ ഇടയിൽ പാപസങ്കീർത്തനം ഒരു കൂദാശയെന്നനിലയിൽ നടപ്പാക്കാനുള്ള ആലോചനകൾ നടന്നുവരുന്നു. ജെനീവാ സർവ്വകലാശാലയിൽ പ്രോട്ടസ്റ്റൻറു തിയോളോജിക്കൽ ഫാക്കൽട്ടിയുടെ പ്രഫസറായ ജാക്കെസ് കോർവോയിസിയെർ എന്നദ്ദേഹം തൽസംബന്ധമായി ചില വിവരങ്ങൾ പ്രസിദ്ധപ്പെടുത്തിയിരിക്കുന്നു. അദ്ദേഹം പറയുന്നു: "പ്രെസ്ബിറേററിയൻ സഭാസ്ഥാപകനായ കാൽവിൻ കുമ്പസാരമെന്ന കൂദാശയുടെ ആവശ്യകതയെ അംഗീകരിച്ചിരുന്നതായി ധാരാളം തെളിവുകളുണ്ടു്. കുമ്പസാരം നിർബന്ധമാക്കുന്ന സംഗതിയിൽ മാത്രമേ ആദ്യനവീകരണകർത്താക്കൾക്കു് അഭിപ്രായവ്യത്യാസമുണ്ടായിരുന്നുള്ളു. എന്നാൽ കാലക്രമേണ പ്രോട്ടസ്റ്റൻറുകാർ ഈ കൂദാശതന്നെ തിരസ്കരിക്കയാണു ചെയ്തതു്. അതിൻെറ ഫലമായി മനസ്സമാധാനം കാംക്ഷിക്കുന്ന പല സഹൃദയന്മാർ കത്തോലിക്കാസഭയിൽ അഭയം തേടുന്നുണ്ടു്. നമ്മുടെ പാസ്റ്ററന്മാരുടെയടുക്കൽ പാപം ഏററുപറഞ്ഞാലും അവ മോചിച്ചിരിക്കുന്നു എന്നു പറവാൻ അവർക്കു അധികാരമില്ല. വൈദികർക്കും അൽമേനികൾക്കും ഈ നില ദുർവഹമായിത്തീർന്നിട്ടുണ്ടു്. യാഥാർത്ഥ്യത്തെ നാം വിട്ടുപേക്ഷിച്ചിരിക്കയാണു്. അതു വീണ്ടും സ്ഥാപിക്കുന്നതിനുള്ള ശ്രമമാണു് ഇപ്പോൾ നടന്നുവരുന്നതു്—"

### പോളിഷ് കർദ്ദിനാൾ

വാർസോയിലെ കമ്മ്യൂണിസ്റ്റു ഗവർമ്മെൻറു അറസ്റ്റുചെയ്തു തടവിൽ പാർപ്പിച്ചിരിക്കുന്ന കർഡിനൽ വിഷിൻസ്കി തിരുമനസ്സുകൊണ്ടു്, അറസ്റ്റിനു 11 ദിവസംമുമ്പു് തൻെറ ഒരു സഹമെത്രാൻെറപേർക്കയച്ച ഒരു കത്തിൽ ഇങ്ങനെ പ്രസ്താവിച്ചിരിക്കുന്നു: "തിരുക്കുരിശിൻെറ പുകഴ്ച്ചയുടെ തിരുനാൾ ഇന്നു നാം കൊണ്ടാടുന്നു. അതു നമ്മെ ഗാഢമായി സംബന്ധിക്കുന്ന ഒരു തിരുനാളാണു്. കുരിശിൻെറ പുകഴ്ച്ചയ്ക്കായിട്ടാണല്ലോ നാം ശാന്തമായി പ്രവർത്തനം നടത്തിക്കൊണ്ടിരിക്കുന്നതു്. അതിൻെറ പരിണതഫലം ഗ്രഹിക്കാതെയല്ല നാം ഇതു ചെയ്യുന്നതു്. ബലിവസ്തുക്കളുണ്ടാകാതെ ഈ വേല തുടർന്നുപോകാവുന്നതല്ല." അതെ, പരിശുദ്ധനായ അദ്ദേഹം ബലിവസ്തുവായിപ്പരിണമിക്കുകതന്നെചെയ്തു.

Reg. M. No. 2293

# Sathya Deepam

Vol. 27 Ernakulam January 6, 1954 No. 19

# വിവിധവൃത്താന്തങ്ങൾ

## ഗ്രീക്കശീശ്മക്കാർ യൂറോപ്പ്യൻ ആധിപത്യത്തിനു ശ്രമിക്കുന്നു

റഷ്യയിലെ ഗ്രീക്കശീശ്മസഭ ഇപ്പോൾ പൂർണ്ണമായും കമ്മ്യൂണിസ്റ്റുപിടിയിൽ അമർന്നിരിക്കയാണല്ലോ. പ്രസ്തുതസഭ വഴിയായി യൂറോപ്പിൽ കൂടുതൽ പ്രചാരം പ്രാപിക്കുന്നതിനും ഇപ്പോൾ മോസ്കോ ശ്രമിച്ചുവരികയാണ്. മോസ്കോയിലെ ശീശ്മപാത്രിയർക്കീസിന്റെ ദൂതന്മാരായി ഏതാനും വൈദികപ്രമുഖന്മാരെ ചെങ്കൊടിക്കു കീഴുള്ള രാജ്യങ്ങളിലേക്കു അയച്ചിരിക്കുന്നു. സ്ലോവാക്കിയായിലാണ് അവർ ഒന്നാമതായി ചെന്നെത്തിയതു്. പോളണ്ടു്, ഹങ്കറി, റുമേനിയ മുതലായ രാജ്യങ്ങളിലേക്കും കടക്കുന്നതിനു പ്ലാനിട്ടിട്ടുണ്ടു്. അവിടങ്ങളിലുള്ള കത്തോലിക്കരെയെല്ലാം മോസ്കോപാത്രിയർക്കീസിന്റെ കീഴിൽ കൊണ്ടുവരുന്നതിനും അങ്ങനെ ഗ്രീക്കശീശ്മ ക്രമേണ യൂറോപ്യൻരാജ്യങ്ങളിലൊക്കെയും വ്യാപിപ്പിക്കുന്നതിനും ശ്രമിച്ചുവരികയാണ്. സ്ലോവാക്കിയായിൽ 120 കത്തോലിക്കായുവാക്കന്മാർക്കു മോസ്കോസെമിനാരിയിൽച്ചെന്നു വൈദികപഠനം നടത്തുന്നതിനു വേണ്ട വേതനങ്ങൾ വാഗ്ദാനംചെയ്തിട്ടുണ്ടു്. ഏതാനും യുവവൈദികരെയും വൈദികവിദ്യാർത്ഥികളെയും ആറുമാസത്തേക്കു റഷ്യയിൽ ഒരു പര്യടനം നടത്തുന്നതിനു ക്ഷണിക്കയുണ്ടായി. ആരുംതന്നെ ഈ ആനുകൂല്യങ്ങൾ സ്വീകരിച്ചതായി കാണുന്നില്ല. അവിടത്തെ കത്തോലിക്കരുടെ ഉറച്ചനില കണ്ടതിൽ സന്ദർശകന്മാർക്കു അത്രവലിയ പ്രത്യാശയ്ക്കു വകയില്ലെന്നു പറയപ്പെടുന്നു.

## അയർലണ്ടിന്റെ ആഫ്റിക്കൻ ആക്രമണം

അയർലണ്ടു് ഒരു ചെറിയ രാജ്യമാണ്. എങ്കിലും വേദപ്രചാരണാർത്ഥം ലോകത്തിന്റെ നാനാഭാഗങ്ങളിലേക്കു അവർ പ്രതിവർഷം അയച്ചുകൊണ്ടിരിക്കുന്ന മിഷനറിമാരുടെ സംഖ്യ അത്ഭുതാവഹമെന്നേ പറയേണ്ടതുള്ളൂ. ആഫ്റിക്കൻ വൻകരയിൽ ഇന്നുള്ള വിപുലമായ മിഷനറിസേനയിൽ പത്തിലൊന്നു് അയറിഷ്‌കാരാണ്. അവിടെ മിഷനറിവേലയിൽ ഏർപ്പെട്ടിരിക്കുന്ന കന്യാസ്ത്രീകളിൽ അമ്പതുശതമാനവും അയർലണ്ടിൽനിന്നു് ചെന്നിട്ടുള്ളവരാണ്. ഇങ്ങനെ അയർലണ്ടു് ഇപ്പോൾ ഒരു ആഫ്റിക്കൻ ആക്രമണം നടത്തിക്കൊണ്ടിരിക്കയാകുന്നു.

## യൂറോപ്പിൽനിന്നുള്ള കുടിയേററപ്രശ്നം

രണ്ടാംലോകമഹായുദ്ധാനന്തരമുള്ള യൂറോപ്പിന്റെ സ്ഥിതി ഇന്നും അതിദയനീയമായിരിക്കുന്നു. ഉടുപ്പാനും കിടപ്പാനുമില്ലാതെ വലയുന്നവരുടെ സംഖ്യ ഒട്ടും കുറവല്ല. അന്യരാജ്യങ്ങളിലേക്കു കുടിയേററത്തിനായി ഉടച്ചുയാത്തി ആളുകൾ പോയിക്കൊണ്ടിരിക്കുന്നു. ഇൗവക കുടിയേററക്കാരുടെ കാര്യാദികൾ ക്രമപ്പെടുത്തുന്നതിലേക്കു 24 രാജ്യങ്ങൾ ചേർന്നുള്ള ഒരു സംഘടനയും പ്രവർത്തനം നടത്തുന്നുണ്ടു്. പ്രസ്തുതസംഘടനയുടെ ഒരു സമ്മേളനം ഇക്കഴിഞ്ഞ ദിവസം വെനീസിൽ നടന്നു. യൂറോപ്പിൽ അമിതമായിവരുന്ന ജനാവലിയെ വിദേശങ്ങളിലേക്കു മാറിപ്പാർപ്പിക്കുന്നതിനുള്ള ശ്രമം ഊർജ്ജിതമാക്കേണ്ടതു ക്രിസ്ത്യൻസംസ്കാരത്തിന്റെ നിലനില്പിനുതന്നെ ആവശ്യകമായിത്തീർന്നിരിക്കുന്നു എന്നാണ് ഒരു വത്തിക്കാൻ പ്രതിനിധി അവിടെ പ്രസ്താവിച്ചതു്. ഇററലിയിൽ 40ലക്ഷം ജനങ്ങൾക്കു പാർപ്പിടം ഉണ്ടാക്കേണ്ടിയിരിക്കുന്നുവെന്നു ഇററാലിയൻ പ്രധാനമന്ത്രിയുടെ സന്ദേശത്തിൽ അറിയിച്ചിരുന്നു.

## ചെറുപുഷ്പത്തിന്റെ ഡയറി

വി. കൊച്ചുത്രേസ്യാ എഴുതിയിട്ടുള്ള ഒരു ഡയറി അടുത്തുതന്നെ പാരീസിൽനിന്നു പ്രസിദ്ധപ്പെടുത്തുന്നതാണെന്നു ഫാദർ ഫ്റാങ്കോയി ദെ സാന്തമരിയാ എന്ന കർമ്മലീത്താ വൈദികൻ പരസ്യം ചെയ്തിരിക്കുന്നു. പുണ്യവതിയുടെ കൈയെഴുത്തിലുള്ള മൂലപ്രതിയിൽനിന്നുതന്നെയാണ് ഇതു പ്രസിദ്ധപ്പെടുത്തുന്നതു്.

## പാശ്ചാത്യജർമ്മനിയുടെ ദുർവഹമായ ഭാരം

കമ്മ്യൂണിസ്റ്റധീനതയിലുള്ള ജർമ്മൻ വിഭാഗത്തിൽനിന്നു ബഹിഷ്കൃതരും സ്വയമേവ ഒളിച്ചോടിപ്പോന്നിട്ടുള്ളവരുമായി 81 ലക്ഷത്തിൽപ്പരം അഭയാർത്ഥികളുണ്ട്. ഇപ്പോൾ അങ്ങനെയുള്ളവരുടെ കത്തോലിക്കാ ജർമ്മനിയിലുള്ളതു്. അതായതു് ഇപ്പോൾ അവിടെയുള്ള ആകെ ജനങ്ങളിൽ അഞ്ചിലൊരുഭാഗവും ഇക്കൂട്ടരാണെന്നു പറയപ്പെടുന്നു. ഈ അഭയാർത്ഥികളിൽ 35 ലക്ഷത്തോളം കത്തോലിക്കരുമാണ്. തങ്ങളുടെ സർവ്വസ്വവും ഇട്ടെറിഞ്ഞിട്ടു് ഈ രക്ഷാസങ്കേതത്തിൽ വന്നെത്തിയിരിക്കുന്ന ജനലക്ഷങ്ങളെ സംരക്ഷിച്ചുകൊണ്ടുപോകുന്നതിൽ ജർമ്മൻ ചാൻസലർ വല്ലാതെ കുഴങ്ങുന്നുണ്ടു്. എങ്കിലും ഇന്നോളം കഴിയുന്നത്ര തൃപ്തികരമായിത്തന്നെ അദ്ദേഹം ആ ജോലി നിർവ്വഹിച്ചുവരുന്നു. ഇതു മററു രാജ്യങ്ങളുടെ അത്ഭുതത്തിനുതന്നെ വിഷയമായിരിക്കയാണ്.

## അമേരിക്കൻ ജനറലിന്റെ ഉദ്ബോധനം

അമേരിക്കയിലെ സുപ്രസിദ്ധ സൈനികമേധാവിയായിരുന്ന ജനറൽ സ്റ്റോൺവാൾ ജാക്സൺ (1824—1863) "എപ്പോഴും പ്രാർത്ഥിക്കുക" എന്ന ഉപദേശം തന്റെ കീഴുള്ളവർക്കു് പലപ്പോഴും നൽകിയിരുന്നു. എങ്ങനെയാണിതു നിർവ്വഹിക്കേണ്ടതെന്നു അവർ ചോദിച്ചപ്പോൾ അദ്ദേഹം ഇപ്രകാരം അതിനെ വിശദീകരിച്ചു: "ഞാൻ ചെയ്യുന്നതു പറയാം. എല്ലാക്കാര്യത്തോടും പ്രാർത്ഥനയെ സംയോജിപ്പിക്കുന്നതിനുള്ള ഒരു തഴക്കം ഞാൻ വരുത്തിയിട്ടുണ്ടു്. ഒരു ഗ്ലാസു് വെള്ളം കുടിക്കാനെടുക്കുമ്പോൾ ദൈവത്തിന്റെ ആശീസ്സു് ഞാൻ അഭ്യർത്ഥിക്കുന്നു. ഒരു കത്തിനു് മുദ്രവയ്ക്കുകയിൽ ഒരു പ്രാർത്ഥനാവചസ്സും അതോടു ഞാൻ സംഘടിപ്പിക്കാതിരിക്കയില്ല. തപാലിൽ വരുന്ന ഒരു കത്തു ഞാൻ കൈയിലെടുക്കുമ്പോഴൊക്കെയും സ്വർഗ്ഗത്തിലേക്കു് എന്റെ മനസ്സിനെ ഉയർത്തുക പതിവാണ്. പട്ടാളവിഭാഗങ്ങളെ അങ്ങോട്ടും ഇങ്ങോട്ടും മാററുമ്പോഴെല്ലാം അല്പം പ്രാർത്ഥിച്ചിട്ടല്ലാതെ ഞാനതു ചെയ്യാറില്ല." ചിലപ്പോഴെല്ലാം ഇതു മറന്നുപോകയില്ലയോ എന്നു അവർ ചോദിച്ചപ്പോൾ അദ്ദേഹം പറഞ്ഞതു്, "അതു് ഒരഭ്യാസമായിപ്പോയി. അതിനാൽ ഇപ്പോൾ ഒരിക്കലും മറക്കാൻ ഇടയാകുന്നില്ല" എന്നാണ്.

## കൊറിയൻ നാടകത്തിന്റെ വേറൊരു രംഗം

ഫാദർ പാട്രിക് ഒക്കോണർ എന്ന പത്രപ്രതിനിധി കൊറിയയിലെ 'ഇൻഡ്യൻ ഗ്രാമ'ത്തിൽനിന്നു ഇങ്ങനെ എഴുതുന്നു:- "ചൈനാക്കാരും ഉത്തരകൊറിയാക്കാരുമായ കമ്മ്യൂണിസ്റ്റു തടവുകാർ സ്വരാജ്യങ്ങളിലേക്കു മടങ്ങിപ്പോവാൻ വിസമ്മതിക്കുന്നതു് എന്തോ പരപ്രേരണകൊണ്ടായിരിക്കണമെന്നു ഇൻഡ്യൻ സൈന്യനേതാക്കന്മാരും ആദ്യം വിചാരിച്ചുപോയി. കമ്മ്യൂണിസ്റ്റുകാരോടുള്ള വിപ്രതിപത്തിനിമിത്തം സ്വന്തകുടുംബങ്ങളെ വിട്ടുപേക്ഷിച്ചുപോകുവാൻ പരസ്യമനസ്ഥിതി അനുവദിക്കുമോ എന്നായിരുന്നു അവരുടെ വാദഗതി. കമ്മ്യൂണിസ്റ്റുഭരണത്തിന്റെ സ്വാദു് അനുഭവിച്ചറിഞ്ഞിട്ടുള്ളവർ കമ്മ്യൂണിസത്തെ എത്രയധികം വെറുക്കുന്നു എന്നു ഇൻഡ്യൻ നേതൃത്വം യഥാർത്ഥം ഗ്രഹിച്ചിരുന്നില്ലെന്നേ പറയേണ്ടതുള്ളൂ. ഈ ദിവസങ്ങളിലെ നാടകീയരംഗങ്ങൾകൊണ്ടു് അവരുടെ സംശയമെല്ലാം അസ്തപ്രായമായിരിക്കുന്നു. രണ്ടാംദിവസം കമ്മ്യൂണിസ്റ്റുദൂതന്മാർ വിശദീകരണത്തിനു ക്യാമ്പുകളിൽ എത്തിയപ്പോൾ ഞാനും സമീപത്തുണ്ടായിരുന്നു. വിശദീകരണത്തിനു പുറത്തിറങ്ങിച്ചെല്ലുവാൻ വിസമ്മതിച്ചുകൊണ്ടുള്ള തടവുകാരുടെ കൂക്കുവിളികൾ ദുസ്സഹമായിരുന്നു. ഇൻഡ്യൻ ഭടന്മാർ ബലംപ്രയോഗിച്ചു തങ്ങളെ അതിനു പറഞ്ഞയച്ചാൽ തങ്ങൾ ഒന്നടങ്കം എതിർക്കുമെന്നു് അവർ അട്ടഹസിച്ചിരുന്നു. ചില ക്യാമ്പുകളുടെ വാതില്ക്കൽ വിശദീകരണത്തെ പ്രതിഷേധിച്ചുള്ള കുത്തിയിരിപ്പുസത്യാഗ്രഹം നടന്നുകൊണ്ടിരുന്നു. കമ്മ്യൂണിസ്റ്റുകാരുടെ ഉള്ളുകള്ളി ഇതിലധികം തെളിയാനില്ലല്ലോ. അതിനാൽ മേലിൽ വിശദീകരണ ഏർപ്പാടു തന്നെ അവർ വേണ്ടെന്നുവച്ചേക്കാനാണെളുപ്പം......"

## അമേരിക്കയുടെ ഒന്നാമത്തെ കർദ്ദിനാൾ

അമേരിക്കയിൽനിന്നുള്ള പ്രഥമ കർദ്ദിനാളായ ജയിംസു് ഗിബൺസിന്റെ ഒരു പുതിയ ചരിത്രം ഈയിടെ പുറത്തുവന്നിട്ടുണ്ടു്. പ്രസിദ്ധ പണ്ഡിതനും ഗ്രന്ഥകാരനുമായ ഈ വന്ദ്യദേഹം 87-ാമത്തെ വയസ്സിൽ 1921 ലാണു നിര്യാണമടഞ്ഞതു്. തിരുമേനിയുടെ മാതാപിതാക്കന്മാർ അയർലണ്ടിൽനിന്നു അമേരിക്കയിൽ കുടിയേറിപ്പാർത്തിരുന്ന കാലത്തു അദ്ദേഹം അമേരിക്കയിലാണ് ജാതനായതു്. സ്വപ്രയത്നംകൊണ്ടു നല്ലനിലയിലെത്തി കഴിഞ്ഞപ്പോൾ അവർ അയർലണ്ടിലേക്കു മടങ്ങിപ്പോയി. അതിനാൽ ചെറുപ്പത്തിൽ 16 കൊല്ലം അയർലണ്ടിൽത്തന്നെ കഴിച്ചുകൂട്ടാൻ അദ്ദേഹത്തിനു ഭാഗ്യം സിദ്ധിച്ചു. പിതാവു മരിക്കയും, അയർലണ്ടിലെ അവരുടെ ഏർപ്പാടുകൾ നഷ്ടത്തിൽ കലാശിക്കയും ചെയ്കയാൽ അമ്മയും മക്കളും വീണ്ടും അമേരിക്കയെ അഭയംഗമിക്കയാണു ചെയ്തതു്. ബുദ്ധിസാമർത്ഥ്യംകൊണ്ടും സുകൃതസമ്പാദ്യം നിമിത്തവും ജയിംസു് ഒടുവിൽ കർദ്ദിനാൾപദംവരെ എത്തി. "ഫെയ്ത്തു് ഓഫ് ഔവർ ഫാദേഴ്സ്" എന്ന അദ്ദേഹത്തിന്റെ വിശ്രുതകൃതിക്കു മാനസാന്തരവേല നടത്തുന്ന പുസ്തകമെന്നാണു പേരു സിദ്ധിച്ചിരിക്കുന്നതു്. സുമാർഗ്ഗപ്രകാശിക എന്ന പേരിൽ ശ്രീ അന്തപ്പായി മലയാളത്തിലേക്കു് ഇതു ഭാഷാന്തരം ചെയ്തിട്ടുണ്ടു്. പ്രസ്തുതകൃതിമൂലം ഇന്നും ലോകമെങ്ങും അതിന്റെ ജോലി അനുസ്യൂതം തുടർന്നുകൊണ്ടിരിക്കുന്നു.

## അമേരിക്കൻ ക്യാബിനററിൽ വീണ്ടും കത്തോലിക്കൻ

ഐസനോവറുടെ ക്യാബിനററിൽ തൊഴിൽമന്ത്രിയായിരുന്ന മർട്ടിൻ ഡർക്കിൻ ഒരു തമകത്തോലിക്കനായിരുന്നു. അദ്ദേഹം രാജിവച്ച ഒഴിവിൽ അതുപോലുള്ള ഒരു കത്തോലിക്കനായ ജയിംസു് മിച്ചൽ എന്നദ്ദേഹത്തെയാണു പ്രസിഡണ്ടു നിയമിച്ചിരിക്കുന്നതു്. അമേരിക്കൻ ക്യാബിനററിൽ ഇന്നോളം ഉൾപ്പെട്ടിട്ടുള്ള കത്തോലിക്കരിൽ 15-ാമനാണു ഇദ്ദേഹം. ഇതിനകം ഉത്തരവാദിത്വമേറിയ പല ജോലികൾ സ്തുത്യർഹമായി നിർവഹിച്ചിട്ടുള്ള പുതിയ മന്ത്രിക്കു 52 വയസ്സു പ്രായമേയുള്ളു.

---

അൽഫോൺസാമ്മയുടെ സഹായത്താൽ വിചാരിച്ച കാര്യം സാധിച്ചുകൊണ്ടിരിക്കുന്നതിനു് ഉപകാരസ്മരണ. മേലിലും സഹായിക്കുന്നതിനു് അപേക്ഷ.

J. N. RAO,
Agent, 'Sathya Deepam'
Jetty Road, Alleppey

---

*Permissu Ecclesiastico*
Printed & Published by
K. L. Varkey
at the Mar Louis Memorial Press
Ernakulam—1



1 2 3 4 5 6

1. ചൈനീസ് ചെമ്പടയെ കണ്ടയുടനെ ഫാദർ റോബർട്ടു ഗ്രീൻ തന്റെ കത്തിലിരുന്ന തിരുവോസ്തി വീട്ടിലെ ഒരു പെട്ടിക്കകത്തു മറച്ചുവച്ചു. 2. ചെമ്പട അദ്ദേഹത്തെ അറസ്റ്റുചെയ്തുകൊണ്ടുപോയി. എങ്കിലും, നാട്ടുകടത്തപ്പെടുന്നതിനു മുമ്പായി തന്റെ വീടു ഒന്നുകൂടി സന്ദർശിക്കുന്നതിനു് അദ്ദേഹം അനുവദിക്കപ്പെട്ടു. 3. കൂടെയുള്ള കമ്മ്യൂണിസ്റ്റുയോദ്ധാക്കളുടെ തടസ്സം കൂടാതെ എങ്ങനെ താൻ ഒളിച്ചുവച്ചിരിക്കുന്ന തിരുവോസ്തി ഉൾക്കൊള്ളുമെന്നു് ഫാദർ റോബർട്ടു ചിന്തിക്കാൻ തുടങ്ങി. 4. "കത്തോലിക്കരുടെ ഒരു മതകർമ്മം ഞാൻ നിങ്ങളെ ഇപ്പോൾ കാണിച്ചുതരാം." തിരുവോസ്തി അടക്കം ചെയ്തിരുന്ന പെട്ടിയെ സമീപിച്ചു ചെമ്പടത്തലവനോടായി ഫാദർ റോബർട്ടു പറഞ്ഞു. 5. "ഞങ്ങൾ ഈ ഘനംകുറഞ്ഞ അപ്പം ഭക്ഷിക്കുന്നതോടുകൂടി ദൈവം ഞങ്ങളിലേക്കെഴുന്നള്ളിവരുന്നു" എന്നു പറഞ്ഞുകൊണ്ടു അദ്ദേഹം തിരുവോസ്തി തന്റെ നാവിൽവച്ചു. 6. "എന്താണതു്? വേഗം തുപ്പിക്കളയൂ!" പട്ടാളത്തലവൻ ആക്രോശിച്ചു. അപ്പോഴേക്കും തിരുവോസ്തി ഏററം ഭദ്രമായ ഒരു സ്ഥാനത്തെത്തിക്കഴിഞ്ഞിരുന്നു.